വാല്യം 5
ഇഷ്യു 1

ഏപ്രിൽ 2019


# നിയമധ്വനി


കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം






കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം



# നിയമധ്വനി

## പത്രാധിപ സമിതി

*ചീഫ് എഡിറ്റർ*
**ബി. ജി. ഹരീന്ദ്രനാഥ്**
നിയമ സെക്രട്ടറി

*എഡിറ്റർ*
**എൽ. ശോഭാ നായർ**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ*
**ഗ്രാൻസി. റ്റി. എസ്.**
ജോയിന്റ് സെക്രട്ടറി

**സോണിഷ്. കെ.**
സെക്ഷൻ ആഫീസർ

**സഞ്ജയ് കുമാർ. വി. കെ**
ലീഗൽ

**ശ്രീരഞ്ജിത്. എം. സി.**
അസിസ്റ്റന്റ് ലീഗൽ ആഫീസർ

*പുറംതാൾ രൂപകല്പന*
**രൂപകല്പന വിഭാഗം**
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം-2019

*വിലാസം*
നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ*
0471-2517064, 0471-2517066



## പ്രസാധക കുറിപ്പ്

മലയാളിയുടെ മാതൃഭാഷയും ഭരണഭാഷയും മലയാളമാണ്. ഭാഷ ആശയപ്രകടനത്തിനും സാംസ്കാരികോന്നമനത്തിനും വിജ്ഞാന വ്യാപനത്തിനും കലകളുടേയും വിദ്യാഭ്യാസത്തിന്റേയും അഭിവൃദ്ധിയ്ക്കും പരമ്പരാഗത വിശ്വാസങ്ങളുടെ സംരക്ഷണത്തിനും മാത്രമല്ല ആചാരാനുഷ്ഠാനങ്ങളുടെ നിർവഹണത്തിനും എല്ലാമെല്ലാം ഉപയോഗപ്പെടുന്നു. സംസ്ഥാനത്തെ ഭരണഭാഷ മലയാളമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ വിവിധ കർമ്മപദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നതും അതിന്റെ ഭാഗമായി നിയമ വകുപ്പിൽനിന്നും സാധാരണക്കാരന്റെ നിയമ അവബോധത്തിനു ഒരു മുതൽക്കൂട്ടാകാനുതകുന്ന രീതിയിൽ "**നിയമധ്വനി**" എന്ന ഈ ജേർണൽ പ്രസിദ്ധീകരിച്ചു വരുന്നതുമാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്നും വളരെയധികം പ്രോത്സാഹനം ലഭിച്ചുവരുന്ന നിയമധ്വനിയുടെ ഏപ്രിൽ പതിപ്പ് മാന്യവായനക്കാർക്കായി സമർപ്പിച്ചുകൊള്ളുന്നു.

ആശംസകളോടെ,

**ബി. ജി. ഹരീന്ദ്രനാഥ്**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
13-05-2019

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ

1. നന്ദകുമാറും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരും ............... 3
2. വിനോദ് നടേശൻ *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ............................ 10
3. എം. രേവണ്ണ *Vs* പരേതയായ അഞ്ജനാമ്മയെ പ്രതിനിധീകരിച്ച് നിയമാനുസൃത പ്രതിനിധികളും മറ്റുള്ളവരും .............................................. 14
4. മണിയും മറ്റുള്ളവരും *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ..................... 18

### ഹൈക്കോടതി വിധിന്യായങ്ങൾ

1. ശിവൻ കുറുപ്പ്. എൻ. *Vs* കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും മറ്റുള്ളവരും ..................................................................... 27
2. കുഞ്ഞിപ്പിള്ള *Vs* ഹരിദാസും മറ്റുള്ളവരും. ................................................. 36
3. സുബ്രഹ്മണ്യൻ *Vs* വിജയൻ ..................................................................... 40
4. ഇ. അബ്ദുൾ ലത്തീഫ് *Vs* കായംകുളം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ..................................................................................... 45
5. മഹേഷ്. കെ. ആർ. *Vs* തിരുവിതാംകൂർ ദേവസ്വം ബോർഡും മറ്റുള്ളവരും ............................................................................................ 47
6. 1. ദി റീജിയണൽ മാനേജർ, മെസ്സേഴ്സ് ഇൻഡസ്ഇന്റ് ബാങ്ക്, കോർപ്പറേറ്റ് ആഫീസ്-റട്ടേയൽ, നമ്പർ 34, ജി.എൻ. ചെട്ടി റോഡ്, റ്റി. നഗർ, ചെന്നൈ

   2. ദി വൈസ് പ്രസിഡന്റ്, മെസ്സേഴ്സ് ഇൻഡസ്ഇന്റ് ബാങ്ക്, രജിസ്റ്റേർഡ് ആഫീസ്, 2401, എഫ്.ജി.ഇ.എൻ., തിമ്മയ റോഡ് (യീസ്റ്റ് സ്ട്രീറ്റ്), കൺടോൺമെന്റ്, പൂനെ-411 001 *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ......................................................... 51

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. കെ. സിക്രി

&

ബഹു. ജസ്റ്റിസ് അശോക് ഭൂഷൺ

ക്രിമിനൽ അപ്പീൽ നമ്പർ 597/2018

[2017-ലെ പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നമ്പർ 4488-ൽ നിന്നും ഉത്ഭവിച്ചത്]

നന്ദകുമാറും മറ്റുള്ളവരും

*Vs*

സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരും

2018 ഏപ്രിൽ 24-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് 1-ാം അപ്പീൽവാദിയ്ക്കും തുഷാരയ്ക്കും പ്രായപൂർത്തി ആയിട്ടുണ്ടോ എന്നതാണ് ഇവിടത്തെ പരിഗണനാവിഷയം. അവർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് (ആയതു തന്നെയാണ് തർക്കം) പ്രാപ്തരല്ലെങ്കിൽപോലും വിവാഹേതര ബന്ധത്തിൽ പോലും അവർക്ക് ഒരുമിച്ച് ജീവിക്കാനുള്ള അവകാശമുണ്ട്. ബന്ധുത്വത്തിൽ താമസിക്കുന്നത് ഇപ്പോൾ നിയമസഭ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്.**

### വിധിന്യായം

### ജസ്റ്റിസ് എ. കെ. സിക്രി

1. അനുമതി അനുവദിച്ചു.

2. നിലവിലെ അപ്പീലിലേയ്ക്ക് നയിക്കുന്ന ചുരുക്കത്തിലുള്ള വസ്തുതകൾ 1-ാം അപ്പീൽവാദി മിസ് തുഷാരയെ വിവാഹം കഴിച്ചതാണ്. അപ്പീൽവാദി പറയുന്നതനുസരിച്ച്, 12-4-2017-ൽ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് ഭഗവതി ക്ഷേത്രത്തിൽ വച്ച് ഈ വിവാഹം നടന്നു. തുഷാരയെ സംബന്ധിച്ചിടത്തോളം, വിവാഹദിവസം 19 വയസ്സ് പൂർത്തിയായതായി അംഗീകരിക്കപ്പെട്ടതും, ആയതിനാൽ വിവാഹബന്ധത്തിൽ ഏർപ്പെടാൻ പ്രാപ്തയുമാണ്. ആ വിവാഹത്തിനുശേഷം അവൾ 1-ാം അപ്പീൽവാദിയോടൊപ്പം അയാളുടെ ഭാര്യയായി ജീവിതം ആരംഭിച്ചതായി കാണുന്നു.

3. 4-ാം എതിർകക്ഷി തുഷാരയുടെ പിതാവാണ്. അയാൾ 10-4-2017 മുതൽ അയാളുടെ മകൾ തുഷാരയെ കാണാനില്ലെന്നു ആരോപിച്ചുകൊണ്ട് കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ (ക്രിമിനൽ) നമ്പർ 149/2017 (എസ്സ്) ആയി ഹേബിയസ് കോർപ്പസ് ഹർജി ഫയൽ ചെയ്തു. തുഷാര 1-ാം നമ്പർ അപ്പീൽവാദിയുടെ അനധികൃത കസ്റ്റഡിയിൽ ആയിരുന്നുവെന്നും അയാൾ പ്രസ്തുത പരാതിയിൽ ബോധിപ്പിച്ചു. വാസ്തവത്തിൽ, 4-ാം എതിർകക്ഷി അയാളുടെ മകളെ കാണാതായതു സംബന്ധിച്ച് 10-4-2017-ൽ പ്രഥമ വിവര റിപ്പോർട്ട് നൽകി.

ഈ വസ്തുത റിട്ട് ഹർജിയിൽ പറഞ്ഞുകൊണ്ട്, പ്രസ്തുത പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിരുന്നെങ്കിലും ഈ സംഗതിയിൽ ഫലപ്രദമായ യാതൊരു അന്വേഷണവും നടത്തിയില്ലെന്നു അയാൾ ആരോപിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അയാളുടെ മകളെ ഹൈക്കോടതിയിൽ ഹാജരാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കാനായിരുന്നു ഹർജിയിലെ അപേക്ഷ. 25-4-2017-ൽ ഈ റിട്ട് ഹർജി ഫയലിൽ സ്വീകരിക്കുകയും ഇവിടത്തെ അപ്പീൽവാദികൾക്ക് പ്രത്യേക ദൂതൻ മുഖാന്തിരം നോട്ടീസ് അയയ്ക്കുകയും ചെയ്തു. അന്നേദിവസം, ഹൈക്കോടതി 4-ാം എതിർകക്ഷിയുടെ മകളെ കണ്ടെത്തി കോടതിയിൽ ഹാജരാക്കുന്നതിന് കൂടി 1 മുതൽ 3 വരെ എതിർകക്ഷികളെ നിർദ്ദേശിച്ചു. 28-4-2017-ൽ, റിട്ട് ഹർജി പരിഗണിക്കുമ്പോൾ 4-ാം എതിർകക്ഷിയും അയാളുടെ ഭാര്യയും ഹാജരായിരുന്നു. അപ്പീൽവാദികളും ഹാജരായിരുന്നു. വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ, സബ്-ഇൻസ്പെക്ടർ തടവുകാരിയെ കോടതിയിൽ ഹാജരാക്കി. ഹൈക്കോടതി, തുഷാര ഉൾപ്പെടെയുള്ള കക്ഷികളുമായി ചർച്ച നടത്തി.

4. മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ, തുഷാരയെ സംബന്ധിച്ചിടത്തോളം, അവൾക്ക് 19 വയസ്സായിട്ടുള്ളതിനാലും സ്ത്രീകളുടെ വിവാഹപ്രായം 18 വയസ്സായതിനാലും വിവാഹം കഴിക്കാൻ അവൾ പ്രാപ്തയാണ്. എന്നിരുന്നാലും, ഇവിടത്തെ അപ്പീൽവാദിയുടെ പ്രായത്തെ സംബന്ധിച്ച് തർക്കമുയർന്നു. 1-ാം നമ്പർ അപ്പീൽവാദിയുടെ പ്രായം 21 വയസ്സിൽ താഴെയാണെന്നും ആയതിനാൽ, അയാൾക്ക് വിവാഹപ്രായമായിട്ടില്ലെന്നും ആയിരുന്നു 4-ാം എതിർകക്ഷിയുടെ തർക്കം. ഈ വസ്തുത തിട്ടപ്പെടുത്തുതിനായി 1-ാം അപ്പീൽവാദിയോട് അയാളുടെ ജനനത്തീയതി അറിയിക്കുവാൻ ഹൈക്കോടതി ആവശ്യപ്പെട്ടു. അയാളുടെ ജനനത്തീയതി 30-5-1997 ആണെന്നു അയാൾ പ്രസ്താവിക്കുകയും, അതിനെ ബലപ്പെടുത്തുന്നതിനായി ലൈസൻസിംഗ് അധികാരികൾ നൽകിയ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കുകയും ചെയ്തു. ആയതിനെ 1-ാം നമ്പർ അപ്പീൽവാദിയുടെ ജനനത്തീയതി ആയി കണക്കാക്കിക്കൊണ്ട്, അയാൾക്ക് 30-5-2018-ൽ മാത്രമെ 21 വയസ്സ് പൂർത്തിയാകുകയുള്ളു എന്ന് ഹൈക്കോടതി കണ്ടെത്തി. അക്കാരണത്താൽ, 12-4-2017-ൽ 1-ാം നമ്പർ അപ്പീൽവാദിയും തുഷാരയും തമ്മിലുള്ള വിവാഹം നടക്കുമ്പോൾ 1-ാം നമ്പർ അപ്പീൽവാദിക്ക് വിവാഹപ്രായം ആയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ, 4-ാം എതിർകക്ഷിയുടെ മകൾ 1-ാം നമ്പർ അപ്പീൽവാദിയുടെ നിയമാനുസൃതം വിവാഹം കഴിച്ച ഭാര്യയല്ലെന്ന നിഗമനത്തിൽ ഹൈക്കോടതി എത്തിച്ചേർന്നു. ഹൈക്കോടതിയിൽ ഹാജരാക്കിയിരിക്കുന്ന വിവാഹ ഫോട്ടോകൾക്ക് പുറമെ കക്ഷികൾ തമ്മിൽ ഒരു സാധുവായ വിവാഹം നടന്നിട്ടുള്ളതായി കാണിക്കുന്നതിന് യാതൊരു തെളിവുമില്ലായെന്നും കൂടാതെ, 2008-ലെ കേരളാ വിവാഹങ്ങൾ രജിസ്ട്രേഷൻ (സാധാരണ) ചട്ടങ്ങളിൻ കീഴിൽ തദ്ദേശ അധികാരികൾ നൽകുന്ന ഒരു സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ലെന്നു കൂടിയും ഹൈക്കോടതി പരാമർശിച്ചു. ഈ വസ്തുതകളാൽ, ഇവിടത്തെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ അടങ്ങുന്ന താഴെപ്പറയുന്ന നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാകുന്നതുപോലെ തുഷാരയെ, ഇവിടത്തെ 4-ാം എതിർകക്ഷിയായ അവളുടെ പിതാവിനെ ഏൽപ്പിച്ചുകൊണ്ട് ഹൈക്കോടതി റിട്ട് ഹർജി അനുവദിച്ചു.

"ഞങ്ങൾ അതിനനുസൃതമായി പരാതിക്കാരന്റെ മകളായ തുഷാരയുടെ സംരക്ഷണം പരാതിക്കാരനു ഏൽപ്പിച്ചുകൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു. വട്ടിയൂർക്കാവ് സബ്-ഇൻസ്പെക്ടർ ഓഫ് പോലീസ് അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തുള്ള അവരുടെ വീട്ടിലേക്ക് അവരെ അനുഗമിക്കേണ്ടതാണ്."

5. മേൽപ്പറഞ്ഞ ഉത്തരവിനെ എതിർത്തുകൊണ്ട് സമർപ്പിച്ചതാണ് നിലവിലെ അപ്പീൽ.

6. എതിർകക്ഷികൾക്ക് നോട്ടീസ് നൽകി. 1-ാം എതിർകക്ഷി/സ്റ്റേറ്റ് ഓഫ് കേരള അതേപോലെ 2 മുതൽ 3 വരെ ഔദ്യോഗിക എതിർകക്ഷികൾ, അതായത് സൂപ്രണ്ട് ഓഫ് പോലീസും, സബ്-ഇൻസ്പെക്ടർ ഓഫ് പോലീസും സംസ്ഥാനത്തിനു വേണ്ടിയുള്ള കൗൺസിൽ മുഖേന ഹാജരായി. നോട്ടീസ് നൽകിയിരുന്നിട്ടും 4-ാം എതിർകക്ഷിക്കുവേണ്ടി ആരും ഹാജരായില്ല. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഞങ്ങൾ അപ്പീൽവാദിക്കുവേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും അതേപോലെ സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും കേട്ടു.

7. വിവാഹത്തിന്റെ സാധുതയിലേക്ക് പോയിക്കൊണ്ട് നിയമത്തിൽ അനുവദനീയമല്ലാത്ത ഒരു സമീപനം ഹൈക്കോടതി സ്വീകരിച്ചതായി അപ്പീൽവാദികൾക്കുവേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു. തുഷാരയ്ക്ക് പ്രായപൂർത്തി ആയിട്ടുള്ളതിനാൽ അതായത് 18 വയസ്സിൽ കൂടുതൽ, അവൾ ആഗ്രഹിക്കുന്ന എവിടെയും അവൾക്ക് ജീവിക്കാനും അവളുടെ ഇഷ്ടാനുസരണം പോകുന്നതിനും അവൾക്ക് അവകാശമുണ്ടെന്നും ബോധിപ്പിച്ചു. അവൾ 4-ാം എതിർകക്ഷിയുടെ ഒരു പ്രായപൂർത്തിയല്ലാത്ത മകൾ അല്ലാത്തതിനാൽ അവളുടെ "സംരക്ഷണം" അയാളെ എൽപ്പിക്കുവാൻ സാധിക്കുകയില്ല.

8. അപ്പീൽവാദികളുടെ വിദ്വാനായ അഭിഭാഷകന്റെ വാദം ശരിയാണ്. സംസ്ഥാനത്തിനുവേണ്ടിയുള്ള അഭിഭാഷകൻ പോലും മേൽപ്പറഞ്ഞ നിയമത്തിൽ തർക്കിക്കാത്തതും കൂടാതെ, സത്യത്തിൽ അപ്പീൽവാദികളുടെ വിദ്വാനായ അഭിഭാഷകന്റെ വാദം പിന്താങ്ങുകയും ചെയ്തു. 1-ാം നമ്പർ അപ്പീൽവാദിയും (വിവാഹ ദിവസം അയാൾക്ക് 21 വയസ്സിൽ കുറവായിരുന്നതും വിവാഹ പ്രായം എത്തിയിട്ടില്ലാത്തതും) തുഷാരയുമായുള്ള വിവാഹത്തെ സംബന്ധിച്ചിടത്തോളം 1-ാം നമ്പർ അപ്പീൽവാദിയ്ക്ക് 21 വയസ്സിൽ കുറവായിരുന്നതിനാൽ മാത്രം കക്ഷികൾ തമ്മിലുള്ള വിവാഹം നിയമപരമായി നിലനിൽക്കുന്നതല്ലെന്നു പറയുവാൻ കഴിയുകയില്ല. 1-ാം നമ്പർ അപ്പീൽവാദിയും അതുപോലെ തുഷാരയും ഹിന്ദുക്കളാണ്. അത്തരത്തിലുള്ള ഒരു വിവാഹം 1955-ലെ ഹിന്ദു വിവാഹ ആക്റ്റ് പ്രകാരം ഒരു അസാധുവായ വിവാഹമല്ലാത്തതും, 12-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ആയത് അപ്രകാരമുള്ള ഒരു കേസിൽ ശ്രദ്ധയാകർഷിക്കുന്നതും തീർച്ചയായും ആ വിവാഹം സാധുവല്ലെന്ന് വിധിയുണ്ടാകുംവരെ സാധുവായി പരിഗണിക്കപ്പെടുന്ന ഒന്നാകുന്നതുമാണ്.

9. ഹിന്ദു വിവാഹ ആക്റ്റിലെ 5-ാം വകുപ്പും 12-ാം വകുപ്പും ഈ സ്ഥിതി വ്യക്തമാക്കുന്നതും ആയത് താഴെ പുനരാവിഷ്ക്കരിക്കുകയും ചെയ്യുന്നു:-

"5. ഒരു ഹിന്ദു വിവാഹത്തിനു വേണ്ട ഉപാധികൾ.-താഴെപ്പറയുന്ന ഉപാധികൾ നിറവേറ്റുന്നുവെങ്കിൽ ഏതെങ്കിലും രണ്ടു ഹിന്ദുക്കൾ തമ്മിൽ വിവാഹം ആഘോഷിക്കാവുന്നതാണ്, അതായത്:-

XXX XXX XXX

(iii) വിവാഹ സമയത്ത് വരന് ഇരുപത്തിഒന്ന് വയസ്സും വധുവിനു പതിനെട്ട് വയസ്സും പൂർത്തിയായിരിക്കണം."

12. ശൂന്യമാക്കാവുന്ന വിവാഹങ്ങൾ.—(1) ഏതെങ്കിലും വിവാഹം, ആ വിവാഹം ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആഘോഷിച്ചതായാലും താഴെപ്പറയുന്ന ഏതെങ്കിലും കാരണത്തിന്മേൽ:-

(ക) എതിർകക്ഷി, വിവാഹസമയത്ത് ലൈംഗികസംഗത്തിൽ അശക്തനായിരുന്നുവെന്നും നടപടിയുടെ ആരംഭംവരെ അപ്രകാരം തുടർന്നിരുന്നുവെന്നും; അല്ലെങ്കിൽ

(ഖ) വിവാഹം 5-ാം വകുപ്പിലെ (ii)-ാം ഖണ്ഡത്തിൽ നിർദ്ദിഷ്ടമായ ഉപാധിയ്ക്ക് വിരുദ്ധമായിട്ടുള്ളതാണെന്ന്; അല്ലെങ്കിൽ

(ഗ) ഹർജി കൊടുത്ത ആളുടെ സമ്മതമോ അല്ലെങ്കിൽ ഹർജി കൊടുത്ത ആളിന്റെ വിവാഹം, രക്ഷാകർത്താവിന്റെ സമ്മതം 5-ാം വകുപ്പിന്റെ കീഴിൽ ആവശ്യമാണെങ്കിൽ, 1978-ലെ ശിശുവിവാഹ തടസ്സ (ഭേദഗതി) ആക്റ്റിന്റെ (1978-ലെ 2) പ്രാരംഭത്തിനു തൊട്ടുമുമ്പ് അത് നിലനിന്നിരുന്നപോലെ അങ്ങനെയുള്ള രക്ഷാകർത്താവിന്റെ സമ്മതം ബലപ്രയോഗത്താലോ ചടങ്ങിന്റെ രീതിയോ എതിർകക്ഷിയോ സംബന്ധിക്കുന്ന ഏതെങ്കിലും അടിസ്ഥാന വസ്തുതയാലോ സാഹചര്യത്താലോ ഉള്ള വഞ്ചനയാലോ നേടിയിട്ടുള്ളതാണെന്ന്; അല്ലെങ്കിൽ

(ഘ) വിവാഹസമയത്ത് എതിർകക്ഷി ഹർജി കൊടുത്ത ആളിൽ നിന്നല്ലാതെ മറ്റേതെങ്കിലും ആളിൽ നിന്നും ഗർഭം ധരിച്ചിട്ടുണ്ടെന്നുള്ള കാരണത്താൽ ശൂന്യമാക്കാവുന്ന ഒന്നാകുന്നതും അത് വിവാഹം അസാധുവാക്കുന്ന ഒരു വിധിയാൽ അസാധുവാകാവുന്നതുമാണ്.

10. ഈ സംഗതിയുടെ വിശദാംശത്തിലേക്ക് ഞങ്ങൾക്ക് പോകേണ്ട ആവശ്യമില്ല. ഞങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി, 1-ാം അപ്പീൽവാദിയും, തുഷാരയും ഇരുവരും പ്രായപൂർത്തിയായിട്ടുണ്ടോ എന്നതു പര്യാപ്തമാകും. അവർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് (ആയതു തന്നെയാണ് തർക്കം) പ്രാപ്തരല്ലെങ്കിൽപോലും, വിവാഹേതര ബന്ധത്തിൽ പോലും അവർക്ക് ഒരുമിച്ചു ജീവിക്കാനുള്ള അവകാശമുണ്ട്. ബന്ധുത്വത്തിൽ താമസിക്കുന്നത് ഇപ്പോൾ നിയമസഭ തന്നെ അംഗീകരിച്ചിട്ടുള്ളതും ആയത് 2005-ലെ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന ഗാർഹിക പീഡനം സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണെന്ന് പ്രതിപാദിക്കാതിരിക്കാൻ കഴിയുകയില്ല.

11. ഈ കോടതി 'ഷഫിൻജഹാൻ vs കെ.എം.അശോകനും മറ്റുള്ളവരും' മനു/എസ്സ്‌സി/0340/2018 എന്ന കേസിൽ പുറപ്പെടുവിച്ച സമീപകാലത്തെ ഒരു വിധിന്യായത്തിൽ, ഹേബിയസ് കോർപ്പസ് റിട്ടുമായി ബന്ധപ്പെട്ട നിയമം പ്രസ്താവിച്ച ശേഷം ഈ റിട്ട് ഒരു മഹത്തായ ഭരണഘടനാപരമായ വിശേഷാധികാരം അഥവാ "സിവിൽ സ്വാതന്ത്ര്യത്തിന്റെ പ്രഥമ സുരക്ഷ" പോലെ പരിഗണിക്കുന്നു. കോടതി താഴെപ്പറയുന്ന പ്രസക്തമായ നിരീക്ഷണങ്ങൾ നടത്തി:-

"28. അങ്ങനെ, നിയമാനുസൃതമല്ലാതെ യാതൊരാളുടേയും അവന്റെയോ അവളുടെയോ സ്വാതന്ത്ര്യം ഇല്ലാതാക്കുകയില്ല എന്നു ഉറപ്പുവരുത്തുന്നതാണ് പ്രസ്തുത റിട്ടിന്റെ പ്രധാന ഉദ്ദേശം. പ്രസ്തുത അവകാശം ഏതു രീതിയിൽ ആയിരുന്നാലും കളങ്കപ്പെടുത്തില്ലെന്നു ഉറപ്പുവരുത്തേണ്ടതു സംസ്ഥാനത്തിന്റെ പ്രഥമകർത്തവ്യവും അതിന്റെ പവിത്രതയെ ഏതു തരത്തിലുള്ള കാപട്യത്തിലൂടെയും ബാധിക്കാതിരിക്കേണ്ടതാണ്. കോടതിയ്ക്ക്, അതിന്റെ

മുമ്പിൽ തടവുകാരനെ ഹാജരാക്കിയതായും അവളുടെ അല്ലെങ്കിൽ അവന്റെ വരണ സ്വാതന്ത്ര്യത്തെക്കുറിച്ച് കണ്ടെത്തുകയും അന്യായതടങ്കലിൽ നിന്നും അയാളെ മോചിപ്പിച്ചുവെന്നും ഉറപ്പു വരുത്തേണ്ട ചുമതലയുണ്ട്. തടങ്കൽ നിയമവിരുദ്ധ മല്ലാത്തപ്പോൾ തർക്കവിഷയം വ്യത്യസ്തമായ ഒന്നാകും. മൗലികമായത് എന്തെന്നാൽ, സ്വാതന്ത്ര്യഗീതം ആത്മാർത്ഥതയോടെ പാടി എന്ന് ഓർക്കേണ്ടതും ഒരു വ്യക്തിയുടെ പ്രഥമഗണനയെ ഉചിതമായി ബഹുമാനി ച്ചിട്ടുണ്ടെന്നും ഭരണഘടന ഉറപ്പാക്കുന്നതു പോലെ അതിന്റെ മഹനീയ പദവി നൽകിയിട്ടുണ്ടെന്നതുമാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് സാദ്ധ്യമായ ഏതെങ്കിലും നിയമ ചട്ടക്കൂടിനെ ലംഘിക്കാത്തപക്ഷം അപ്രകാരമുള്ള ആശയപ്രകാരം ഭരണഘടന യുടെ 19-ഉം 21-ഉം അനുച്ഛേദങ്ങൾക്കു കീഴിലെ ഒരു മൗലികാവകാശമാണ്. ഒരിക്കൽ ആ വസ്തുത വ്യക്തമാകുന്നപക്ഷം, അന്വേഷണവും തീരുമാനവും അവസാന ത്തിലെത്തും.

29. നിലവിലെ കേസിൽ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ സൂചിപ്പിച്ചി ട്ടുള്ളതുപോലെ അതിന്റെ മുമ്പാകെ ചിത്രീകരിക്കപ്പെട്ടിട്ടുള്ള ചില തരത്തിലുള്ള സാമൂഹ്യ പ്രതിഭാസങ്ങളാൽ തെറ്റായി ഹൈക്കോടതി നയിക്കപ്പെട്ടപോലെ പ്രകടമാകുന്നു. ഇവിടത്തെ അപ്പീൽവാദിയു മായും 9-ാം എതിർകക്ഷിയുമായുള്ള വിവാഹ ത്തിൽ റിട്ട് കോടതി നീരസം പ്രകടിപ്പിച്ചു, ഇത് അസ്വസ്ഥമായി അനുഭവപ്പെട്ടു. നമ്മൾ കാണുന്നതുപോലെ നീരസപ്പെടേണ്ടതായ യാതൊന്നും തന്നെ അവിടെയില്ല. പ്രാരംഭ ത്തിൽ, ഹാദിയ അവളുടെ പിതാവിന്റെ കൂടെ പോകുവാൻ വിസമ്മതിക്കുകയും, 7-ാം എതിർകക്ഷിയോടൊപ്പം താമസിക്കുവാനുള്ള അവളുടെ ആഗ്രഹം ഹൈക്കോടതി മുമ്പാകെ പ്രകടിപ്പിക്കുകയും, ആദ്യ റിട്ടിൽ അപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പിതാവിന്റെ നിർബന്ധബുദ്ധിയോടുള്ള മനോഭാവം, ഒരുപക്ഷേ അമിതമായ പിതൃസ്നേഹത്തിന്റെ പ്രേരണയാൽ മറ്റൊരു ഹേബിയസ് കോർപ്പസ് ഹർജിയിലൂടെ ഹൈക്കോടതിയുടെ വാതിലിൽ മുട്ടാൻ അയാളെ നിർബന്ധിക്കുകയും അതിനു ശേഷം, ഹൈക്കോടതി ഹാദിയ ഹാജരാകാൻ നിർദ്ദേശിക്കുകയും ഹൈക്കോടതി ഒരു അപരിചിതൻ എന്നും വിളിയ്ക്കുന്ന ഇവിടത്തെ അപ്പീൽവാദിയോടൊപ്പം പറഞ്ഞ തീയതിയിൽ ഹാജരാകുകയും ചെയ്തു. എന്നാൽ ഹാദിയ അയാളുമായി വിവാഹ ത്തിലേർപ്പെട്ടതായി പറയുവാൻ അവളെ നിർബന്ധിച്ചിട്ടുണ്ടാകും. അവൾ 7-ാം എതിർകക്ഷിയോടൊപ്പം ഹൈക്കോടതി മുമ്പാകെ പോയി എന്നുള്ളതു ശരിയാണ്. എന്നാൽ അവൾ പ്രായപൂർത്തിയായെന്നും, ഒരു വൈവാഹികബന്ധത്തിൽ ഏർപ്പെടാൻ കഴിയുകയില്ലെന്നും അതുകൊണ്ട് അർത്ഥ മാകാത്തതും, അത് ഒരിക്കലും അർത്ഥമാക്കി യിട്ടില്ലാത്തതുമാണ്. എന്നാൽ ഹൈക്കോടതി, പിതൃസ്നേഹത്തിനോ ബന്ധത്തിനോ അവൾ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന ഒരു പ്രായപൂർത്തിയായുള്ള ആളെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്റെ അവകാശത്തിനെ നീതീകരിക്കാനാവാതെ ഒഴിവാക്കിയത് അനുവദിക്കുവാൻ കഴിയുക യില്ല. അങ്ങനെയാണ് തെറ്റ് കടന്നുകൂടി യിട്ടുള്ളത്. ഹൈക്കോടതി അവളുടെ വരണസ്വാതന്ത്ര്യത്തെപ്പറ്റി ഒരു സംവാദം നടത്തിയതിനുശേഷം അവൾ ആഗ്രഹിക്കു ന്നിടത്ത് അവൾക്ക് പോകുവാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് നിർദ്ദേശിക്കുക യായിരുന്നു."

12. ഒരു മുതിർന്ന വ്യക്തിയ്ക്ക് വരണ സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ

പ്രാധാന്യത്തിനു ഒരു മുതിർന്ന വ്യക്തിയ്ക്ക് ഭരണഘടന നൽകുന്ന അംഗീകാരത്തിനു കൂടി കോടതി ഊന്നൽ നൽകുകയുണ്ടാകുകയും അതിൻകീഴിൽ:

"54. നിയമാനുസൃതമായി വരണ സ്വാതന്ത്ര്യത്തിന്റെ പ്രകടിപ്പിക്കൽ വ്യക്തിഗത സ്വാതന്ത്ര്യത്തിന്റെ സ്വീകാര്യതയാണെന്നു പറയേണ്ടതു ആവശ്യമാണ്. ആ പ്രകടനത്തിന്റെ വെട്ടിച്ചുരുക്കലും ധാരണാപരമായ ഘടനയുടെ ആദരവിൽ നിന്നും ഉത്ഭവിക്കുന്ന അന്തിമമായ പ്രവർത്തിയും ഒരു വ്യക്തിയുടെ വ്യക്തി സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നു. സാമൂഹ്യ മൂല്യങ്ങൾക്കും ആചാരങ്ങൾക്കും അവരുടേതായ ഇടമുണ്ടാകും, എന്നാൽ അവ ഭരണഘടനാപരമായി ഉറപ്പാക്കിയിട്ടുള്ള സ്വാതന്ത്ര്യത്തിനു മുകളിലല്ല. പ്രസ്തുത സ്വാതന്ത്ര്യം ഭരണഘടനാപരവും ഒരു മനുഷ്യാവകാശവുമാണ്. വിശ്വാസത്തിന്റെ അപേക്ഷയാൽ വരണ സ്വാതന്ത്ര്യത്തിൽ വേരൂന്നിയ ആ സ്വാതന്ത്ര്യത്തിന്റെ ലംഘനം അനുവദനീയമല്ല. ഒരു വ്യക്തിയുടെ വിശ്വാസം അവന്റെ/അവളുടെ അർത്ഥപൂർണ്ണമായ നിലനിൽപ്പിനു മുഖ്യമാണ്. അവന്റെ/അവളുടെ സ്വയംഭരണാവകാശത്തിനു വിശ്വാസസ്വാതന്ത്ര്യം അത്യന്താപേക്ഷിതമാകുന്നതും ഭരണഘടനയുടെ കാതലായ തത്വങ്ങളെ ഇത് ബലപ്പെടുത്തുകയും ചെയ്യുന്നു. ഒരു വിശ്വാസം തിരഞ്ഞെടുക്കുന്നതു വ്യക്തിത്വത്തിനു കുറവുണ്ടാക്കുന്നതും അതിനെ ഇല്ലാതാക്കുന്നതുമാണ് തിരഞ്ഞെടുക്കലിന്റെ അവകാശം ഒരു നിഴലാക്കിത്തീർക്കുകയും ചെയ്യുന്നു. അവകാശം നൽകുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം അവകാശത്തിന്റെ സാക്ഷാൽക്കാരത്തിനാണെന്നു ഓർക്കേണ്ടതാണ്. അത്തരം സാക്ഷാൽക്കാരം ഏതു തരത്തിലുള്ള സാമൂഹ്യ ദുഷ്പേരിനേയും തീർച്ചയായും പുറത്താക്കുന്നതും കുടുംബാധിപത്യ മേധാവിത്വത്തെ അകറ്റി നിർത്തുന്നതുമാണ്. ഇത് അപ്രകാരമായത് വ്യക്തിഗത വിശ്വാസവും തിരഞ്ഞെടുപ്പിന്റെ ആവിഷ്കരണവും അവകാശ സാഫല്യത്തിനുവേണ്ട അടിസ്ഥാനമായതുകൊണ്ടാണ്. അങ്ങനെ, ഞങ്ങൾ ഇതിനെ അത്യന്താപേക്ഷിതമായി പ്രാഥമിക ഉപാധി എന്നു വിളിയ്ക്കാൻ ആഗ്രഹിക്കുന്നു.

55. അവളുടെ വരണസ്വാതന്ത്ര്യത്തിന്റെ അസ്വീകാര്യത, മൗലികാവകാശങ്ങളുടെ സംരക്ഷകർ എന്നു കരുതുന്ന ഒരു ഭരണഘടന കോടതിയാൽ ഭരണഘടനാവകാശത്തിന്റെ അസ്വസ്ഥത സൃഷ്ടിക്കുന്നതായി കേവലം അർത്ഥമാക്കും. അത്തരത്തിലെ ഒരു സാഹചര്യം വിദൂരമായിപ്പോലും സങ്കല്പിക്കാൻ കഴിയില്ല. കോടതിയുടെ കർത്തവ്യം അവകാശങ്ങൾ ഉയർത്തി കാട്ടുകയും സാധുവായ നിയമപ്രകാരമുള്ള ഒരു അധികാരമില്ലാതെ അവകാശത്തിന്റെ പരിധി കുറയ്ക്കുന്നതല്ലാത്തതുമാണ്. നിയമാനുസൃത അനുമതി ഇല്ലാത്ത സ്വാതന്ത്ര്യത്തിന്റെ മാഹാത്മ്യം ഒരു വ്യക്തിയെ അവളുടെ/അവന്റെ ലിപിയിൽ എഴുതാൻ അനുവദിക്കുന്നു. വ്യക്തിമുദ്രയാണ് വിശ്വാസത്തിന്റെ അധികാരമുദ്ര.

13. പ്രസ്തുത കേസിൽ ഡോക്ടർ ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് പുറപ്പെടുവിച്ച ഇതുമായി യോജിക്കുന്ന വിധിന്യായത്തിൽ നിന്നും താഴെപ്പറയുന്ന വാദം ഞങ്ങൾ വീണ്ടും പുനരാവിഷ്കരിക്കുന്നു:

"81. സോണി ഗെറി Vs ഗെറി ഡഗ്ലസിൽ ഒരു മൂന്നംഗ ബഞ്ചിന്റെ വളരെ സമീപകാലത്തെ ഒരു തീരുമാനത്തിൽ, അപ്പീൽവാദിയുടെയും എതിർകക്ഷിയുടേയും പ്രായപൂർത്തിയായ മകൾ അവൾ വിദ്യാഭ്യാസം തുടർന്നിരുന്ന കുവൈറ്റിൽ അവളുടെ അച്ഛനോടൊപ്പം താമസിക്കുന്നതിന്

ആഗ്രഹം പ്രകടിപ്പിച്ച ഒരു കേസ് ഈ കോടതി കൈകാര്യം ചെയ്തു. ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു:

"9. അവൾ, യാതൊരു മടിയും കൂടാതെ അവളുടെ ജീവിതചര്യ തുടരുന്നതിന് കുവൈറ്റിലേക്ക് മടങ്ങിപ്പോകുന്നതിന് അവൾ ഉദ്ദേശിക്കുന്നതായി വ്യക്തമായി പറഞ്ഞു. അത്തരമൊരു സാഹചര്യത്തിൽ, അവൾ പ്രായപൂർത്തിയായതിനാൽ, അവളുടെ താല്പര്യവും, സ്വാതന്ത്ര്യവും പൂർത്തീകരിക്കുന്നതിന് അവൾക്ക് അർഹതയുള്ളതും അവളുടെ അച്ഛനാൽ അവൾ നിർബന്ധിതയായോ ഇല്ലയോ എന്ന വസ്തുതയിലേക്ക് കടക്കുവാൻ കോടതിയ്ക്ക് കഴിയുകയുമില്ല എന്നതാണ് ഞങ്ങളുടെ പരിഗണിതാഭിപ്രായം. അവളുടെ അച്ഛനോടൊപ്പം കുവൈറ്റിലേക്ക് മടങ്ങിപ്പോകുന്നതിന് അവളുടെ ഭാഗത്ത് പര്യാപ്തമായ കാരണങ്ങളുണ്ടാകാം, എന്നാൽ അവളുടെ കാരണങ്ങളിൽ ഞങ്ങൾക്ക് ഉത്ക്കണ്ഠയില്ല. കോടതി മുമ്പാകെ അവൾ എന്താണോ പറഞ്ഞത് ആ വസ്തുതകൾ മാത്രമാകുന്നതും, ആയത് ഈ കോടതിയുടെ വിചിന്തനത്തിന്റെ കാതലാകുന്നതും അത് എല്ലാ വിവാദങ്ങളേയും അകറ്റി നിർത്തുകയും ചെയ്യുന്നു.

10. ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രായപൂർത്തി കൈവരിക്കുന്നതിന് അതിന്റേതായ മഹത്വമുണ്ടെന്നത് പ്രത്യേകം എടുത്തു പറയേണ്ട ആവശ്യകതയില്ല. അവൾക്കോ/അവനോ അവളുടെയോ/അവന്റെയോ താല്പര്യം പ്രകടിപ്പിക്കുന്നതിന് അർഹതയുണ്ട്. താല്പര്യം നിലനിൽക്കുന്നിടത്തോളം കോടതിയ്ക്ക് രക്ഷാകർത്താവിന്റെ കടമ ഏറ്റെടുക്കാൻ കഴിയില്ല. നിയമം അനുവദിക്കുന്നതുപോലെ അവളുടെ സ്വാതന്ത്ര്യം ആസ്വദിക്കുവാൻ മകൾക്ക് അർഹതയുള്ളതും മാതാവിന്റെ ഏതെങ്കിലും തരത്തിലുള്ള മനോവികാരത്തെയോ പിതാവിന്റെ അഹംഭാവത്തേയോ മാറ്റിനിർത്തിക്കൊണ്ട് ഒരു ഉത്തമ രക്ഷാകർത്താവിന്റെ കടമ കോടതി ഏറ്റെടുത്തില്ല. യാതൊരു വിമുഖതയുമില്ലാതെ ഞങ്ങൾ അപ്രകാരം പറയുന്നു."

14. തുഷാരയെ സംബന്ധിച്ചിടത്തോളം അവൾ 1-ാം അപ്പീൽവാദിയോടൊപ്പമാകുന്നതിനുള്ള അവളുടെ ആഗ്രഹം പ്രകടിപ്പിച്ചത് അർത്ഥവത്തായി ശ്രദ്ധിക്കേണ്ടതാണ്.

15. ആയതിനാൽ, ഞങ്ങൾ ഈ അപ്പീൽ അനുവദിക്കുകയും ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. ഈ നടപടികളിൽ അവളെ കക്ഷിയാക്കാത്തതിനാൽ തുഷാര ഹാജരാകാതിരുന്നതിനാലും തുഷാരയുടെ സംരക്ഷണം 4-ാം എതിർകക്ഷിയെ ഏൽപ്പിച്ചുകൊണ്ടുള്ള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ അസ്ഥിരപ്പെടുത്തുമ്പോൾ അവൾ ആരോടൊപ്പം ജീവിക്കാനാഗ്രഹിക്കുന്നത് എന്നത് തുഷാരയുടെ സ്വാതന്ത്ര്യം ആണെന്നു ഞങ്ങൾ വ്യക്തമാക്കുന്നു.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

&

## ബഹു. ജസ്റ്റിസ് എം. ആർ. ഷാ

**വിനോദ് നടേശൻ**

*Vs*

**കേരള സംസ്ഥാനവും മറ്റുള്ളവരും**

**ക്രിമിനൽ അപ്പീൽ നമ്പർ 1593/2018**

**[2018-ലെ 1960-ാം നമ്പർ പ്രത്യേക അനുമതി ഹർജി (ക്രിമിനൽ)-ൽ നിന്നും ഉത്ഭവിച്ചത്]**

**2018 ഡിസംബർ 11-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**യഥാർത്ഥ പ്രതി ഉടമ്പടി പ്രകാരം കൊടുക്കുവാനുള്ള തുക കൊടുക്കാതിരുന്നതുകൊണ്ടോ ഉടമ്പടി അവസാനിക്കുന്നതിനു ഒരു മാസം മുമ്പുള്ള നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കാതിരുന്നതുകൊണ്ടോ മാത്രം വഞ്ചനയോ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406-ഉം 420-ഉം വകുപ്പുകളിൻകീഴിൽ ആരോപിക്കപ്പെട്ട കുറ്റമോ ചെയ്തിട്ടുള്ളതായി പറയാൻ കഴിയുകയില്ല.**

### വിധിന്യായം

**ജസ്റ്റിസ് എം. ആർ. ഷാ**

1. അനുമതി നൽകി.

2. കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-III ലെ സിസി 139/2015-ലെ നടപടികൾ അസ്ഥിരപ്പെടുത്തിക്കൊണ്ട്, ഹൈക്കോടതി 355/2016 എന്ന നമ്പർ ക്രിമിനൽ മിസലേനിയസ് കേസിൽ 2-12-2016-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടും അതൃപ്തിപ്പെട്ടുംകൊണ്ടാണ് വാദി നിലവിലെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. പരാതിക്കാരന്റെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ബൗദ്ധികമായ സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാറിൽ ഏർപ്പെട്ടശേഷം, കരാർ പ്രകാരം അടയ്ക്കുവാനുള്ള തുക അടയ്ക്കാതിരിക്കുകയും 1,50,000 രൂപ മാത്രം (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) അടയ്ക്കുകയും കരാർ പ്രകാരം എടുത്തിട്ടുള്ള ബാക്കി തുക അടയ്ക്കാതിരിക്കുകയും അപ്രകാരം പ്രതി ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റം ചെയ്തതായി മറ്റു പലതിന്റേയും കൂട്ടത്തിൽ ആരോപിച്ചുകൊണ്ട് ഇവിടത്തെ അപ്പീൽവാദി എതിർകക്ഷി-പ്രതിയ്ക്കെതിരെ ഇൻഡ്യൻ

ശിക്ഷാനിയമത്തിലെ 34-ാം വകുപ്പ് 420, 406 എന്നീ വകുപ്പുകളുമായി കൂട്ടി വായിച്ചതിൻ പ്രകാരം ഒരു പരാതി ബോധിപ്പിച്ചു.

3.1. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച കുറ്റപത്രത്തിൽ അപ്പീൽ വാദി-യഥാർത്ഥ പരാതിക്കാരൻ സമർപ്പിച്ച പരാതി ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 34-ാം വകുപ്പ് 406, 420 എന്നീ വകുപ്പുകളുമായി കൂട്ടിവായിച്ചതിൻ പ്രകാരം വിദ്വാനായ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-III മുമ്പാകെ സി.സി. നമ്പർ 139/2015 ആയി രജിസ്റ്റർ ചെയ്തു. ആയതിനാൽ, തർക്കം തികച്ചും ഒരു സിവിൽ തർക്കമാണെന്ന് മറ്റു പലതിന്റേയും കൂട്ടത്തിൽ, പരാതിയിലെ ന്യായീകരണങ്ങളോ ആരോപണങ്ങളോ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പ് 406, 420 എന്നീ വകുപ്പുകളുമായി കൂട്ടിവായിച്ചതിൻപ്രകാരം വാറണ്ടു കൂടാതെ അറസ്റ്റ് ചെയ്യാവുന്ന യാതൊരു കുറ്റവും വെളിവാക്കുന്നില്ലെന്നു വാദിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ റദ്ദാക്കുന്നതിനായി ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പ് പ്രകാരം യഥാർത്ഥ പ്രതി ഹൈക്കോടതിയെ സമീപിച്ചു. കരാർ ലംഘനം, നഷ്ടപരിഹാരം മുതലായവയ്ക്ക് വേണ്ടിയും വാദി ഇതിനകം തന്നെ ഒരു വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതായും വാദിച്ചു. യഥാർത്ഥ പ്രതിക്കും ഒരു വ്യക്തിഗത കക്ഷിയായ യഥാർത്ഥ പരാതിക്കാരനും വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകനെ കേട്ടതിനുശേഷം ഹൈക്കോടതി, പരാതി, ക്രിമിനൽ നടപടികൾ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406-ഉം 420-ഉം വകുപ്പുകളിൻ കീഴിലെ ഘടകങ്ങൾ ഉൾപ്പെടാത്തതിനാൽ നിയമത്തിന്റെ ഒരു ദുർവിനിയോഗമല്ലാതെ മറ്റൊന്നുമല്ലെന്നു കണ്ടുകൊണ്ട് ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും ക്രിമിനൽ നടപടികൾ റദ്ദാക്കി. പ്രധാനമായും തർക്കം ഒരു സിവിൽ സ്വഭാവത്തിലുള്ളതാണെന്ന് പറയുവാൻ കഴിയുന്നതും ആയതിനെ ക്രിമിനൽ തർക്കമായി രൂപാന്തരപ്പെടുത്താൻ ശ്രമിച്ചതായും കൂടി ഹൈക്കോടതി നിരീക്ഷിച്ചു.

3.2. യഥാർത്ഥ പരാതിക്കാരൻ ആരംഭിച്ചിട്ടുള്ള ക്രിമിനൽ നടപടികൾ റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടും അതൃപ്തിപ്പെട്ടുകൊണ്ടുമാണ് യഥാർത്ഥ പരാതിക്കാരൻ നിലവിലെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

4. നിലവിലെ അപ്പീൽവാദി-യഥാർത്ഥ പരാതിക്കാരനെ ഒരു വ്യക്തിഗത കക്ഷിയായും, യഥാർത്ഥ പ്രതിയ്ക്കുവേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ ശ്രീ. പി. ശ്രീറാമിനേയും കേരള സംസ്ഥാനത്തിനു വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകനേയും കേട്ടു.

4.1. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ക്രിമിനൽ നടപടികൾ റദ്ദാക്കിയതിൽ ഹൈക്കോടതി ഗുരുതരമായ വീഴ്ച വരുത്തിയതായി വ്യക്തിഗത കക്ഷിയായ അപ്പീൽവാദി പ്രബലമായി വാദിച്ചു. കക്ഷികൾ തമ്മിൽ ഏർപ്പെട്ടിട്ടുള്ള ഉടമ്പടി പ്രകാരം പ്രതി നടപടിയെടുക്കാതിരിക്കുകയും ഈടാക്കാനുണ്ടായിരുന്നതും കൊടുക്കുവാനുള്ള തുകയായ 3,00,000 രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ഉടമ്പടി പ്രകാരം നൽകേണ്ട തുക നൽകാതിരുന്നതിനാലും, പ്രതി വഞ്ചനാകുറ്റം നടത്തിയതായും

അപ്പീൽവാദി-വ്യക്തിഗതകക്ഷി പ്രബലമായി വാദിച്ചു. അയാളുടെ ബൗദ്ധിക സേവനങ്ങൾ പ്രയോജനപ്പെടുത്തിയതിനുശേഷം കരാർ/ഉടമ്പടി അവസാനിപ്പിക്കുന്നതിനു മുമ്പുള്ള ഒരു മാസത്തെ നോട്ടീസും മുഴുവൻ തുകയും പ്രതി നൽകിയിട്ടില്ലെന്ന് ബോധിപ്പിച്ചു.

4.2. വിദ്വാനായ ജഡ്ജി തുടക്കത്തിൽ തന്നെ അപേക്ഷ തള്ളിയതായി വാദിച്ചുകൊണ്ട് അപ്പീൽവാദി-വ്യക്തിഗതകക്ഷി ഒരു ശ്രമം നടത്തിയതായി പി-14-ൽ നിന്ന് തെളിയുന്നു. എന്നിരുന്നാലും, അനന്തരം വിദ്വാനായ ജഡ്ജി ഹർജി അനുവദിച്ചുകൊണ്ടും ക്രിമിനൽ നടപടികൾ റദ്ദാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചതായും ബോധിപ്പിച്ചു. ആയതിനാൽ, വിദ്വാനായ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട വിധിന്യായവും ഉത്തരവും റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുവാനും അർഹതയുള്ളതായി ബോധിപ്പിച്ചു.

5. വിദ്വാനായ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ചിട്ടുള്ള ദോഷമാരോപിക്കപ്പെട്ടിട്ടുള്ള വിധിന്യായത്തിനേയും ഉത്തരവിനേയും പിന്തുണച്ചുകൊണ്ട് യഥാർത്ഥ പ്രതിക്കുവേണ്ടി ഹാജരായിട്ടുള്ള വിദ്വാനായ അഭിഭാഷകൻ നിലവിലെ അപ്പീൽ ശക്തമായി എതിർത്തു. കക്ഷികൾ തമ്മിലുള്ള തർക്കം ഒരു സിവിൽ തർക്കമാണെന്നു പറയാൻ കഴിയുമെന്നും യാതൊരു കുറ്റവും സ്ഥാപിച്ചിട്ടില്ലാത്തതും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 406-ഉം 420-ഉം വകുപ്പുകളിലെ ഘടകങ്ങൾ തീർത്തും പാലിച്ചിട്ടില്ലാത്തതുമാണെന്നും ഹൈക്കോടതി ശരിയായി നിരീക്ഷിക്കുകയും ആയതിനാൽ ഹൈക്കോടതി ക്രിമിനൽ നടപടികൾ റദ്ദാക്കിയിട്ടുള്ളത് ശരിയാണെന്നും ബോധിപ്പിച്ചു.

6. അപ്പീൽവാദിയെ വ്യക്തിഗത കക്ഷിയായും യഥാർത്ഥ പ്രതിയ്ക്കു വേണ്ടിയും അതുപോലെ തന്നെ കേരള സംസ്ഥാനത്തിന് വേണ്ടിയും ഹാജരായിട്ടുള്ള വിദ്വാന്മാരായ അഭിഭാഷകരെ കേൾക്കുകയും, ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായവും ഉത്തരവും പരിഗണിച്ചതിനുശേഷം വാദി ആരംഭിച്ചിട്ടുള്ള ക്രിമിനൽ നടപടികൾ റദ്ദാക്കിയതിൽ ഹൈക്കോടതി ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നതുമാണ് ഞങ്ങളുടെ അഭിപ്രായം. പ്രഥമ വിവര റിപ്പോർട്ടിലെ വാദങ്ങളും ആരോപണങ്ങളും അപ്പീൽവാദിക്കു വേണ്ടിയുള്ള കേസും പരിഗണിച്ചാൽ പോലും 406-ഉം 420-ഉം വകുപ്പുകളിലെ ഘടകങ്ങൾ ഉൾപ്പെടുമെന്ന് പറയുവാൻ കഴിയുകയില്ല. കക്ഷികൾ തമ്മിലുള്ള തർക്കം തീർച്ചയായും സിവിൽ തർക്കമായി പറയുവാൻ കഴിയുമെങ്കിലും ഇതിനെ ക്രിമിനൽ തർക്കമായി രൂപാന്തരപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതിനാൽ പ്രതിയ്ക്കെതിരെ ക്രിമിനൽ നടപടികൾ തുടരുന്നത് നിയമത്തിന്റെ ഒരു ദുർവിനിയോഗമാകുമെന്നും അതിനാൽ ഹൈക്കോടതി ശരിയായിട്ടാണ് ക്രിമിനൽ നടപടികൾ റദ്ദാക്കിയതെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. യഥാർത്ഥ പ്രതി ഉടമ്പടി പ്രകാരം കൊടുക്കുവാനുള്ള തുക കൊടുക്കാതിരുന്നതു കൊണ്ടോ ഉടമ്പടി അവസാനിക്കുന്നതിനു ഒരു മാസം മുമ്പുള്ള നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കാതിരുന്നതുകൊണ്ടോ മാത്രം വഞ്ചനയോ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406-ഉം 420-ഉം വകുപ്പുകളിൻകീഴിൽ ആരോപിക്കപ്പെട്ട കുറ്റം ചെയ്തിട്ടുള്ളതായി പറയാൻ കഴിയുകയില്ല. ഹൈക്കോടതി അവലംബിച്ചിട്ടുള്ള കാഴ്പ്പാടുമായി ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു.

7. അപ്പീൽവാദി-വ്യക്തിഗതകക്ഷിക്കു വേണ്ടിയുള്ള സമർപ്പണങ്ങളെ സംബന്ധിച്ച്, പ്രാരംഭത്തിൽ വിദ്വാനായ സിംഗിൾ ജഡ്ജി അപേക്ഷ നിരസിക്കുകയും, അതിനുശേഷം വിധിന്യായം എഴുതുമ്പോഴും പുറപ്പെടുവിക്കുമ്പോഴും വിദ്വാനായ ജഡ്ജി അപേക്ഷ അനുവദിക്കുകയും, ആയതിനാൽ, ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ദോഷമാരോപിക്കപ്പെട്ട വിധിന്യായവും ഉത്തരവും റദ്ദാക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നതും മുകളിൽ പരാമർശിച്ചതിന് യാതൊരു പൊരുളും ഇല്ലാത്തതുമാണ്. പി-45 ആയി ഹാജരാക്കിയിരിക്കുന്നതെന്തെന്നാൽ, ഫയലിന്റെ ഡോക്കറ്റും, അതിൽ വിദ്വാനായ ജഡ്ജിയുടെ ഒപ്പില്ലാത്തതുമാണ്. ആയതിനാൽ, പ്രാരംഭത്തിൽ വിദ്വാനായ ജഡ്ജി ഹർജി തള്ളുകയും അതിനുശേഷം വിധിന്യായം പുറപ്പെടുവിക്കുമ്പോൾ ഉത്തരവ് മാറ്റുകയും അപേക്ഷ അനുവദിച്ചതായും പറയുവാൻ കഴിയുകയില്ല. അതേസമയം, മറ്റൊരു തരത്തിൽ മുകളിൽ നിരീക്ഷിച്ചതുപോലെ, പ്രതിയുടെ ഭാഗത്ത് യാതൊരു കുറ്റാരോപണവും ഇല്ലാത്തതും ഒരു സിവിൽ തർക്കത്തിനെ ഒരു ക്രിമിനൽ തർക്കമായി രൂപാന്തരപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളതുമാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. അങ്ങനെ പ്രതിയ്ക്കെതിരെ ക്രിമിനൽ നടപടികൾ തുടരുന്നത് നിയമവ്യവസ്ഥയ്ക്കെതിരെയുള്ള ഒരു ലംഘനമായി മാറും. അതിനാൽ, പ്രതിക്കെതിരെ ക്രിമിനൽ നടപടികൾ തുടരുന്നത് നിയമ വ്യവസ്ഥയുടെ ഒരു ദുർവിനിയോഗമാകും. ആയതിനാൽ ഹൈക്കോടതി ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പിൻ കീഴിലെ അധികാരങ്ങൾ ശരിയായി വിനിയോഗിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ റദ്ദാക്കിയിട്ടുള്ളതാണ്. മേൽപറഞ്ഞ കാഴ്ചപ്പാടിന്റേയും മുകളിൽ പ്രസ്താവിച്ച കാരണങ്ങളാലും, നിലവിലെ അപ്പീൽ പരാജയപ്പെടുന്നതും തള്ളുവാൻ അർഹതയുള്ളതും അപ്രകാരം തള്ളുകയും ചെയ്യുന്നു.

*————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

[സിവിൽ അപ്പീൽ നമ്പർ 1669/2019 പ്രത്യേകാനുമതി ഹർജി (സിവിൽ)]
നമ്പർ 19188/2010-ൽ നിന്നും ഉത്ഭവിച്ചത്

എം. രേവണ്ണ

*Vs*

പരേതയായ അഞ്ജനാമ്മയെ പ്രതിനിധീകരിച്ച് നിയമാനുസൃത പ്രതിനിധികളും മറ്റുള്ളവരും

2019 ഫെബ്രുവരി 14-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഭേദഗതിയ്ക്കുള്ള അനുമതി, അത് മൊത്തത്തിൽ ഒരു വ്യത്യസ്തവും, പുതിയതും, പൊരുത്തമില്ലാത്തതുമായ കേസ് കൊണ്ടുവരുന്നതോ അഥവാ വ്യവഹാരത്തിന്റെ അടിസ്ഥാന സ്വഭാവത്തെ ചോദ്യം ചെയ്യുന്നതാണെങ്കിൽ അത് നിരസിക്കാം. സിപിസി ഓർഡർ VI 17-ാം ചട്ടത്തിലെ ക്ലിപ്ത നിബന്ധന, തക്കതായ ശ്രദ്ധ പുലർത്തിയിട്ടുപോലും, വിചാരണ തുടങ്ങുന്നതിന് മുമ്പ് കക്ഷിയ്ക്ക് സംഗതി ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന നിഗമനത്തിൽ കോടതി എത്തിച്ചേരാത്ത പക്ഷം, വിചാരണ തുടങ്ങിയതിനുശേഷം ഭേദഗതിയ്ക്കു വേണ്ടിയുള്ള ഏതൊരു അപേക്ഷയും ഫലത്തിൽ തടയുന്നു. ക്ലിപ്ത നിബന്ധന, ഒരു പരിധിയോളം, ഏതു ഘട്ടത്തിലും ഭേദഗതി അനുവദിക്കുന്നതിനുള്ള പൂർണ്ണമായ വിവേചനാധികാരത്തെ കുറയ്ക്കുന്നു. അതുകൊണ്ട്, തക്കതായ ശ്രദ്ധ പുലർത്തിയിട്ടുപോലും നേരത്തെ അപ്രകാരമൊരു ഭേദഗതി തേടാൻ കഴിഞ്ഞിട്ടില്ലെന്നു തെളിയിക്കാൻ വിചാരണ തുടങ്ങിയശേഷം ഭേദഗതി തേടിയ വ്യക്തി ബാദ്ധ്യസ്ഥനാണ്. ഒരു ഭേദഗതി ഒരവകാശമായും എല്ലാ സാഹചര്യങ്ങളിലും ഉന്നയിക്കാൻ കഴിയില്ല എന്നതിലും യാതൊരു തർക്കവുമില്ല. വ്യവഹാരത്തിന്റെ ബാഹുല്യം ഒഴിവാക്കുന്നതിനായി സാധാരണയായി ഭേദഗതികൾ അനുവദിക്കാറുണ്ടെങ്കിലും, ആ ഭേദഗതിക്ക് വേണ്ടിയുള്ള അപേക്ഷ ഉത്തമവിശ്വാസത്തോടെയോ ദുരുദ്ദേശ്യത്തോടെയാണോ എന്നും ആ ഭേദഗതി മറുഭാഗത്തിന് അത്തരത്തിലുള്ള ഹാനി ഉണ്ടാക്കുകയും ആയത് മതിയായ പണത്തിനാൽ അപരിഹാര്യവുമാണോ എന്നും കോടതി കണക്കിലെടുക്കേണ്ട ആവശ്യമുണ്ട്.

### വിധിന്യായം

**ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ**

അനുമതി നൽകി.

2. കർണ്ണാടക ഹൈക്കോടതി 2266/2009 (ജി.എം-സിപിസി) എന്ന റിട്ട് ഹർജിയിൽ 9-4-2010 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് ഈ അപ്പീലിൽ ചോദ്യം ചെയ്യപ്പെട്ടു.

3. കൂട്ടുകുടുംബ വസ്തുക്കളുടെ ഭാഗം വയ്ക്കലും പ്രത്യേക കൈവശാവകാശം തേടിക്കൊണ്ട് ഫയൽചെയ്ത ഒ.എസ്സ്. നമ്പർ 2611/1993 എന്ന വ്യവഹാരത്തിലെ 1-ാം വാദിയാണ് ഇവിടത്തെ അപ്പീൽവാദി. കൂട്ടുകുടുംബ വസ്തുക്കളുടെ ഭാഗം വയ്ക്കലും 1 മുതൽ 3 വരെയുള്ള വാദികൾക്ക് 1/6 ഓഹരിയും 4-ാം വാദിയ്ക്ക് 1/6 ഓഹരിയും 5-ാം വാദിയ്ക്ക് 1/6 ഓഹരിയും പ്രത്യേക കൈവശാവകാശവും തേടിക്കൊണ്ട് ഇവിടത്തെ അപ്പീൽവാദി ഉൾപ്പെടെയുള്ള 1 മുതൽ 5 വരെയുള്ള വാദികൾ ഫയൽ ചെയ്തതാണ് പ്രസ്തുത വ്യവഹാരം. പ്രാരംഭത്തിൽ മൂന്നു പ്രതികളെ മാത്രമേ വ്യവഹാരത്തിൽ കക്ഷികളാക്കിയിരുന്നുള്ളൂ. 1 മുതൽ 3 വരെയുള്ള പ്രതികൾ ഹാജരായ ഉടൻ തന്നെ, വാദികളും പ്രതികളും പഞ്ചായത്ത് പരിഖത്തിൻകീഴിൽ 18-5-1972 തീയതിയിലെ ഭാഗപത്ര മെമ്മോറാണ്ടം പ്രകാരം കൂട്ടുകുടുംബവും പൂർവ്വിക സ്വത്തുക്കളും വിഭജിച്ചു എന്നു വാദിച്ചുകൊണ്ട് ഒരു അനുരഞ്ജന ഹർജി 1 മുതൽ 5 വരെയുള്ള വാദികൾക്കും 1 മുതൽ 3 വരെയുള്ള പ്രതികൾക്കും വേണ്ടി ഫയൽ ചെയ്തു. അനുരഞ്ജന ഹർജി വിചാരണക്കോടതിയിൽ 22-4-1993-ൽ ഫയൽ ചെയ്തു. മേൽ പ്രതിപാദിച്ച ആളുകളെപ്പോലെ അതേ കുടുംബത്തിൽ ഉൾപ്പെട്ട 4 മുതൽ 6 വരെയുള്ള പ്രതികൾ ഭാഗം വയ്ക്കലിനുള്ള വ്യവഹാരത്തിൽ അനുരഞ്ജന ഹർജി ഫയൽ ചെയ്യുന്നത് അറിഞ്ഞുകൊണ്ടും വ്യവഹാരത്തിൽ അവർ കക്ഷികളായിരുന്നില്ലെറിഞ്ഞുകൊണ്ടും കക്ഷി ചേർക്കുന്നതിനുവേണ്ടി ഒരു അപേക്ഷ ഫയൽ ചെയ്യുകയും, കൂട്ടുകുടുംബ വസ്തുക്കൾ യാതൊരു സമയത്തും വിഭജിച്ചിട്ടില്ലായിരുന്നുവെന്നും കുടുംബവും അതുപോലെ തന്നെ തുടരുകയാണെന്നും പ്രത്യേകമായി തർക്കിച്ചുകൊണ്ട് അനുരഞ്ജന ഹർജി എതിർക്കുകയും ചെയ്തു. എന്നിരുന്നാലും, വിചാരണക്കോടതി 4-6-1994-ലെ ഉത്തരവ് പ്രകാരം ഒത്തുതീർപ്പായതിനാൽ ആ വ്യവഹാരം തള്ളി. വിചാരണക്കോടതിയുടെ പ്രസ്തുത ഉത്തരവ് 6-ാം പ്രതി ഹൈക്കോടതി മുമ്പാകെ 297/1994-ാം നമ്പർ ആർ.എഫ്.എ. ഫയൽ ചെയ്തുകൊണ്ട് ചോദ്യം ചെയ്യുകയും വാദത്തിനുശേഷം 4-6-1994 തീയതിയിലെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും ചെയ്തു. അനന്തരം, ഒ.എസ്. നമ്പർ 2611/1993 എന്ന വ്യവഹാരം വിചാരണക്കോടതി പുനഃസ്ഥാപിച്ച് ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഹൈക്കോടതി ആ വ്യവഹാരം മെറിറ്റിൽ തീർപ്പാക്കുന്നതിന് വിചാരണ ക്കോടതിയോട് നിർദ്ദേശിച്ചു. മടക്കി അയച്ചതിനുശേഷം, യഥാർത്ഥ 6-ാം പ്രതിയെ വ്യവഹാരത്തിൽ 6-ാം വാദിയായി സ്ഥാനം മാറ്റി. നിലവിലെ 1-ാം എതിർകക്ഷി വ്യവഹാരത്തിലെ സ്ഥാനം മാറിയ 6-ാം വാദിയാണ്. (ഇവിടത്തെ അപ്പീൽ പരിഗണന യിൽ ഇരിക്കവെ 1-ാം എതിർകക്ഷി മരണപ്പെടുകയും അവരുടെ നിയമാനുസൃത പ്രതിനിധികളെ രേഖയിൽ കൊണ്ടു വരുകയും ചെയ്തു).

4. മടക്കി അയച്ചശേഷം, പ്രാരംഭത്തിൽ 1 മുതൽ 5 വരെയുള്ള വാദികൾ യാതൊരു തെളിവും നൽകിയിരുന്നില്ല. എന്നിരുന്നാലും, 6-ാം വാദി/ഇവിടത്തെ 1-ാം എതിർകക്ഷി 2-7-2003-ൽ തെളിവു നൽകുകയും 1 മുതൽ 5 വരെയുള്ള വാദികളാൽ കൂലംകഷമായി ക്രോസ് വിസ്താരം നടത്തുകയും ചെയ്തു. പി.ഡബ്ല്യു 2 ആയി തെളിവ് നൽകുന്നതിന് 1-ാം വാദി ശ്രമിച്ചിരുന്നുവെങ്കിലും 2003 മുതൽ 2007 വരെ അയാൾ ഹാജരായില്ല. അനന്തരം, വിചാരണക്കോടതി അയാളെ വിടുതൽ ചെയ്തു. എന്നിരുന്നാലും, നീണ്ട അവധി വയ്ക്കലിനുശേഷം, പി.ഡബ്ല്യു 2 നേരിട്ട് ഹാജരാകുകയും 12-2-2008-ൽ

ക്രോസ് വിസ്താരം നടത്തുകയും ചെയ്തു. അതിനുശേഷം, 1 മുതൽ 5 വരെയുള്ള വാദികൾ മേൽ പ്രതിപാദിച്ച പോലെ 18-5-1972 തീയതിയിലെ ഭാഗം വയ്ക്കൽ മെമ്മോറാണ്ടം പ്രകാരം ഒരു മുൻ ഭാഗംവയ്ക്കൽ നടന്നിട്ടുണ്ട് എന്നു വാദിച്ചു കൊണ്ട് അന്യായത്തിൽ ഭേദഗതി വരുത്തുന്നതിന് വേണ്ടി സിവിൽ നടപടി നിയമസംഹിതയുടെ (ചുരുക്കത്തിൽ, 'സിപിസി') ഓർഡർ VI 17-ാം ചട്ടത്തിൻകീഴിൽ 22-ാം നമ്പർ ഇടക്കാല അപേക്ഷയായി ഒരപേക്ഷ ഫയൽ ചെയ്തു. ഇവിടത്തെ 1-ാം എതിർകക്ഷിയും തർക്കിക്കുന്ന മറ്റു രണ്ട് പ്രതികളും അതായത്, 4-ഉം 5-ഉം പ്രതികൾ, മറ്റു സംഗതികൾക്കിടയിൽ, അന്യായം ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷ അത്യന്തം കാലതാമസം വന്നിട്ടുളളതാണെന്നും ഉത്തമവിശ്വാസത്തോടെയല്ലാത്തതും കൂടാതെ കുടുംബാംഗങ്ങൾക്കിടയിൽ ഏതെങ്കിലും ഭാഗം വയ്ക്കൽ യാതൊരു സമയത്തും നടന്നിട്ടില്ലെന്നും തർക്കിച്ചു കൊണ്ട് ഭേദഗതി അപേക്ഷ എതിർത്തു. എന്നിരുന്നാലും, വിചാരണക്കോടതി ഭേദഗതി അപേക്ഷ 14-11-2008-ലെ ഉത്തരവ് പ്രകാരം അനുവദിക്കുകയും, ആയത് 9-4-2010-തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലൂടെ ഹൈക്കോടതി അസ്ഥിര പ്പെടുത്തുകയും ചെയ്തു. ആയതിനാൽ ഈ അപ്പീൽ പരാജിതനായ 1-ാം വാദി ഫയൽ ചെയ്തതാണ്. 1-ാം വാദിയ്ക്കു വേണ്ടിയുള്ള 2 മുതൽ 5 വരെയുള്ള വാദികൾ ഭേദഗതി അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് സ്വീകരിച്ചത് ഇവിടെ പ്രസക്തമാണ്.

5. ഭേദഗതിയ്ക്കുള്ള അനുമതി, അത് മൊത്തത്തിൽ ഒരു വ്യത്യസ്തവും, പുതിയതും, പൊരുത്തമില്ലാത്തതുമായ കേസ് കൊണ്ടുവരുന്നതോ അഥവാ വ്യവഹാരത്തിന്റെ അടിസ്ഥാന സ്വഭാവത്തെ ചോദ്യം ചെയ്യുന്നതാണെങ്കിൽ അത് നിരസിക്കാം. സിപിസി ഓർഡർ VI 17-ാം ചട്ടത്തിലെ ക്ലിപ്ത നിബന്ധന, തക്കതായ ശ്രദ്ധ പുലർത്തിയിട്ടുപോലും, വിചാരണ തുടങ്ങുന്നതിന് മുമ്പ് കക്ഷിയ്ക്ക് സംഗതി ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന നിഗമനത്തിൽ കോടതി എത്തിച്ചേരാത്തപക്ഷം, വിചാരണ തുടങ്ങിയതിനുശേഷം ഭേദഗതിയ്ക്കു വേണ്ടിയുള്ള ഏതൊരു അപേക്ഷയും ഫലത്തിൽ തടയുന്നു. ക്ലിപ്ത നിബന്ധന, ഒരു പരിധിയോളം, ഏതു ഘട്ടത്തിലും ഭേദഗതി അനുവദിക്കുന്നതിനുള്ള പൂർണ്ണമായ വിവേചനാധികാരത്തെ കുറയ്ക്കുന്നു. അതുകൊണ്ട്, തക്കതായ ശ്രദ്ധ പുലർത്തി യിട്ടുപോലും നേരത്തെ അപ്രകാരമൊരു ഭേദഗതി തേടാൻ കഴിഞ്ഞിട്ടില്ലെന്നു തെളിയിക്കാൻ വിചാരണ തുടങ്ങിയശേഷം ഭേദഗതി തേടിയ വ്യക്തി ബാദ്ധ്യസ്ഥനാണ്. ഒരു ഭേദഗതി ഒരവകാശമായും എല്ലാ സാഹചര്യങ്ങളിലും ഉന്നയിക്കാൻ കഴിയില്ല എന്നതിലും യാതൊരു തർക്കവുമില്ല. വ്യവഹാരത്തിന്റെ ബാഹുല്യം ഒഴിവാക്കുന്ന തിനായി സാധാരണയായി ഭേദഗതികൾ അനുവദിക്കാറുണ്ടെങ്കിലും, ആ ഭേദഗതിക്ക് വേണ്ടിയുള്ള അപേക്ഷ ഉത്തമവിശ്വാസ ത്തോടെയോ ദുരുദ്ദേശ്യത്തോടെയാണോ എന്നും ആ ഭേദഗതി മറുഭാഗത്തിന് അത്തരത്തിലുള്ള ഹാനി ഉണ്ടാക്കുകയും ആയത് മതിയായ പണത്തിനാൽ അപരിഹാര്യ വുമാണോ എന്നും കോടതി കണക്കി ലെടുക്കേണ്ട ആവശ്യമുണ്ട്.

6. മേൽ പ്രതിപാദിച്ചതുപോലെ, വ്യവഹാരം 1993 വർഷത്തിൽ ഫയൽ ചെയ്തിരുന്നതും ആ സമയത്ത് 4 മുതൽ 6 വരെ പ്രതികളെ വ്യവഹാരത്തിൽ കക്ഷികളാ ക്കിയിരുന്നുമില്ല. 1 മുതൽ 5 വരെയുള്ള വാദികളും 1 മുതൽ 3 വരെയുള്ള പ്രതികളും മാത്രമായിരുന്നു കക്ഷികൾ. അവർ വ്യവഹാരം തള്ളുന്നതിനായി 22-4-1993-ൽ ഒരു കൂട്ടു മെമ്മോറാണ്ടം ഫയൽ ചെയ്യുകയും ആയത് വ്യവഹാരം ഫയൽ ചെയ്യുന്നതിന് ഒന്നോ രണ്ടോ മാസങ്ങൾ ക്കുള്ളിലുമായിരുന്നു. ഹൈക്കോടതി 297/ 1994-ാം നമ്പർ ആർ.എഫ്.എ. യിൽ അനുരഞ്ജന ഹർജി ശരിയായി തള്ളി. അനുരഞ്ജന ഹർജിയിൽ, 1972-ൽ കൂട്ടുകുടുംബ വസ്തുവകകൾ അളവിനും അതിരിനും വിധേയമാക്കിക്കൊണ്ട് വിഭജി ച്ചിരുന്നു എന്ന് കണ്ടത് ജിജ്ഞാസ ഉളവാക്കുന്നു. 1972-ൽ ഭാഗം വയ്ക്കൽ യഥാർത്ഥത്തിൽ നടക്കുകയും ആയത്

പഞ്ചായത്ത് പരിഖത്ത് പ്രകാരം നടത്തിയതും ആയിരുന്നെങ്കിൽ അപ്പോഴത്തെ 1 മുതൽ 5 വരെ വാദികൾ ഭാഗം വയ്ക്കലിനും പ്രത്യേക കൈവശാവകാശത്തിനുമായി ഒരു വ്യവഹാരം 1993-ൽ ഫയൽ ചെയ്യേണ്ടതില്ലായിരുന്നു. അത് അങ്ങനെ ആയിരിക്കെ, 1 മുതൽ 5 വരെയുള്ള വാദികളുടെ മുടക്കുന്യായത്താലോ മറ്റു കാരണത്താലോ വ്യവഹാരം നീണ്ടുപോകുകയും ഒടുവിൽ അന്യായത്തിന്റെ ഭേദഗതിയ്ക്കു വേണ്ടിയുള്ള അപേക്ഷ 1-9-2008-ൽ ഫയൽ ചെയ്തതായും രേഖകളിൽ നിന്നും വ്യക്തമാകുന്നു. അപ്പോഴേക്കും, വിചാരണക്കോടതി മുമ്പാകെ ഇരു കക്ഷികളുടേയും തെളിവ് രേഖപ്പെടുത്തുകയും അന്തിമ വാദത്തിനായി കേസ് ലിസ്റ്റ് ചെയ്യുകയും ചെയ്തു. കൂട്ടുകുടുംബ വസ്തുക്കളുടെ ഒരു ഭാഗംവയ്ക്കൽ തീർച്ചയായും ഉണ്ടായിരുന്നെങ്കിൽ, മുൻപു തന്നെ അന്യായം ഭേദഗതി വരുത്തുന്നതിനു വേണ്ടി ആവശ്യമായ അപേക്ഷ നൽകുന്നതിൽ 1 മുതൽ 5 വരെ വാദികളെ യാതൊന്നും തടയുമായിരുന്നില്ല. ഇതേപോലെതന്നെ, വ്യവഹാരം 1993-ൽ ഫയൽ ചെയ്തിരുന്നതുകൊണ്ട് അന്യായത്തിൽത്തന്നെ ആവശ്യമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും അവരെ യാതൊന്നും തടയുന്നില്ല. 1 മുതൽ 5 വരെ വാദികൾ പറയും പ്രകാരം, അവർ അനുരഞ്ജനത്തെപ്പറ്റി 1993-ൽ തന്നെ അറിഞ്ഞിരുന്നു. അങ്ങനെ, 1993-ൽ വ്യവഹാരം ഫയൽ ചെയ്തിരുന്നെങ്കിലും 2008 വരെ ഭേദഗതിയ്ക്ക് ഉള്ള അപേക്ഷ എന്തുകൊണ്ട് അവർ ഫയൽ ചെയ്തില്ലെന്നതിന് അവർ യാതൊരു വിശദീകരണവും നൽകിയിട്ടില്ല. 18-5-1972 തീയതിയിലെ ഭാഗപത്രത്തെക്കുറിച്ച് (പഞ്ചായത്ത് പരിഖത്ത്) 1 മുതൽ 5 വരെയുള്ള വാദികൾ 22-4-1993-ൽ അറിഞ്ഞിരുന്നിട്ടും ഒരു ന്യായമായ സമയത്തിനുള്ളിൽ അന്യായം ഭേദഗതി ചെയ്യുന്നതിനുള്ള ഒരു അപേക്ഷ ഫയൽ ചെയ്യാതെ അവർ നിശബ്ദത പാലിച്ചു. നേരെമറിച്ച്, അവർ പി.ഡബ്ല്യു-1 നെ കൂലംകഷമായി ക്രോസ് വിസ്തരിക്കാൻ തുടങ്ങുകയും പി.ഡബ്ല്യു2-ന്റെ വിസ്താരം പൂർത്തിയാക്കാൻ അഞ്ച് വർഷത്തിൽ കൂടുതൽ സമയം എടുക്കുകയും അതിനു ശേഷം അന്യായത്തിന്റെ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് 1-9-2008-ൽ മാത്രം ഫയൽ ചെയ്യുകയും, അതും വ്യവഹാരം അന്തിമ വാദങ്ങൾക്കായി മാറ്റിവച്ചപ്പോഴുമായിരുന്നു. മേൽപ്രതിപാദിച്ചതുപോലെ, വ്യവഹാരം തന്നെ ഭാഗം വയ്ക്കലിനും പ്രത്യേക കൈവശാവകാശത്തിനുമായിരുന്നു. ഇപ്പോൾ വാദമുഖങ്ങളുടെ ഭേദഗതിക്കു വേണ്ടിയുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ, 1 മുതൽ 5 വരെയുള്ള വാദികൾ ഭാഗം വയ്ക്കൽ 1972-ൽ തന്നെ നടന്നിരുന്നതായും വ്യവഹാരവുമായി മുന്നോട്ടു പോകുവാൻ അവർക്ക് താൽപ്പര്യമില്ലെന്നും വാദിച്ചു. വ്യത്യസ്തമായി, 6-ാം വാദി/ഇവിടത്തെ 1-ാം എതിർകക്ഷി, ഭാഗം വയ്ക്കൽ ഇതുവരെ നടന്നിട്ടില്ല എന്ന കാരണത്താൽ വ്യവഹാരത്തിന്റെ നടപടികൾ തുടരുവാൻ ആഗ്രഹിച്ചു.

7. കേസിന്റെ വസ്തുതകളുടേയും സാഹചര്യങ്ങളുടേയും പൂർണ്ണത കണക്കിലെടുക്കുമ്പോൾ, അന്യായത്തിന്റെ ഭേദഗതിക്കുള്ള അപേക്ഷയ്ക്ക് കാലതാമസമുണ്ടെന്നു മാത്രമല്ല, ഉത്തമവിശ്വാസത്തോടെയല്ലാത്തതും അനുവദിക്കുന്നപക്ഷം അത് വ്യവഹാരത്തിന്റെ പ്രകൃതവും സ്വഭാവവും തന്നെ മാറ്റുന്നതായിരിക്കും എന്നതാണ് ഞങ്ങളുടെ പരിഗണിത അഭിപ്രായം. ഭേദഗതി അപേക്ഷ അനുവദിക്കുന്നപക്ഷം നീതിയുടെ ഒരു പരിഹാസ്യത്തിലേയ്ക്ക് നയിക്കുന്നതും ആയതുകൊണ്ട് ഭാഗം വയ്ക്കൽ നടന്നിരുന്നില്ലെന്ന് അന്യായത്തിലെ 1 മുതൽ 5 വരെ വാദികൾ സമ്മതിച്ചത് പിൻവലിക്കാൻ അവരെ അനുവദിച്ചതായി സങ്കല്പിക്കാം. ആയതിനാൽ, ഈ ഘട്ടത്തിൽ അന്യായത്തിന്റെ ഭേദഗതിയ്ക്കുള്ള അപേക്ഷ അനുവദിക്കുന്നത് 6-ാം നമ്പർ വാദി/1-ാം നമ്പർ എതിർകക്ഷിയ്ക്ക് ഗുരുതരമായ അനിഷ്ടമുണ്ടാക്കാം.

8. അതനുസരിച്ച്, അന്യായം ഭേദഗതി വരുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ അനുവദിച്ചുകൊണ്ട് 14-11-2008 തീയതിയിലെ വിചാരണക്കോടതിയുടെ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് ഇതിനാൽ സ്ഥിരപ്പെടുത്തുന്നു

അപ്പീൽ പരാജയപ്പെടുകയും ഇതിനാൽ തള്ളുകയും ചെയ്യുന്നു.

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ഡോ. ഡി. വൈ. ചന്ദ്രചൂഡ്

&

ബഹു. ജസ്റ്റിസ് ഹേമന്ത് ഗുപ്ത

**(ക്രിമിനൽ അപ്പീൽ നമ്പർ 540/2019-ഉം)**

**(പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നമ്പർ 7378/2016-ൽ നിന്നും ഉത്ഭവിച്ചത്)**

**(ക്രിമിനൽ അപ്പീൽ നമ്പർ 541/2019-ഉം)**

**(പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നമ്പർ 9466/2016-ൽ നിന്നും ഉത്ഭവിച്ചത്)**

**മണിയും മറ്റുള്ളവരും**

*Vs*

**കേരള സംസ്ഥാനവും മറ്റുള്ളവരും**

**2019 ഏപ്രിൽ 1-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**യാതൊരു പ്രകോപനവുമില്ലാതെ, പെട്ടെന്നുണ്ടായ പോരാട്ടത്തിന്റെ വെളിച്ചത്തിൽ 302-ാം വകുപ്പിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന് അപ്പീൽവാദിയുടെ കുറ്റസ്ഥാപനം നിലനിൽക്കുന്നതല്ല. പരേതന്റെ നെഞ്ചിലേറ്റ കത്തിക്കുത്ത് മരണത്തിനു കാരണമായേക്കാം എന്നറിവോടു കൂടിയാണെങ്കിലും മരണം സംഭവിക്കണം എന്ന ഉദ്ദേശ്യത്തോടെ അല്ലായിരുന്നു. അപ്രകാരം ഇൻഡ്യൻ ശിക്ഷാനിയമം 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കലിൽ വരുന്നതായ പെട്ടെന്നുണ്ടായ ഒരു വഴക്കു കാരണം അടിപിടിയാലുള്ള കോപത്താൽ സംഭവിക്കുന്ന മരണം കൊലപാതകമല്ലാത്ത ഒരു നരഹത്യയാണ്. അതുകൊണ്ട് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഭാഗം-I 304-ാം വകുപ്പ് പ്രകാരം ശിക്ഷിക്കാവുന്ന കുറ്റമാണ്.**

### വിധിന്യായം

**ജസ്റ്റിസ്. ഹേമന്ത് ഗുപ്ത**

ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിലെ ഒരു കുറ്റകൃത്യത്തിന് അപ്പീൽവാദി മണിയ്ക്ക് ലഭിച്ച ശിക്ഷ നിലനിർത്തിക്കൊണ്ടും മറ്റു പ്രതികളായ അതായത്, 2-ാം പ്രതി രത്നകുമാറിനും, 3-ാം പ്രതി പ്രവീണിനും 4-ാം പ്രതി സെൽവരാജിനും ഇൻഡ്യൻ ശിക്ഷാനിയമം 324, 341 വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് നൽകിയ ശിക്ഷ നിലനിർത്തിക്കൊണ്ടും, എന്നാൽ പ്രസ്തുത പ്രതികളെ ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 302-ാം വകുപ്പിൻ കീഴിലെ ഒരു കുറ്റത്തിന് കുറ്റവിമുക്തമാക്കി കൊണ്ടുള്ള 2-2-2016 തീയതിയിലെ ഒരു വിധിന്യായത്തെ ചോദ്യം ചെയ്തു കൊണ്ടുള്ളതാണ് നിലവിലെ അപ്പീൽ.

2. 2019-ലെ 540-ാം നമ്പർ ക്രിമിനൽ അപ്പീൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന് 1-ാം പ്രതിയെ ശിക്ഷിച്ചതിനെതിരെയും, എന്നാൽ 2019-ലെ 541-ാം നമ്പർ ക്രിമിനൽ അപ്പീൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പ് 34 -ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം 2-ാം പ്രതി രത്നകുമാറിനേയും 3-ാം പ്രതി പ്രവീണിനേയും 4-ാം പ്രതി സെൽവരാജിനേയും (എതിർകക്ഷികൾ 2 മുതൽ 4 വരെ) കുറ്റവിമുക്തരാക്കിയതിന് എതിരേയുമുള്ളതാണ്. ഇവിടത്തെ കക്ഷികളെ വിചാരണക്കോടതി മുമ്പാകെ എന്നപോലെ പരാമർശിക്കപ്പെടും.

3. കുഞ്ഞുവിന്റെ മകൻ പി.ഡബ്ലിയു2 വിശ്വനാഥൻ, ചൊഴിയംകോട് റോസി സ്ക്കൂളിനു സമീപം ഒരു ചരുവിൽ 28-9-2005-ന് രാത്രി ഏകദേശം 8.10 മണിയോടെ നടന്ന ഒരു സംഭവത്തെ സംബന്ധിച്ച് അതേ ദിവസം രാത്രി ഏകദേശം 11 മണിയോടെ ഒരു പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചു. ബി.ജെ.പി അനുഭാവികളായ 1 മുതൽ 4 വരെ പ്രതികൾ പരസ്പരമുള്ള ഒത്താശയോടും ഗൂഢാലോചനയോടും കൂടി രാഷ്ട്രീയ വൈരാഗ്യത്തിൽ സി.പി.എം അനുഭാവികളായ പരാതിക്കാരനേയും മറ്റുള്ളവരേയും കൊല്ലുന്നതിനുള്ള ഉദ്ദേശത്തോടും തയ്യാറെടുപ്പോടും കൂടി അപകടകരമായ ആയുധങ്ങളായ കത്തി, വടിവാൾ, ഇരുമ്പു ദണ്ഡുകൾ എന്നിവ ശേഖരിച്ച് ചൊഴിയംകോട് റോസി സ്ക്കൂളിൻ മുമ്പിൽ മോട്ടോർ സൈക്കിളിൽ വന്നു എന്നതാണ് പ്രസ്താവന. അവർ പരാതിക്കാരനേയും അയാളുടെ സുഹൃത്തുക്കളേയും നിയമവിരുദ്ധമായി തടഞ്ഞു. 1-ാം പ്രതി മണി സോമനെ കുത്തുകയും എന്നാൽ 2-ാം പ്രതി രത്നകുമാർ പരാതിക്കാരനെ അയാളുടെ മുഖത്ത് വടിവാൾക്കൊണ്ട് ആക്രമിക്കുകയും 3-ാം പ്രതി പ്രവീൺ പി.ഡബ്ലിയു3 അഷ്റഫിനെ ഇരുമ്പുദണ്ഡുകൊണ്ട് അടിക്കുകയും ചെയ്തു.

4. വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിലെ അഡീഷണൽ സബ്-ഇൻസ്പെക്ടർ ശ്രീ.വി.പഴനിമല, അങ്ങനെയുള്ള പ്രസ്താവന രേഖപ്പെടുത്തുകയും അന്വേഷണം ഏറ്റെടുക്കുകയും ചെയ്തു. പി.ഡബ്ലിയു2 വിശ്വനാഥന്റെ പ്രസ്താവന ക്രിമിനൽ നടപടി നിയമസംഹിതയുടെ 161 -ാം വകുപ്പ് പ്രകാരം അയാൾ രേഖപ്പെടുത്തി. അയാൾ പോലീസിന് നൽകിയ പ്രസ്താവനയിൽ, 28-9-2005-ന് രാത്രി ഏകദേശം 8 മണിയോടെ അയാൾ മുഹമ്മദിന്റെ മകൻ കബീറും, ഷെറിയുടെ മകൻ അഷ്റഫ്, അപ്പുണ്ണിയുടെ മകൻ അനിൽകുമാർ കുമാരന്റെ മക്കളായ സജീഷിനോടും സനോജിനോടും ഒപ്പം മംഗളം പഴയ പോലീസ് സ്റ്റേഷനു സമീപം നിൽക്കുകയായിരുന്നു എന്ന് പറഞ്ഞു. അവർ തിരഞ്ഞെടുപ്പുകളിലെ പാർട്ടിയുടെ വിജയത്തെപ്പറ്റി സംസാരിക്കുകയായിരുന്നു. ബി.ജെ.പി പ്രവർത്തകർ ചൊഴിയംകോട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി അവർക്ക് അറിവ് ലഭിച്ചു. അവരിൽ എട്ടുപേർ ചൊഴിയംകോട്ടേക്ക് നീങ്ങി. അവർ റോസി സ്ക്കൂളിനു മുന്നിലെ റോഡിന്റെ ചരുവിൽ എത്തിയപ്പോൾ വിപരീത ദിശയിൽ നിന്നും രണ്ട് മോട്ടോർ സൈക്കിൾ വരുന്നത് അവർ കണ്ടു. രണ്ട് മോട്ടോർ സൈക്കിളും നിർത്തി. ടോർച്ചിന്റെ വെളിച്ചത്തിൽ കത്തികൾ, വടിവാൾ, ഇരുമ്പുദണ്ഡുകൾ എന്നീ ആയുധങ്ങളോടെ നാല് പ്രതികൾ അവർക്ക് നേരെ ഓടി വരുന്നത് അവർ കണ്ടു. 1-ാം പ്രതി മണി, ആരാണ് സി.പി.എം പ്രവർത്തകൻ അവനെ വെട്ടിക്കൊല്ലൂ എന്ന് ആക്രോശിക്കുകയും സോമന്റെ നെഞ്ചിൽ കത്തികൊണ്ട് കുത്തുകയും ചെയ്തു. അയാൾ തടയാൻ ചെന്നു, അപ്പോൾ 2-ാം പ്രതി രത്നകുമാർ വടിവാളുകൊണ്ട് അയാളെ അടിച്ചു.,

എന്നാൽ അയാൾ അയാളുടെ തല മാറ്റുകയും വാൾ അയാളുടെ വലതു കവിളിൽ പതിക്കുകയും ചെയ്തു. രണ്ടാമത്തെ ആക്രമണം അയാളുടെ മൂക്കിനേറ്റു. 3-ാം പ്രതി പ്രവീൺ പി.ഡബ്ല്യിയു3 അഷറഫിന്റെ നേരെ അയാളുടെ കൈയിൽ ഒരു നീണ്ട വസ്തുവുമായി വരുന്നത് അയാൾ കണ്ടു. അവരിൽ എട്ടുപേർക്ക് പരിക്കേറ്റതായി അയാൾ പറഞ്ഞു. നിലവിളി കേട്ട് വടക്കേത്തറ പുഴയ്ക്കൽ പറമ്പ് മാധവന്റെ മകൻ മണികണ്ഠനും വടുകത്തൊടി ചാവുണ്ണിയുടെ മകൻ സിജുവും ഓടിവന്നെങ്കിലും അക്രമികൾ ഓടി മറഞ്ഞു. പരിക്കേറ്റവരെ ആംബുലൻസിൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി. സോമൻ കൊണ്ടുവന്നപ്പോൾ തന്നെ മരണപ്പെട്ടിരുന്നതായും അയാൾക്കും രാജേഷിനും ഗുരുതര പരിക്കുകൾ ഏറ്റിരുന്നതുമായി ഡോക്ടർ റിപ്പോർട്ട് ചെയ്തു. അന്വേഷണം പൂർത്തിയായപ്പോൾ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 212-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള കുറ്റകൃത്യം ചാർജ്ജ് ചെയ്ത വിനോദ്, മോഹനൻ, സെൽവരാജ് എന്ന മൂന്നു പേർ ഉൾപ്പെട്ട ഏഴുപേരെ വിചാരണയ്ക്ക് വിധേയരാക്കി. വിചാരണക്കോടതി തന്നെ ഈ മൂന്നു പേരെയും പിന്നീട് ചാർജുകളിൽ നിന്നും കുറ്റവിമുക്തരാക്കി.

5. വിചാരണകോടതി അതിന്റെ 24-11-2011-ലെ വിധിന്യായത്തിലൂടെ 1 മുതൽ 4 വരെയുള്ള പ്രതികളെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 341-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള ഒരു കുറ്റത്തിന് ജീവപര്യന്തം തടവിനും ഒരു മാസം വെറും തടവിനും കൂടാതെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 324-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ഒരു ആറുമാസക്കാലയളവിലേക്കുള്ള കഠിനതടവിനും കൂടി ശിക്ഷിച്ചു,

6. മുഴുവൻ പ്രോസിക്യൂഷൻ കേസും പി.ഡബ്ല്യിയു 2 വിശ്വനാഥൻ, പി.ഡബ്ല്യിയു 3 അഷറഫ് അലി, പി.ഡബ്ല്യിയു 10 രാജേഷ്, പി.ഡബ്ല്യിയു 13 അനിൽകുമാർ എന്നിങ്ങനെ വിസ്തരിച്ച പരിക്കേറ്റ സാക്ഷികളെ അടിസ്ഥാനമാക്കിയായിരുന്നു. എഗ്സിബിറ്റ് ഡി-2 ഇൻജുറി റിപ്പോർട്ടിൽ 28-9-2005-ലെ സംഭവത്തിൽ അപ്പീൽവാദിയ്ക്ക് പരിക്കേറ്റിരുന്നു എന്നും ആയത് രാത്രി ഏകദേശം 7.30 മണിയോടെ പി.ഡബ്ല്യിയു 2 വിശ്വനാഥൻ, മുഹമ്മദ് അലി, മണികണ്ഠൻ, പി.ഡബ്ല്യിയു 3 അഷറഫും ഏതാണ്ട് മറ്റു മുപ്പത് പേരും കൂടി അയാളെ വടികൊണ്ട് അടിച്ചതായി രേഖപ്പെടുത്തിയ അയാളുടെ മൊഴിയിൽ നിന്നും വെളിവാകുന്നു എന്നും അപ്പീൽവാദി മണിയ്ക്കു വേണ്ടിയുള്ള വിദ്വാനായ മുതിർ അഭിഭാഷകൻ വാദിച്ചു, നെറ്റിയിൽ 5 സെ.മീ. ആഴത്തിലെ മുറിവും ചതവും ആയിരുന്നു പരിക്ക്. അപ്പീൽവാദി സ്വരക്ഷാവകാശത്തിൽ പ്രവർത്തിച്ചതായും ആയതിനാൽ 302-ാം വകുപ്പിൻ കീഴിലെ ഒരു കുറ്റകൃത്യത്തിനുള്ള ശിക്ഷ അപ്പീൽവാദിയ്ക്ക് നൽകിയത് നിലനിൽക്കത്തക്കതല്ല എന്നും വാദിച്ചു.

7. പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലെ വിജയം സി.പി.എം പടക്കം പൊട്ടിച്ച് ആഘോഷിക്കുന്നതിനിടയിൽ ബി.ജെ.പി. പ്രവർത്തകരിൽ ഒരാൾക്ക് സാരിയിൽ തീ പിടിച്ച് പൊള്ളലേൽക്കുകയും അപ്രകാരം ചൊഴിയാംകോട് അസ്വസ്ഥത നിലനിൽക്കുന്നു എന്ന വിവരം ലഭിച്ചതിനെ തുടർന്ന് ചൊഴിയാംകോട് ഭാഗത്തേക്ക് പോയ എട്ടോളം പേരാണ് പ്രോസിക്യൂഷൻ കേസ് പ്രകാരം തന്നെ ഇരകൾ എന്നു വാദിച്ചു. എന്നിരുന്നാലും, ചൊഴിയാംകോട് ഏതെങ്കിലും തരത്തിലുള്ള ശണ്ഠ ഉണ്ടായിരുന്നു എന്നതിന് പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്നും യാതൊരു തെളിവുമില്ലെന്നു വാദിച്ചു. മേൽപ്പറഞ്ഞ പ്രദേശത്തുനിന്നുമുള്ള യാതൊരു സാക്ഷിയേയും വിസ്തരിച്ചിട്ടില്ല. ആരോപിതരായ എട്ടു ഇരകളുടേയും

പ്രസ്താവനകൾ പ്രകാരം അവർ ചൊഴിയാംകോട്ടേക്ക് പോകുകയായിരുന്നു. ഇരകൾ സംഘമായി ചൊഴിയാംകോട്ടേക്ക് പോകുന്ന വസ്തുത വകവയ്ക്കാതെ പ്രതികൾ മോട്ടോർസൈക്കിൾ ഓടിച്ചുപോയി എന്നു വാദിച്ചു. ഇരകൾ ധാരാളമായിരുന്നതിനാലും പ്രതികളുമായി പെട്ടെന്ന് ഏറ്റുമുട്ടുകയും ചെയ്തതിനാൽ അപ്പീൽവാദി സ്വരക്ഷയ്ക്ക് വേണ്ടി മാത്രം ശ്രമിച്ചു.

8. അപ്പീൽവാദിയ്ക്ക് സ്വരക്ഷാവകാശ ആനുകൂല്യം നൽകിയില്ലെങ്കിൽപോലും ഇത് യാതൊരു മുൻകരുതലും ഇല്ലാതെ പെട്ടെന്നുള്ള ഒരു കേസായിരുന്നതും അതുകൊണ്ട് 302-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യത്തിന് അപ്പീൽവാദിയെ ശിക്ഷിച്ചത് നിലനിൽക്കത്തക്കതല്ല എന്നും ബദലായി വാദിച്ചു. ഇത് ഭാഗം-II 304-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിനുള്ള ശിക്ഷയുടെ ഒരു കേസാണ്.

9. മറ്റുവിധത്തിൽ, അപ്പീൽവാദി - മണിയുടെ പ്രചോദനത്താൽ അവർ ഇരകളെ ആക്രമിച്ചു എന്ന് പരിക്കേറ്റ എല്ലാ സാക്ഷികളും യോജിപ്പോടെ പറഞ്ഞു എന്ന് സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ വാദിച്ചു, വടിവാൾ, കത്തി, ഇരുമ്പ്ദണ്ഡ് തുടങ്ങിയ ആയുധങ്ങളോടെ ഇരകളെ ആക്രമിച്ച അക്രമികളുടെ ഭാഗമായിരുന്നു 2 മുതൽ 4 വരെയുള്ള പ്രതികൾ എന്നുകൂടി സംസ്ഥാനത്തിനുവേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു. എല്ലാ പ്രതികളും ഒരുമിച്ച് രണ്ട് മോട്ടോർ സൈക്കിളുകളിലായി വന്ന് മുറിവുകൾ ഏൽപ്പിച്ചശേഷം ഒരുമിച്ചു കടന്നുകളഞ്ഞ പൊതുലക്ഷ്യം സൂചിപ്പിക്കുന്ന ഒരു കേസാണ് ഇത്. പ്രതികൾക്ക് ഇരകളെ കൊല്ലണമെന്ന ഉദ്ദേശത്തോടെ അടിച്ചതു വ്യക്തമായി തെളിയുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പൊതുലക്ഷ്യം ഉണ്ടായിരുന്നതായി അനുമാനിക്കാം.

10. പൊതുലക്ഷ്യം പെട്ടെന്ന് ഉണ്ടാകാവുന്നതും, ആയതിനാൽ, പ്രതി റോസി സ്ക്കൂളിനു സമീപം എത്തിയപ്പോൾ അവർക്ക് പൊതുലക്ഷ്യം ഉണ്ടാകേണ്ട ആവശ്യം ഇല്ലാത്തതും, എന്നാൽ അവർ ഇരകളെ കണ്ടപ്പോൾ ഇരകളെ അടിയ്ക്കുവാൻ അവർ തീരുമാനിക്കുകയും, അപ്രകാരമുള്ള അടി പൊതുലക്ഷ്യത്താലാണെന്നു പറയേണ്ട ആവശ്യമില്ലെന്നും വാദിച്ചു.

11. പരിക്കുകൾ ഉണ്ടായതു സംബന്ധിച്ച സാക്ഷികളുടെ മൊഴി യോജിക്കുന്നില്ലെന്നു ഞങ്ങൾ കണ്ടെത്തുന്നു. കൊല്ലപ്പെട്ട സോമനെ മണി കുത്തിയതായും മറ്റുള്ളവരെ ആക്രമിക്കാൻ അയാൾ പ്രചോദനം നൽകിയതായും എല്ലാ സാക്ഷികളും ഒരേപോലെ മൊഴി നൽകി. ചൊഴിയാംകോട് ഭാഗത്ത് പ്രതികൾ അസ്വസ്ഥത സൃഷ്ടിക്കുന്നതായി അവർക്ക് വിവരം ലഭിച്ചതായി പി.ഡബ്ലിയു 2 വിശ്വനാഥൻ പൊലിസിന് മൊഴി നൽകി. വിശ്വനാഥൻ പി.ഡബ്ലിയു 2 ആയി ഹാജരായപ്പോൾ, രണ്ടു മൂന്നു ആൾക്കാർ വന്ന് ബി.ജെ.പി അനുഭാവികൾ അസ്വസ്ഥത സൃഷ്ടിക്കുന്നു എന്നു പറഞ്ഞതായി മൊഴി നൽകി. ക്രോസ് വിസ്താരത്തിൽ, 'സാരി തീപിടുത്ത' സംഭവം ഒരു കേട്ടു കേഴ്വിയാണെന്ന് പി.ഡബ്ലിയു2 സമ്മതിച്ചു. പി.ഡബ്ലിയു3 അഷറഫ് അലി, അവർ റോസിസ്ക്കൂൾ ചരിവിനു സമീപം നിൽക്കുമ്പോൾ ബി.ജെ.പി.യുടെ കൊടി കാണാതായെന്നും ബി.ജെ.പി.ക്കാർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും ചൊഴിയാംകോടു നിന്നു വന്ന രണ്ടു മൂന്നു പേർ പറഞ്ഞതായി മൊഴി നൽകി. പ്രശ്നം എന്താണെന്ന് തിട്ടപ്പെടുത്തുന്നതിനായി പ്രസ്തുത സ്ഥലത്തേയ്ക്ക് അവർ നടക്കുമ്പോൾ പടിഞ്ഞാറേ ദിശയിൽ നിന്നും രണ്ട് ബൈക്കുകൾ വരുന്നത് അവർ കണ്ടു. എന്നാൽ സാരി കത്തിച്ചതോ ബി.ജെ.പി. കൊടി കാണാതായതോ സംബന്ധിച്ച്

ചൊഴിയാംകോട് ഏതെങ്കിലും ആൾ പ്രശ്നം സൃഷ്ടിച്ചത് സംബന്ധിച്ച് യാതൊരാളെയും വിസ്തരിച്ചില്ല.

12. പ്രഥമ വിവര റിപ്പോർട്ടിൽ, പി.ഡബ്ല്യു 3 അഷറഫിനെ 3-ാം പ്രതി പ്രവീൺ ഇരുമ്പ് ദണ്ഡ് കൊണ്ട് അടിച്ചതായും, എന്നാൽ പരാതിക്കാരനെ 2-ാം പ്രതി രത്നകുമാർ വടിവാളുകൊണ്ട് അടിച്ചതായും പറയപ്പെടുന്നു. എന്നാൽ തെളിവിൽ, പി.ഡബ്ല്യു 3 അഷറഫ് അലി, 2-ാം പ്രതി രത്നകുമാർ അയാളുടെ മൂക്കിനും ഇടതുകൈക്കും ഇടതു തോളിനും ഇടിച്ചതായും, എന്നാൽ 4-ാം പ്രതി സെൽവരാജ് ഒരു ക്രിക്കറ്റ് സ്റ്റമ്പു കൊണ്ട് അയാളെ ഇടിച്ചതായും പറഞ്ഞതായി മൊഴി നൽകി.

13. 2-ാം പ്രതി രത്നകുമാർ പി.ഡബ്ല്യു 2 വിശ്വനാഥിനെ പരിക്കേൽപ്പിച്ചതായി പറയപ്പെടുകയും എന്നാൽ രത്നകുമാർ (എ2) പി.ഡബ്ല്യു 3 അഷറഫ് അലിയ്ക്ക് പരിക്കേൽപ്പിച്ചു എന്നും പറയപ്പെടുന്നു. പ്രഥമ വിവര റിപ്പോർട്ടിൽ, 4-ാം പ്രതി സെൽവരാജിന്റെ കൈവശം ഒരു ക്രിക്കറ്റ് സ്റ്റമ്പ് ഉണ്ടായിരുന്നതായി യാതൊരു ആരോപണവുമില്ല.

14. 1-ാം പ്രതി മണിയുടേയും 3-ാം പ്രതി പ്രവീണിന്റേയും 2-ാം പ്രതി രത്നകുമാറിന്റേയും കൈകളിൽ കത്തികൾ ഉണ്ടായിരുന്നതായും കൂടാതെ സെൽവരാജിന്റെ കൈയിൽ ഒരു ക്രിക്കറ്റ് സ്റ്റമ്പ് ഉണ്ടായിരുന്നതായും മൊഴി നൽകിയതൊഴികെ മറ്റു രണ്ടു സാക്ഷികളും കൊടുത്ത അതേ രീതിയിലുള്ള മൊഴി തന്നെ പി.ഡബ്ല്യു 10 രാജേഷ് നൽകി. 3-ാം പ്രതി പ്രവീൺ അയാളുടെ കൈയിലെ കത്തി ഉപയോഗിച്ച് അയാളുടെ ഇടതു കൈയിലും ചൂണ്ടുവിരലിലും നെഞ്ചിലും കൂടി കുത്തിയതായും അയാൾ തിരിഞ്ഞപ്പോൾ പുറകിലും അതേ പോലെ ഇടതു തോളിലും കുത്തിയതായും പറയപ്പെടുന്നു, ഇരകൾ സംഭവസ്ഥലത്ത് നിൽക്കുന്നുണ്ടായിരുന്നോ എന്ന് ബി.ജെ.പി.ക്കാർക്ക് അറിവുണ്ടായിരുന്നോ എന്ന് അയാൾക്ക് അറിവില്ലായിരുന്നു.

15. 2-ാം പ്രതി രത്നകുമാറിന്റെ കൈയിൽ കത്തി ഉണ്ടായിരുന്നതായും അയാളുടെ ഇടതു നെറ്റിത്തടത്തിൽ പരിക്കേൽപ്പിച്ചതായും പി.ഡബ്ല്യു 13 അനിൽകുമാർ മൊഴി നൽകി. 4-ാം പ്രതി സെൽവരാജ് അയാളെ ക്രിക്കറ്റ് സ്റ്റമ്പ് കൊണ്ട് അടിച്ചു. അത്തരം തെളിവിന്റേയും പി.ഡബ്ല്യു 8 ഡോക്ടർ പി.സി. ഇഗ്നേഷ്യസിനാൽ തെളിയിക്കപ്പെട്ട എഗ്സിബിറ്റ് പി.1 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ, കലാപത്തിൽ ഇരകൾക്ക് പരിക്കേറ്റതൊഴികെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പിന്റെ സഹായത്തോടെ 2 മുതൽ 4 വരെയുള്ള പ്രതികളെ ശിക്ഷിക്കുന്നതിന് യാതൊരു കാരണവുമില്ലെന്നു ഹൈക്കോടതി വിധിച്ചു. ധരംപാലും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് ഹരിയാന മനു/എസ്സ്.സി/0077/1978 : എ ഐ ആർ 1978 എസ്സ് സി 1492 ഉം നന്ദ് കിഷോർ Vs സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് മനു/എസ്സ്.സി/0753/2011 : എ ഐ ആർ 2011 എസ്സ് സി 2775 എന്നീ കേസുകളിലെ സുപ്രീംകോടതി വിധിന്യായങ്ങൾ ഹൈക്കോടതി അവലംബിച്ചു.

16. പരിക്കേറ്റ നാലു സാക്ഷികളുടേയും തെളിവ് വിവേചിച്ചറിയുമ്പോൾ അത്തരം സാക്ഷികൾ ബി.ജെ.പി. അനുഭാവികൾ പ്രശ്നം സൃഷ്ടിച്ചതിനെപ്പറ്റി കേട്ടുകൊണ്ട് ചൊഴിയംകോട് ഭാഗത്തേക്ക് പോകുന്നതിന് തീരുമാനിച്ചിരുന്നതും, എന്നാൽ പ്രസ്തുത വസ്തുത പ്രതികൾക്ക് മറ്റു സംഘത്തിലെ അംഗങ്ങളെ ഉപദ്രവിക്കുന്നതിന് പൊതുലക്ഷ്യം ഉണ്ടായിരുന്നതായി അർത്ഥമാക്കുന്നില്ല എന്ന കണ്ടെത്തലിൽ ഹൈക്കോടതി എത്തിച്ചേർന്നു. ഹൈക്കോടതി താഴെപ്പറയുന്ന കണ്ടെത്തലുകൾ രേഖപ്പെടുത്തി:

54. കീഴ്ക്കോടതിയുടെ കണ്ടെത്തൽ സ്വീകരിക്കുന്നത് അതീവ ദുഷ്ക്കരമാണ്,

മേൽ സൂചിപ്പിച്ച വിവിധ തീരുമാനങ്ങളിൽ സ്ഥാപിച്ച തത്വങ്ങളും അതിൽ ബാധകമാക്കി യിരുന്ന ടെസ്റ്റുകളും അലവംബിച്ചുകൊണ്ട് ഗുരുതരമായി കുത്തി പരിക്കേൽപ്പിക്കുന്നതിന് പൊതു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് പ്രതികൾ പങ്കാളികളായി എന്ന നിഗമന ത്തിൽ എത്തിച്ചേരാൻ പ്രയാസമാണ്.

55. ആദ്യമായി, ബി.ജെ.പി. അനുഭാവികൾ സൃഷ്ടിച്ച കലാപം എന്താണറിയുന്നതിനായി ഇരകൾ ചൊഴിയംകോട് വന്നിരുന്നോ എന്നും സോമൻ ആ സംഘത്തിൽ ഉണ്ടായിരുന്നോ എന്നതിനെക്കുറിച്ചും പ്രതികൾക്ക് യാതൊരു അറിവും ഉണ്ടായിരു ന്നില്ല. രണ്ടു സംഘങ്ങൾ തമ്മിൽ കലഹി ച്ചിരുന്നു എന്നത് സത്യമാകാം. എന്നാൽ സംഘങ്ങളിൽ ഒന്നിന് മറ്റേ സംഘത്തിലെ അംഗങ്ങളെ ഒഴിവാക്കുന്നതിന് ഒരു പൊതുലക്ഷ്യം എപ്പോഴുമുണ്ടാകും എന്നു പറയുന്നതിൽ പ്രസക്തിയില്ല.

56. സോമനെ കുത്തിയത് 1 -ാം പ്രതിയുടെ മനഃപൂർവ്വവും പെട്ടെന്നുമുള്ള പ്രവൃത്തിമൂലമായിരുന്നുവെന്ന പ്രോസിക്യൂഷൻ സംഭവ പരമ്പരയിലൂടെ പോയിരുന്നാലും, 1-ാം പ്രതി പ്രസ്തുത പ്രവൃത്തി പൊതു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി മറ്റു പ്രതികളുടെ പങ്കാളിത്തത്തോടെ നടത്തി എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിന് യാതൊരു ഘടകങ്ങളും കാണുന്നില്ല. ഒരു പക്ഷേ, തെളിവിൽനിന്നും, മറ്റു പ്രതികൾ, അതായത് 2, 3, 4 എന്നീ പ്രതികൾ, 1-ാം പ്രതിയിൽ നിന്നും അത്തരമൊരു പ്രവൃത്തി പ്രതീക്ഷിക്കാത്തതും 1-ാം പ്രതിയുടെ അത്തരം പ്രവൃത്തിയാൽ അവർ ആശ്ചര്യപ്പെട്ടു എന്നും തെളിവിൽ നിന്നും പ്രകടമാകും. ഇരകളുടെ സംഘം പ്രതികളെക്കാൾ അത്യന്തം എണ്ണത്തിൽ കവിഞ്ഞു നിൽക്കുന്ന തിനാൽ അവരിൽ നിന്നും പ്രഹരം പ്രതീക്ഷിക്കാവുന്നതും അത് ഒരു പക്ഷേ പെട്ടെന്ന് അക്രമി സംഘത്തിലെ അംഗങ്ങൾ ഇരകളെ മാറ്റിനിർത്താൻ കത്തികൾ വീശാൻ തുടങ്ങി എന്ന് പി.ഡബ്ലിയു 2, 3, 10, 13 എന്നീ പ്രോസിക്യൂഷൻ സാക്ഷികൾ എന്തുകൊണ്ട് പറഞ്ഞു എന്നതിന്റെ കാരണമാകും എന്നും പ്രകടമാകുന്നു. പി.ഡബ്ലിയു 2, 3, 10, 13 എന്നിവർക്ക് പരിക്കേറ്റിരുന്നു എന്ന വസ്തുത ഈ കോടതി ശ്രദ്ധിക്കപ്പെടാതെ പോയിട്ടില്ല.

*** **** ***

59. ഇതിനകം പ്രസ്താവിച്ച കാരണ ങ്ങളാൽ 1-ാം പ്രതി 1 മുതൽ 4 വരെ പ്രതികളുമായുള്ള പൊതു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി സോമനെ ഗുരുതരമായി കുത്തിപരിക്കേൽപ്പിച്ചു എന്ന കീഴ്ക്കോടതിയുടെ കണ്ടെത്തൽ സ്വീകരിക്കാൻ വളരെയധികം പ്രയാസമാണ്. ഈ കേസിന്റെ വസ്തുതകളിലും സാഹചര്യത്തിലും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പിന്റെ സഹായത്താൽ 2 മുതൽ 4 വരെ പ്രതികളുടെ മേലുള്ള കുറ്റസ്ഥാപനം തെറ്റായി സ്ഥാപിച്ച ഒന്നാണെന്നു കാണുന്നു.

17. അപ്പീൽവാദി - മണി ഏൽപ്പിച്ച പ്രഥമ പരിക്ക് പ്രതിയുമായി പങ്കുവച്ച പൊതു ലക്ഷ്യത്തിന്റെ ഒരു അനന്തരഫലമാണെന്ന് പറയുവാൻ സാധിക്കാത്തതിനാൽ പരുക്കേറ്റ സാക്ഷികളുടെ മേൽ ഏൽപ്പിച്ച പരിക്കുകൾ പൊതു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തി നാണെന്ന് പറയുവാൻ കഴിയുകയില്ല എന്നുകൂടി ഹൈക്കോടതി കണ്ടെത്തി. സാക്ഷികൾക്ക് പരിക്കേറ്റിരുന്നുവെങ്കിലും ആ പരിക്കുകൾ ഗുരുതരമല്ലെന്ന് ഹൈക്കോടതി കണ്ടെത്തി.

18. സോമന്റെ കൊലപാതകത്തിൽ യാതൊരു പൊതു ലക്ഷ്യവുമില്ലായിരുന്നു എന്ന് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ഞങ്ങൾ ഒരു തെറ്റും കണ്ടെത്തുന്നില്ല. ചൊഴിയാംകോട്ടെ സംഭവസ്ഥലത്ത് പ്രതികൾ ഉണ്ടായിരുന്ന തായോ ആ സ്ഥലത്ത് പ്രശ്നം സൃഷ്ടിച്ച

സംഘത്തിൽ അവർ ഭാഗമായിരുന്നോ എന്നും കാണിക്കുന്ന യാതൊരു തെളിവും പ്രോസിക്യൂഷൻ ഹാജരാക്കിയില്ല. പടക്കം പൊട്ടിച്ചതുകാരണം സാരി കത്തിയതിന്റെയോ കൊടി കാണാതായതിന്റെയോ ഏതെങ്കിലും സംഭവം ആ സ്ഥലത്ത് സംഭവിച്ചതായി യാതൊരു തെളിവുമില്ല. ആയതിനാൽ, തർക്കത്തിലെ ഉൽപ്പത്തി പ്രോസിക്യൂഷൻ തെളിയിച്ചിട്ടില്ല.

19. ഇരകൾ എണ്ണത്തിൽ എട്ടായിരുന്നതും പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ അവരുടെ പാർട്ടിയുടെ വിജയം ആഘോഷിക്കുന്നതിന്റെ ഉല്ലാസത്തിലുമായിരുന്നു ചൊഴിയാംകോട് ഭാഗത്തേക്ക് പോകുവാൻ അവർ തീരുമാനിച്ചത്. വിപരീതദിശയിൽ നിന്നും രണ്ട് മോട്ടോർസൈക്കിളുകളിലായി പ്രതികൾ പെട്ടെന്നു വന്നു. പ്രതികളിൽ ഒരാൾക്ക് പരിക്കുകൾ ഏറ്റിരുന്നതും അതുപോലെ ആ വസ്തുത സാക്ഷികളിലൊരാളായ പി.ഡബ്ലിയു 2 വിശ്വനാഥനും കൂടി സമ്മതിച്ചിട്ടുണ്ട്.

20. ഇത് അങ്ങനെ ആയിരിക്കെ, പരിക്കേറ്റ എല്ലാ സാക്ഷികളും അപ്പീൽവാദിയാൽ സോമൻ മരണപ്പെട്ടു എന്ന് യോജിപ്പോടെ മൊഴി നൽകി എന്ന വസ്തുത പരിക്ക് ഗുരുതരമല്ലാത്തതും അതുകൊണ്ട് പരേതന്റെ മർമ്മസ്ഥാനമായ നെഞ്ചിൽ അപ്രകാരം മരണത്തിനു കാരണമായേക്കാവുന്ന ഒരു മുറിവേല്പിച്ച് ആക്രമിക്കാൻ അയാൾക്കു കഴിയുകയില്ല. അതുകൊണ്ട്, സ്വയംരക്ഷാവകാശത്തിന്റെ വിനിയോഗത്തിൽ വേണ്ടതായ കൂടുതൽ മുറിവ് ഏൽക്കാത്തിടത്തോളം അപ്പീൽ വാദിയ്ക്ക് സ്വയം രക്ഷാവകാശത്തിനർഹതയില്ല. അതുകൊണ്ട്, അപ്പീൽവാദി സ്വയംരക്ഷയ്ക്കു വേണ്ടി പ്രവർത്തിച്ചു എന്ന വാദം നിലനിൽക്കുന്നതല്ല.

21. എന്നിരുന്നാലും, അപ്പീൽവാദി - മണി സംഭവസ്ഥലത്തേക്ക് പടിഞ്ഞാറു ദിശയിൽ നിന്നും ഒരു മോട്ടോർ സൈക്കിൾ ഓടിച്ചു വരികയായിരുന്നു. ഇരകൾ ചൊഴിയാംകോട് ഭാഗത്തേക്ക് നീങ്ങുന്നതായി പ്രതികൾക്ക് യാതൊരു അറിവോ വിവരമോ ഉണ്ടായിരുന്നില്ല. പ്രതികളും ഇരകളും തമ്മിൽ രാഷ്ട്രീയ ഭിന്നതകൾ ഒഴികെ യാതൊരു തരത്തിലുളള വ്യക്തിപരമായ ശത്രുതയില്ലെന്ന് പ്രോസിക്യൂഷൻ സാക്ഷികൾ മൊഴി നൽകി. അപ്പീൽവാദി പെട്ടെന്നുതന്നെ ഇരകളുമായി ഏറ്റുമുട്ടുകയും തുടർന്നുണ്ടായ പോരാട്ടത്തിൽ പരേതനും മറ്റു ഇരകൾക്കും പരിക്കേറ്റു.

22. യാതൊരു പ്രകോപനവുമില്ലാതെ, പെട്ടെന്നുണ്ടായ പോരാട്ടത്തിന്റെ വെളിച്ചത്തിൽ 302-ാം വകുപ്പിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന് അപ്പീൽവാദിയുടെ കുറ്റസ്ഥാപനം നിലനിൽക്കുന്നതല്ല. പരേതനായ സോമന്റെ നെഞ്ചിലേറ്റ കത്തികുത്താണ് പരേതന്റെ മരണകാരണം. അങ്ങനെയുള്ള പരിക്ക്, മരണത്തിന് കാരണമായേക്കാം എന്ന അറിവോടുകൂടിയാണ്, എന്നാൽ മരണം സംഭവിക്കണം എന്ന് യാതൊരു ഉദ്ദേശ്യവുമില്ലായിരുന്നു. അപ്രകാരം, ഇൻഡ്യൻ ശിക്ഷാ നിയമം 300-ാം വകുപ്പിന്റെ പെട്ടെന്നുണ്ടായ ഒരു വഴക്കുകാരണം അടിപിടിയാലുളള കോപത്താൽ മരണം സംഭവിച്ചതിനാൽ സോമന്റെ മരണം കൊലപാതകമല്ലാത്ത ഒരു നരഹത്യയാണ്. അതുകൊണ്ട്, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ഭാഗം-I 304-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടേണ്ട ഒരു കുറ്റമാണിത്.

23. അപ്പീൽവാദി യഥാർത്ഥ തടവിന്റെ ഏഴുവർഷത്തിലധികം അനുഭവിച്ചു എന്നു ചൂണ്ടിക്കാട്ടി. അതുകൊണ്ട്, സംഭവം ഉണ്ടായ പശ്ചാത്തലവും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് അപ്പീൽവാദി മേൽ ചുമത്തിയിട്ടുളള ശിക്ഷ ഇതിനകം അനുഭവിച്ചുകഴിഞ്ഞതിനാൽ, 20000 രൂപയുടെ പിഴ നിലനിർത്തിക്കൊണ്ട് ശിക്ഷ പരിഷ്ക്കരിക്കേണ്ടതാണെന്ന് ഞങ്ങൾ കണ്ടെത്തുന്നു.

24. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ, അപ്പീൽവാദി-മണി സമർപ്പിച്ച ക്രിമിനൽ അപ്പീൽ നമ്പർ 540/2019 ഭാഗികമായി അനുവദിക്കുകയും സ്റ്റേറ്റ് ഓഫ് കേരള സമർപ്പിച്ച ക്രിമിനൽ അപ്പീൽ നമ്പർ 541/2019 തള്ളുകയും ചെയ്തു.

# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ

റിട്ട് പെറ്റീഷൻ (സി) നമ്പർ 31157/2017

ശിവൻ കുറുപ്പ്. എൻ.

*Vs*

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും മറ്റുള്ളവരും

2018 ഫെബ്രുവരി 27-ന് വിധി പുറപ്പെടുവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**അർഹതയ്ക്ക് ഉപരിയായ ആനുകൂല്യങ്ങൾ തെറ്റായി നൽകിയ തൊഴിലുടമയ്ക്ക് അത് തിരിച്ച് പിടിക്കുന്ന വിഷയം സംബന്ധിച്ചാണ് പ്രസ്തുത കേസ്. കേരള സർവ്വീസ് ചട്ടങ്ങളിലെ 3 സി ചട്ടം ഒരു ഉദ്യോഗസ്ഥന് നൽകിയ അധികവേതനം തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നു. ഒരു ഉദ്യോഗസ്ഥന് അയാൾ വിരമിക്കുന്നതിന് നാല് വർഷക്കാലയളവിന് മുൻപ് തെറ്റായി അധികവേതനം നൽകുകയും ആയത് വിരമിച്ച് നാല് വർഷക്കാലയളവിന് ശേഷം മാത്രം കണ്ടുപിടിക്കുകയും ചെയ്താൽ അയാളുടെ പെൻഷനിലും വിരമിക്കലിന് ശേഷം ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളിലും നിന്ന് അയാളുടെ പെൻഷനിൽ നിന്നും അപ്രകാരം തിരിച്ച് പിടിക്കുന്നത് പ്രതിമാസ തവണയിൽ മാത്രം നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും ഓരോ തവണ തുകയും അയാൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ പെൻഷന്റെ 10% അധികരിക്കാൻ പാടില്ലാത്തതുമാണ്.**

### വിധിന്യായം

ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ

1. ഒന്നാം എതിർകക്ഷിയായ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഒരു ജീവനക്കാരനായിരുന്നു പരാതിക്കാരൻ. 4-ാം എതിർകക്ഷിയായ ജില്ലാ ട്രാൻസ്പോർട്ട് ആഫീസറുടെ കീഴിൽ ചേർത്തല ഡിപ്പോയിൽ സ്റ്റോർ അസിസ്റ്റന്റായി, അയാൾ പ്രവർത്തിക്കുമ്പോൾ 31-1-2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. 1-ാം എതിർകക്ഷി കോർപ്പറേഷനിലെ ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ആഫീസർ നൽകിയ പെൻഷൻ പേയ്മെന്റ് ഓർഡറാണ് എഗ്സിബിറ്റ് പി-1. പരാതിക്കാരന് 4,23,868 രൂപയുടെ ബാധ്യതയുണ്ടെന്നും, അതിനാൽ ഡി.സി.ആർ.ജി. തുകയായ 3,07,530 രൂപയും, പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്ന തുകയായ 1,85,281 രൂപയും ലഭിക്കുന്നതിന് അർഹതയുണ്ടെന്നും എന്നാൽ മേൽ തുക ലഭിക്കണമെങ്കിൽ ബാധ്യത ഈടാക്കുവാനുള്ള സമ്മതപത്രം നൽകിയാൽ മാത്രമേ കഴിയൂ എന്നും കാണിച്ചുകൊണ്ടുള്ള 1-ാം എതിർകക്ഷി കോർപ്പറേഷൻ

ചെയർമാന്റെയും മാനേജിംഗ് ഡയറക്ടറുടെയും 5-8-2017-ലെ എഗ്സിബിറ്റ് പി-4 ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട് ഫയൽ ചെയ്തതാണ് ഈ റിട്ട് ഹർജി. 4,23,868 രൂപയുടെ ബാധ്യത അയാളിൽ സ്ഥാപിക്കപ്പെട്ട എഗ്സിബിറ്റ് പി-4 ഉത്തരവ് ഒരു സെർഷ്യോററി റിട്ടിലൂടെ റദ്ദാക്കുന്നതിന് വേണ്ടിയാണ് പരാതിക്കാരൻ ഈ റിട്ട് ഹർജിയിലൂടെ ഈ കോടതിയെ സമീപിച്ചിട്ടുള്ളത്. ഡി.സി.ആർ.ജി. തുകയായ 3,07,530 രൂപയും, പെൻഷൻ കമ്മ്യൂട്ടഡ് തുകയായ 1,85,281 രൂപയും അതിന്റെ ന്യായമായ പലിശയും വിതരണം ചെയ്യുന്നതിന് എതിർകക്ഷികളോട് കൽപ്പിക്കുന്നതിന് ഒരു മാൻഡാമസ് റിട്ട് ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പരിഹാരങ്ങളും കൂടി പരാതിക്കാരൻ ആവശ്യപ്പെട്ടു. പരാതിക്കാരന്റെ ശമ്പളം കണ്ടക്ടർ ഗ്രേഡ് I വിഭാഗത്തിൽ 10-7-2000 മുതൽ പിശകായി നിശ്ചയിച്ചിട്ടുള്ളതായും, ആയതിനാൽ 10-7-2000 മുതൽ വിരമിക്കൽ വരെ അയാൾ അനർഹമായ ശമ്പളമാണ് സ്വീകരിച്ചതെന്നും വാദിച്ചുകൊണ്ട് 1-ഉം 2-ഉം എതിർകക്ഷികൾക്ക് വേണ്ടി ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്തു. പരാതിക്കാരൻ, കണ്ടക്ടർ ഗ്രേഡ് I തസ്തികയിലെ ഓപ്ഷൻ നൽകുന്ന സമയത്ത് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുക അധികമായി ലഭിച്ചാൽ ആയത് തിരികെ അടയ്ക്കാമെന്ന് 24-8-2000 എന്ന തീയതിയിലെ എഗ്സിബിറ്റ് ആർ1 (എ) പ്രതിജ്ഞാപത്രത്തിൽ ബോധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് കേരള സർവീസ് ചട്ടങ്ങൾ (ചുരുക്കത്തിൽ "കെ.എസ്.ആർ") ഭാഗം III, ചട്ടം 3 കുറിപ്പ് 2-ൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ വീക്ഷണത്തിൽ എഗ്സിബിറ്റ് പി-4 പ്രകാരമുള്ള വീണ്ടെടുക്കൽ നിയമപരമായി അനുവദനീയമാണ് എന്ന് എതിർകക്ഷികൾ വാദിക്കുന്നു.

2. 1 മുതൽ 4 വരെയുള്ള എതിർകക്ഷികളെ പ്രതിനിധീകരിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ വിദ്വാനായ സ്റ്റാന്റിംഗ് കൗൺസിലിനെയും പരാതിക്കാരന് വേണ്ടി ഹാജരായ വിദ്വാനായ അഭിഭാഷകനെയും കേട്ടു.

3. പരാതിക്കാരൻ 1-ാം എതിർകക്ഷി കോർപ്പറേഷന്റെ ചേർത്തല ഡിപ്പോയിൽ സ്റ്റോർ അസിസ്റ്റന്റായി പ്രവർത്തിക്കുമ്പോൾ 31-1-2015-ന് സർവ്വീസിൽ നിന്നും വിരമിച്ചു എന്ന് വാദങ്ങളും വസ്തുതകളും തെളിയിക്കുന്നു. 28-12-1987 മുതൽ പ്രാബല്യത്തിൽ അയാൾ കണ്ടക്ടർ ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിച്ചു. പരാതിക്കാരൻ പറയുന്നത് പ്രകാരം, 1990-ൽ അയാൾക്ക് സെറിബ്രൽ മെനിഞ്ചൈറ്റിസ് എന്ന മാരകമായ അസുഖം ബാധിക്കുകയും അയാൾ ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കിടപ്പുരോഗിയായി ചികിത്സയ്ക്ക് വിധേയനായിട്ടുമുണ്ട്. ആ ചികിത്സയുമായി ബന്ധപ്പെട്ട് 18-9-1992 മുതൽ 9-7-2000 വരെ ഏഴ് വർഷവും, 9 മാസവും 24 ദിവസവും അയാൾ ശൂന്യവേതനാവധിയിലായിരുന്നു. അതിനുശേഷം പരാതിക്കാരൻ സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് II എന്ന തസ്തികയിലേക്ക് തസ്തിക മാറ്റത്തിനായി അപേക്ഷിക്കുകയും, അതിനനുസരിച്ച് 30-6-2000 തീയതിയിലെ പി.എൽ.സി4/00941/2000 നമ്പർ മെമ്മോറാണ്ടം പ്രകാരം അയാൾക്ക് സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുകയും ചെയ്തു.

4. 10-7-2000-ൽ ജോലിയിൽ പുനഃപ്രവേശിച്ചതിന് ശേഷം പരാതിക്കാരൻ കണ്ടക്ടറുടെ ജോലികൾ ചെയ്തില്ല എന്ന വസ്തുതയിൽ തർക്കമില്ല. ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രകാരം, കണ്ടക്ടർ ഗ്രേഡ് II തസ്തികയിൽ ജോലിചെയ്യുന്ന ഒരു ജീവനക്കാരൻ, ആ

ഗ്രേഡിൽ ഒമ്പത് വർഷത്തെ യോഗ്യതാ സേവനം പൂർത്തിയാക്കുമ്പോൾ കണ്ടക്ടർ ഗ്രേഡ് I ആയി ഗ്രേഡ് പ്രൊമോഷന് അർഹതയുണ്ട്. 1992-ൽ മെഡിക്കൽ അവധി എടുക്കുന്ന സമയത്ത് പരാതിക്കാരന് കണ്ടക്ടർ ഗ്രേഡ് II തസ്തികയിൽ 3 വർഷത്തെ സേവനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിലവിലെ ചട്ടങ്ങൾ പ്രകാരം ഹർജിക്കാരൻ ശൂന്യവേതന അവധിയിൽ ആയിരുന്ന, അതായത്, 18-9-1992 മുതൽ 9-7-2000 വരെയുള്ള കാലയളവ്, ഗ്രേഡ് പ്രൊമോഷന് കണക്കാക്കാൻ കഴിയില്ല. പ്രസ്തുത വസ്തുത ശ്രദ്ധിക്കാതെ പരാതിക്കാരന് 10-7-2000 പ്രാബല്യത്തിൽ കണ്ടക്ടർ ഗ്രേഡ് I ആയി ഗ്രേഡ് പ്രൊമോഷൻ നൽകുകയും അപ്രകാരം അയാളുടെ ശമ്പളം ക്രമീകരിക്കുകയും ചെയ്തു.

5. കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ ഓപ്ഷൻ നൽകുന്ന സമയത്ത്, അയാൾ കണ്ടക്ടറായി തന്നെ തുടരുന്നതുപോലെ പരാതിക്കാരൻ 24-8-2000 തീയതിയിലെ എഗ്സിബിറ്റ് ആർ1(എ) പ്രതിജ്ഞാപത്രം സമർപ്പിച്ചു. ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അധിക തുക ലഭിക്കുന്നെങ്കിൽ ആയത്, മടക്കിനൽകുമെന്ന് എഗ്സിബിറ്റ് ആർ 1 (എ)-ൽ പരാതിക്കാരൻ ഉറപ്പ് നൽകി. 30-6-2000-ലെ മെമ്മോറാണ്ടം മുഖേന സ്റ്റോർ ഇഷ്യൂവറായി തസ്തികമാറ്റം നേടിയ പരാതിക്കാരൻ, കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ ഓപ്ഷൻ നൽകിയ സമയത്ത് പ്രസ്തുത കാര്യം മറച്ച് വെച്ചു. പിന്നീട് പരാതിക്കാരന്റെ സേവനപുസ്തകം പരിശോധിക്കുന്ന സമയത്ത് 1-ാം എതിർകക്ഷി കോർപ്പറേഷന്റെ ആഡിറ്റ് വിംഗ് ശമ്പളം നിശ്ചയിച്ചതിലുള്ള ക്രമക്കേട് കണ്ടെത്തുകയും അതനുസരിച്ച് പരാതിക്കാരന്റെ ശമ്പളം പുനർനിശ്ചയിക്കുകയും അയാൾക്ക് നിയമാനുസൃതം ലഭിക്കേണ്ട തുകയേക്കാൾ കൂടുതൽ 4,23,868 രൂപ അയാൾക്ക് ലഭിച്ചിട്ടുള്ളതും, ആയത് 5-8-2017 തീയതിയിലെ എഗ്സിബിറ്റ് പി-4 ഉത്തരവ് പ്രകാരം തിരിച്ച് പിടിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

6. റിട്ട് ഹർജിയിലെ 3-ാം ഖണ്ഡികയിലെ കാര്യവിവരണ പത്രികയിൽ 18-9-1992 മുതൽ 9-7-2000 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധിയ്ക്ക് ശേഷം പരാതിക്കാരൻ 4-ാം എതിർ കക്ഷിയുടെ കീഴിൽ സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് II ആയി ജോലിയിൽ പുനഃപ്രവേശിച്ചതായുള്ള വസ്തുത സമ്മതിച്ചിട്ടുള്ളതാണ്. കണ്ടക്ടർ ഗ്രേഡ് I ആയി അയാൾക്ക് എങ്ങനെ പ്രൊമോഷൻ ലഭിച്ചെന്നോ കണ്ടക്ടർ ഗ്രേഡ് I-ന്റെ ശമ്പളം ലഭിച്ചതെന്നോ അയാൾക്ക് അറിയില്ലെന്ന് ഖണ്ഡിക 4-ൽ പരാതിക്കാരൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും, എതിർകക്ഷികൾ എതിർസത്യവാങ്മൂലത്തോടൊപ്പം ഹാജരാക്കിയ 24-8-2000 എന്ന തീയതിയിലെ ആർ1(എ) പ്രതിജ്ഞാപത്രത്തിൽ നിന്നും പരാതിക്കാരൻ കണ്ടക്ടർ ഗ്രേഡ് I-ൽ ഗ്രേഡ് പ്രൊമോഷനുവേണ്ടി ഓപ്ഷൻ നൽകിയിരുന്നതായും, അങ്ങനെ കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ ശമ്പളം നിർണ്ണയിച്ചിട്ടുള്ളതായും സ്പഷ്ടമായി വ്യക്തമാകുന്നു. അങ്ങനെ, 10-7-2000 മുതൽ വിരമിക്കുന്നതു വരെ അതായത്, 31-5-2015 വരെ പരാതിക്കാരൻ അനർഹമായ ശമ്പളം കൈപ്പറ്റി. ഇപ്പോൾ പ്രസ്തുത അധിക തുക അയാളുടെ അന്തിമാനുകൂല്യങ്ങളിൽ നിന്നും 5-8-2017 തീയതിയിലെ എഗ്സിബിറ്റ് പി-4 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരിച്ചു പിടിക്കണമെന്ന് ആവശ്യപ്പെടുന്നു.

7. *സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs റഫീക്ക് മാസിഹ്* (വൈറ്റ് വാഷർ) മനു/എസ്.സി/1195/2014:2014 കെ.എച്ച്.സി 4818: എഐആർ 2015 എസ്.സി 696: (2015) 4 എസ്.സി.സി 334: 2015(1) കെ.എൽ.റ്റി 429 എന്ന പരമോന്നത

കോടതി മുമ്പാകെയുള്ള ഒരു കൂട്ടം കേസുകളിൽ സ്വകാര്യ എതിർകക്ഷികൾക്ക് അർഹതയ്ക്ക് അധികമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയിരുന്നു. അവർക്ക് നൽകേണ്ടതായ ആനുകൂല്യങ്ങൾ നിശ്ചയിച്ചതിൽ ക്ഷമതയുള്ള അധികാരസ്ഥാനം വരുത്തിയ തെറ്റിന്റെ ഫലമായാണ് ആ ആനുകൂല്യങ്ങൾ അവർക്ക് ലഭിച്ചത്. പ്രസ്തുത ആകസ്മികമായ പിഴവ് കാരണം ജീവനക്കാർക്ക് അവർക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങളേക്കാൾ കൂടുതൽ ലഭിച്ചു. ആ സ്വകാര്യ എതിർ കക്ഷികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകിയത് അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും തെറ്റിദ്ധാരണകൾകൊണ്ടോ അല്ലെങ്കിൽ അവർ നടത്തിയ എന്തെങ്കിലും വഞ്ചന കൊണ്ടോ അല്ല.

വിധിന്യായത്തിന്റെ 2-ാം ഖണ്ഡികയിൽ അവരുടെ അനർഹമായ സാമ്പത്തികാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് തൊഴിലുടമ ചെയ്ത തെറ്റിന് സ്വകാര്യ എതിർകക്ഷികളുടെ ഏതെങ്കിലും പങ്കാളിത്തം ഉണ്ടെന്നുള്ളത് ബഹു. സുപ്രീം കോടതി തള്ളിക്കളഞ്ഞു. പ്രസ്തുത തീരുമാനത്തിലെ 2-ാം ഖണ്ഡിക ഇപ്രകാരം വായിക്കുന്നു:

"2. എതിർകക്ഷികൾ-ജീവനക്കാർ ഏതെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയത് വഴി ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, ജീവനക്കാർക്ക് ഉയർന്ന തുക അബദ്ധത്തിൽ നൽകുന്നതിന് വഴിതെളിച്ചു എന്നത് ഈ ഒരു കൂട്ടം കേസുകളിലെ മറ്റൊരു അനിവാര്യമായ ഘടകമാണ്. ഇത്തരം എല്ലാ കേസുകളിലും സ്വകാര്യ <u>എതിർകക്ഷികൾക്ക് ഉയർന്ന തുക നൽകിയത് അവർ നടത്തിയ തെറ്റിദ്ധാരണ കൊണ്ടോ, അല്ലെങ്കിൽ അവർ നടത്തിയ ഏതെങ്കിലും ചതിപ്രയോഗം കൊണ്ടോ അല്ല.</u> അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ എതിർകക്ഷി-ജീവനക്കാർക്ക് നൽകിക്കൊണ്ട് തൊഴിലുടമ ചെയ്ത പിശകിന് സ്വകാര്യ എതിർകക്ഷികൾക്ക് ഏതെങ്കിലും പങ്കാളിത്തം ഉണ്ടെന്നുള്ളത് പൂർണ്ണമായും തള്ളിക്കളഞ്ഞു. സ്വകാര്യ എതിർകക്ഷികൾ അവരുടെ വർദ്ധിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച് തെറ്റായ തീരുമാനമെടുത്തതിൽ അവരുടെ തൊഴിലുടമകളെ പോലെ നിരപരാധികളായിരുന്നു എന്നത് അതുകൊണ്ട് രേഖപ്പെടുത്തുന്നതിൽ തെറ്റില്ല.

(അടിവരയിട്ടതിൽ ഊന്നൽ നൽകുന്നു)

8. റഫീഖ് മാസിഹ്-ന്റെ കേസിൽ ബഹു. പരമോന്നത കോടതി മുമ്പാകെ പരിഗണനയ്ക്ക് വന്ന വിഷയം താഴെ പറയും പ്രകാരമാണ്:

"വസ്തുതയുടെ അടിസ്ഥാനത്തിൽ മാത്രം ഈ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയത് <u>തൊഴിലുടമയുടെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാകുന്നതും, കൂടാതെ, തൊഴിലുടമയുടെ തീരുമാനത്തിൽ ജീവനക്കാർക്ക് യാതൊരു പങ്കുമില്ലാത്തതിനാൽ</u> അവർക്ക് ലഭിച്ച അധിക തുക മടക്കി നൽകുന്നതിൽനിന്നും അവരെ ഒഴിവാക്കണമെന്ന് സ്വകാര്യ എതിർകക്ഷികൾക്ക് സ്പഷ്ടമായി പറയുവാൻ കഴിയുമോ?"

(അടിവരയിട്ടതിൽ ഊന്നൽ നൽകുന്നു)

9. റഫീഖ് മാസിഹിന്റെ കേസിൽ വസ്തുതാപരമായ സാഹചര്യങ്ങളുടെ പരിധികൾ പ്രതിപാദിക്കുമ്പോൾ, തൊഴിലുടമ നടത്തിയ പിശകിന് അയാൾ സഹകരിക്കുന്നില്ല എന്ന വസ്തുതയാൽ മാത്രം ഒരു ജീവനക്കാരന് പ്രസ്തുത ആനുകൂല്യം നൽകുന്നതിന് കഴിയാത്തതോ ജീവനക്കാരൻ വസ്തുതാപരമായ ഏതെങ്കിലും തെറ്റായ വിവരം നൽകാതിരുന്നതുകൊണ്ട് മാത്രം അതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് ശരിയായി ലഭിക്കേണ്ടതിനേക്കാൾ കൂടുതൽ ജീവനക്കാരന് നൽകിക്കൊണ്ട് തൊഴിലുടമ

പിശക് നടത്തുകയോ അക്കാര്യത്തിനായി, ജീവനക്കാരന്റെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും ചതിപ്രയോഗത്തിന്റേയോ തെറ്റിദ്ധാരണയുടെയോ അഭാവത്തിൽ ജീവനക്കാരന് അമിതതുക നൽകിയതു കൊണ്ട് മാത്രമോ, തൊഴിലുടമയുടെ കൈകളാൽ ഉണ്ടായ തെറ്റായ സാമ്പത്തിക നേട്ടങ്ങളുടെ ഗുണഭോക്താക്കളായ ജീവനക്കാരോട് അത് തിരിച്ചടക്കാൻ നിർബന്ധിക്കാവുന്നതല്ലെന്ന് പരമോന്നത കോടതി വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് തെറ്റായ രീതിയിൽ നൽകിയിരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വീണ്ടെടുക്കുന്നതിന് തൊഴിലുടമ നൽകിയ ഉത്തരവുകളിൽ ഇടപെടണമെങ്കിൽ അത്തരത്തിലുള്ള വീണ്ടെടുക്കൽ സ്വാഭാവികമായും ബുദ്ധിമുട്ടുകൾക്ക് കാരണമാകുകയും, അത് വീണ്ടെടുക്കുവാനുള്ള തൊഴിലുടമയുടെ അവകാശത്തിന്റെ തുല്യതയില്ലാത്ത സമത്വത്തിന് കാരണമാവുകയും ചെയ്യും എന്ന് സുപ്രീം കോടതി നിരവധി വിധികൾ പരിശോധിച്ചശേഷം നിരീക്ഷിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കൊടുത്ത തുക തിരിച്ച് പിടിക്കുന്നത് അനീതിപരമാകുമ്പോൾ അത്തരം കേസുകളിൽ മാത്രമാണ് ഇടപെടൽ ആവശ്യമാകുന്നത്. വിധിയുടെ 18-ാം ഖണ്ഡികയിൽ തൊഴിലുടമകളുടെ തിരിച്ചുപിടിക്കലുകളെ നിയമപരമായി അനുവദിക്കാത്ത ചില സാഹചര്യങ്ങളെ കുറിച്ച് പരമോന്നത കോടതി ചുരുക്കി പറഞ്ഞിട്ടുണ്ട്. പ്രസ്തുത വിധിയുടെ 18-ാം ഖണ്ഡിക ഇപ്രകാരം വായിക്കാം:

“18. അർഹതയ്ക്ക് ഉപരിയായ ആനുകൂല്യങ്ങൾ തെറ്റായി നൽകിയ തൊഴിലുടമയ്ക്ക് അത് തിരിച്ച് പിടിക്കുന്ന വിഷയത്തിൽ ജീവനക്കാർക്ക് ഉണ്ടാകുന്ന എല്ലാ വിഷമതകളെയും സംബന്ധിച്ച് സങ്കൽപ്പിക്കുവാൻ സാധിക്കില്ല. അത് അങ്ങനെ ആയിരിക്കെ, മേൽ പരാമർശിച്ചിട്ടുള്ള തീരുമാനങ്ങളെ അടിസ്ഥാനമാക്കി നമുക്ക് ഒരു ദ്രുതപരിശോധനയ്ക്കായി തൊഴിലുടമകളുടെ വസൂലാക്കൽ നിയമപരമായി അനുവദനീയമല്ലാതെയുള്ള ഏതാനും സാഹചര്യങ്ങൾ താഴെ ചുരുക്കി പറയാം:

(i) ക്ലാസ്സ് III, ക്ലാസ്സ് IV സേവനത്തിലുള്ള (അല്ലെങ്കിൽ ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി സേവനം) ജീവനക്കാരിൽ നിന്നുള്ള വസൂലാക്കൽ.

(ii) വിരമിച്ച ജീവനക്കാർ അല്ലെങ്കിൽ വസൂലാക്കൽ ഉത്തരവ് വന്നതിന് ശേഷം ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവനക്കാരിൽ നിന്നുള്ള വസൂലാക്കൽ.

(iii) വസൂലാക്കൽ ഉത്തരവ് പുറപ്പെടുവിച്ചതിന് മുമ്പ്, അധികച്ചെലവ് അഞ്ചു വർഷക്കാലയളവിന് മേൽ നൽകുമ്പോൾ ജീവനക്കാരിൽ നിന്നുള്ള വസൂലാക്കൽ.

(iv) ഒരു താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുവാൻ ശരിയായ രീതിയിൽ ആവശ്യപ്പെടേണ്ടതായിരുന്നെങ്കിലും, ഒരു ഉയർന്ന തസ്തികയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ജീവനക്കാരനോട് തെറ്റായി ആവശ്യപ്പെട്ടതിൽ അതിനനുസരിച്ച് നൽകിയ തുക വസൂലാക്കൽ.

(v) മറ്റേതെങ്കിലും കേസിൽ, ജീവനക്കാരനിൽ നിന്നും നടത്തിയ വസൂലാക്കൽ, ഒരു പരിധി വരെ അന്യായമായതോ പരുഷമായതോ സ്വേച്ഛാധികാരപരമായതോ അതിൽ തൊഴിലുടമയുടെ വസൂലാക്കൽ അവകാശം തുല്യതയില്ലാത്തതാണ് എന്ന നിഗമനത്തിൽ കോടതി എത്തിച്ചേരുമ്പോൾ.”

10. *പഞ്ചാബ് & ഹരിയാന ഹൈക്കോടതി Vs ജഗ്ദേവ് സിംഗ്* മനു/എസ്.സി/0831/2016:

2016 കെഎച്ച്സി 6515: (2016) 14 എസ്.സി.സി 267: എഐആർ 2016 എസ്.സി 3523 എന്ന കേസിൽ, റഫീഖ് മസിഹിന്റെ കേസിൽ (മുകളിലെ) II-ാം നിർദ്ദേശത്തിൽ പ്രഖ്യാപിച്ച തത്വമായ, വിരമിച്ച ജീവനക്കാരിൽ നിന്നോ, വസൂലാക്കൽ ഉത്തരവ് വന്നതിന് ശേഷം ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവനക്കാരിൽ നിന്നോ തൊഴിലുടമയ്ക്ക് നിയമപ്രകാരം വസൂലാക്കൽ അനുവദിച്ചിട്ടില്ലെന്നത് ആദ്യഘട്ടത്തിൽ അധികമായി തുക ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആയത് തിരിച്ചടക്കേണ്ടിവരുമെന്ന് നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല എന്ന് പരമോന്നത കോടതി സൂചിപ്പിച്ചിട്ടുണ്ട്. പരിഷ്കരിച്ച ശമ്പള സ്കെയിലിനായി ഓപ്ഷൻ നൽകുന്ന സമയത്ത് ഉദ്യോഗസ്ഥൻ രേഖാമൂലമുള്ള ഒരു ഉറപ്പ് നൽകിയിരുന്നതും, അയാൾ ആ ഉറപ്പിന് ബാദ്ധ്യസ്ഥനുമാണ്. ആ വിധിയുടെ 10-ഉം 11-ഉം ഖണ്ഡികകൾ ഇപ്രകാരം വായിക്കാവുന്നതാണ്:

"10. *സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs റഫീഖ് മാസിഹ്* (വൈറ്റ് വാഷർ)-ൽ മനു/എസ്.സി/1195/2014: 2015 (4) എസ്.സി.സി 334, ഒരു തൊഴിലുടമ തെറ്റായി തുക നൽകിയത് സംബന്ധിച്ചുള്ള ക്ലേശകരമായ എല്ലാ സാഹചര്യങ്ങളും അംഗീകരിക്കുവാൻ കഴിയില്ലെങ്കിലും, താഴെ പറയുന്ന സാഹചര്യങ്ങളിൽ, തൊഴിലുടമയുടെ ഒരു വസൂലാക്കൽ നിയമപരമായി അനുവദനീയമാകും:

XXXX XXXX XXXX

(ii) വിരമിച്ച ജീവനക്കാരിൽ നിന്നോ അല്ലെങ്കിൽ വസൂലാക്കൽ ഉത്തരവ് മുതൽ ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവനക്കാരിൽ നിന്നോ ഉള്ള വസൂലാക്കൽ.

XXXX XXXX XXXX

11. മുകളിൽ (ii)-ാം നിർദ്ദേശത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തത്വം, അതേപടി നിലവിലെ കേസിൽ ബാധകമാക്കുവാൻ കഴിയില്ല. നിലവിലെ കേസിൽ ആദ്യഘട്ടത്തിൽ തുക ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ അധികമായി ലഭിച്ച തുക തിരിച്ചടക്കേണ്ടി വരുമെന്ന് നോട്ടീസിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്. പരിഷ്കരിച്ച ശമ്പള സ്കെയിലിനായി ഓപ്ഷൻ നൽകുന്ന സമയത്ത് ഉദ്യോഗസ്ഥൻ രേഖാമൂലമുള്ള ഒരു ഉറപ്പ് നൽകിയിരുന്നു. അയാൾ ആ ഉറപ്പിന് ബാദ്ധ്യസ്ഥനാണ്.'

11. *ജഗ്ദേവ് സിംഗി*ന്റെ കേസിൽ (മുകളിലെ) പരമോന്നത കോടതി കൈകാര്യം ചെയ്തിരുന്ന ഒരു കേസിൽ, അതിലെ എതിർകക്ഷികളെ സിവിൽ ജഡ്ജ് (ജൂനിയർ വിഭാഗം) ആയി 16-7-1987-ൽ നിയമിച്ചിരുന്നതും 28-8-1997-ൽ അവർക്ക് അഡീഷണൽ സിവിൽ ജഡ്ജിയായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. 28-9-2001 തീയതിയിലെ ഒരു വിജ്ഞാപന പ്രകാരം, 2001-ലെ ഹരിയാന സിവിൽ സർവ്വീസും (ജുഡീഷ്യൽ ബ്രാഞ്ച്) ഹരിയാന സുപ്പീരിയർ ജുഡീഷ്യൽ സർവ്വീസും ശമ്പള പരിഷ്കരണ ചട്ടങ്ങൾ പ്രകാരം, 10000-325-15200 (സീനിയർ സ്കെയിൽ) എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം, അധികമായി നൽകുന്ന തുക, സർക്കാരിന്, ഭാവിയിൽ ലഭിക്കേണ്ട പ്രതിഫലത്തിൽ നിന്ന് തട്ടിക്കഴിക്കുകയോ മറ്റ് പ്രകാരമോ തിരിച്ചടയ്ക്കണമെന്നുള്ള ഒരു ഉറപ്പ് ഓരോ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എതിർകക്ഷി ഒരു ഉറപ്പ് നൽകുകയും, സെലക്ഷൻ ഗ്രേഡിലെ 14300-400-18000-300 എന്ന പരിഷ്കരിച്ച ശമ്പള സ്കെയിൽ അനുവദിക്കുകയും ചെയ്തു. പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യുമ്പോൾ, അപ്രകാരമുള്ള ഏതെങ്കിലും അധിക തുക നൽകിയതായി കണ്ടുപിടിക്കുന്ന പക്ഷവും തുടർന്ന് ആവശ്യപ്പെടുന്ന പക്ഷവും എതിർകക്ഷി ആയത് തിരിച്ചടയ്ക്കാമെന്ന്

ഉറപ്പ് നൽകിയിരുന്നു. എതിർകക്ഷിയ്ക്ക് സെലക്ഷൻ ഗ്രേഡിലെ പരിഷ്കരിച്ച ശമ്പള സ്കെയിലിലുള്ള തുക 7-1-2002-ൽ അനുവദിച്ചു. 19-8-2002-ൽ അയാൾ സസ്പെൻഷനിലാവുകയും, തുടർന്ന് 12-2-2003-ൽ സർവ്വീസിൽ നിന്നും നിർബന്ധിത വിരമിക്കൽ എടുക്കുകയും ചെയ്തു. പിന്നീട്, ഹരിയാനയിലെ ജുഡീഷ്യൽ ആഫീസർമാരുടെ ശമ്പള സ്കെയിലുകൾ 1-1-1996 പ്രാബല്യത്തിൽ ഒരിക്കൽ കൂടി പരിഷ്കരിച്ചു. ശമ്പള പരിഷ്കരണ ചട്ടങ്ങളുടെ വിജ്ഞാപനത്തെ തുടർന്ന് ജുഡീഷ്യൽ ആഫീസർമാർക്ക് നൽകിയ അധിക തുക ക്രമീകരിക്കുന്നതിനായി ഒരു ഉറപ്പ് നൽകണമെന്ന് വ്യവസ്ഥ ചെയ്തു. ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശത്തെ തുടർന്ന് 18-2-2004-ൽ 1,22,003 രൂപ തിരികെ പിടിക്കുന്നതിനുള്ള ഒരു കത്ത് എതിർ കക്ഷിയ്ക്ക് നൽകി. എതിർകക്ഷി ഈ വസൂലാക്കൽ നടപടിയ്ക്ക് എതിരെ 226-ാം അനുച്ഛേദപ്രകാരം റിട്ട് ഹർജിയിലൂടെ എതിർക്കുകയും, ആയത് ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലൂടെ അനുവദിച്ചതുമാണ്. അവസാനം അത് പരമോന്നത കോടതി മുമ്പാകെ എത്തിച്ചു. റഫീഖ് മസിഹിന്റെ കേസിൽ (മുകളിലെ) II-ാം നിർദ്ദേശത്തിൽ പ്രഖ്യാപിച്ച തത്വമായ, വിരമിച്ച ജീവനക്കാരിൽ നിന്നോ, വസൂലാക്കൽ ഉത്തരവ് വന്നതിന് ശേഷം ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവന ക്കാരിൽ നിന്നോ തൊഴിലുടമയ്ക്ക് നിയമപ്രകാരം വസൂലാക്കൽ അനുവദിച്ചിട്ടില്ലെന്നത് ആദ്യഘട്ടത്തിൽ അധികമായി തുക ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആയത് തിരിച്ചടക്കേണ്ടിവരുമെന്ന് നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല എന്ന പരമോന്നത കോടതി സൂചിപ്പിച്ചിട്ടുണ്ട്. പരിഷ്കരിച്ച ശമ്പള സ്കെയിലിനായി ഓപ്ഷൻ നൽകുന്ന സമയത്ത് ഉദ്യോഗസ്ഥൻ രേഖാമൂലമുള്ള ഒരു ഉറപ്പ് നൽകിയിരുന്നതും, അയാൾ ആ ഉറപ്പിന് ബാദ്ധ്യസ്ഥനുമാണ്.

12. *റഫീഖ് മസിഹിന്റെ* കേസിൽ (മുകളിലെ) പരമോന്നത കോടതി മുമ്പാകെയുള്ള ഒരു കൂട്ടം കേസുകളിൽ സ്വകാര്യ എതിർകക്ഷികൾക്ക് നൽകേണ്ടതായ ആനുകൂല്യങ്ങൾ നിശ്ചയിച്ചതിൽ ക്ഷമതയുള്ള അധികാരസ്ഥാനം വരുത്തിയ തെറ്റിന്റെ ഫലമായി അർഹതയ്ക്ക് അധികമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അവർക്ക് നൽകി. ഉയർന്ന തുക സ്വകാര്യ എതിർകക്ഷികൾക്ക് നൽകിയത്, അവർ നടത്തിയ ഏതെങ്കിലും തെറ്റിദ്ധാരണകൾകൊണ്ടോ അവർ നടത്തിയ ഏതെങ്കിലും ചതിപ്രയോഗം കൊണ്ടോ അല്ല. ഒരു തെറ്റായ ധാരണയിൽ തൊഴിലുടമ നടത്തിയ സാമ്പത്തിക ആനുകൂല്യങ്ങളുടെ നിർണ്ണയത്തിൽ യാതൊരു പങ്കും വഹിക്കാത്ത സ്വകാര്യ എതിർകക്ഷികളിൽ നിന്നും അവർക്ക് ലഭിച്ച അധികതുക വസൂലാക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കാമോ എന്നത് സംബന്ധിച്ചുള്ളതാണ് പരമോന്നത കോടതി മുമ്പാകെ പരിഗണനയ്ക്ക് വന്ന തർക്കവിഷയം. വസ്തുതാപരമായ സാഹചര്യങ്ങളുടെ പരിധികൾ പ്രതിപാദിക്കുമ്പോൾ, തൊഴിലുടമ നടത്തിയ പിശകിന് അയാൾ സഹകരിക്കുന്നില്ല എന്ന വസ്തുതയാൽ മാത്രം ഒരു ജീവനക്കാരന് പ്രസ്തുത ആനുകൂല്യം നൽകുന്നതിന് കഴിയാത്തതോ ജീവനക്കാരൻ വസ്തുതാപരമായ ഏതെങ്കിലും തെറ്റായ വിവരം നൽകാതിരുന്നതുകൊണ്ട് മാത്രം അതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് ശരിയായി ലഭിക്കേണ്ടതിനേക്കാൾ കൂടുതൽ ജീവനക്കാരന് നൽകിക്കൊണ്ട് തൊഴിലുടമ പിശക് നടത്തുകയോ അക്കാര്യത്തിനായി, ജീവനക്കാരന്റെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും ചതിപ്രയോഗത്തിന്റെയോ

തെറ്റിദ്ധാരണയുടെയോ അഭാവത്തിൽ ജീവനക്കാരന് അമിതതുക നൽകിയതു കൊണ്ട് മാത്രമോ, തൊഴിലുടമയുടെ കൈകളാൽ ഉണ്ടായ തെറ്റായ സാമ്പത്തിക നേട്ടങ്ങളുടെ ഗുണഭോക്താക്കളായ ജീവനക്കാരോട് അത് തിരിച്ചടക്കാൻ നിർബന്ധിക്കാവുന്നതല്ലെന്ന് പരമോന്നത കോടതി വ്യക്തമാക്കിയിട്ടുണ്ട്. തൊഴിലുടമ നടത്തിയ തെറ്റിനെ തുടർന്ന് ജീവനക്കാരന്റെ നിർദ്ദേശപ്രകാരം ഏതെങ്കിലും ചതിപ്രയോഗത്താലോ തെറ്റിദ്ധാരണയാലോ ലഭിച്ച അത്തരത്തിലുള്ള അമിതവേതനം സംബന്ധിച്ച് പരമോന്നത കോടതി റഫീഖ് മസിഹയുടെ കേസിൽ (മുകളിലെ) നൽകിയ വസ്തുതാപരമായ സാഹചര്യങ്ങളുടെ പരിധികൾ പ്രയോഗിക്കുവാൻ കഴിയില്ല. കൂടാതെ, ജഗ്ദേവ് സിംഗ് കേസിൽ (മുകളിലെ) പരമോന്നത കോടതി വിധിച്ചത് പോലെ, വിരമിച്ച ജീവനക്കാരിൽ നിന്നോ വസൂലാക്കൽ ഉത്തരവ് വന്നതിന് ശേഷം ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവനക്കാരിൽ നിന്നോ തൊഴിലുടമയ്ക്ക് നിയമപ്രകാരം വസൂലാക്കാൻ അനുവദിച്ചിട്ടില്ലെന്നത് ആദ്യഘട്ടത്തിൽ അമിതമായി തുക ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആയത് തിരിച്ചടയ്ക്കേണ്ടി വരുമെന്ന് നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല.

13. നിലവിലെ കേസിൽ, 28-12-1987 മുതൽ പ്രാബല്യത്തിൽ പരാതിക്കാരൻ കണ്ടക്ടർ ഗ്രേഡ് II തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചു. അയാൾ 18-9-1992 മുതൽ 9-7-2000 വരെ ഏഴ് വർഷവും 9 മാസവും 24 ദിവസവും ശൂന്യവേതനാവധിയിലായിരുന്നു. അതിനുശേഷം പരാതിക്കാരൻ സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് II എന്ന തസ്തികയിലേക്ക് തസ്തിക മാറ്റത്തിനായി അപേക്ഷിക്കുകയും അതനുസരിച്ച്, 30-6-2000 തീയതിയിലെ മെമ്മോറാണ്ടം പ്രകാരം അയാൾക്ക് ആ തസ്തികയിലേക്കുള്ള തസ്തികമാറ്റം അനുവദിച്ചിരുന്നു. 10-7-2000-ൽ ജോലിയിൽ പുനഃപ്രവേശിച്ചതിന് ശേഷം പരാതിക്കാരൻ കണ്ടക്ടറുടെ ജോലികൾ ചെയ്തില്ല എന്ന വസ്തുതയിൽ തർക്കമില്ല. ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രകാരം, കണ്ടക്ടർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന ഒരു ജീവനക്കാരൻ, ആ ഗ്രേഡിൽ ഒമ്പത് വർഷത്തെ യോഗ്യതാസേവനം പൂർത്തിയാക്കുമ്പോൾ കണ്ടക്ടർ ഗ്രേഡ് I ആയി ഗ്രേഡ് പ്രൊമോഷന് അർഹതയുണ്ട്. പ്രസ്തുത വസ്തുത ശ്രദ്ധിക്കാതെ പരാതിക്കാരന് 10-7-2000 പ്രാബല്യത്തിൽ കണ്ടക്ടർ ഗ്രേഡ് I ആയി ഗ്രേഡ് പ്രൊമോഷൻ നൽകുകയും അപ്രകാരം അയാളുടെ ശമ്പളം ക്രമീകരിക്കുകയും ചെയ്തു. 30-6-2000-ലെ മെമ്മോറാണ്ടം മുഖേന സ്റ്റോർ ഇഷ്യൂവറായി തസ്തികമാറ്റം നേടിയ പരാതിക്കാരൻ കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ ഓപ്ഷൻ നൽകിയ സമയത്ത് പ്രസ്തുത കാര്യം മറച്ച് വച്ചു. കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ ഓപ്ഷൻ നൽകുന്ന സമയത്ത് അയാൾ കണ്ടക്ടറായി തന്നെ തുടരുന്നതുപോലെ പരാതിക്കാരൻ 24-8-2000 തീയതിയിലെ എഗ്സിബിറ്റ് ആർ1(എ) പ്രതിജ്ഞാപത്രം സമർപ്പിച്ചു. പിന്നീട് പരാതിക്കാരന്റെ സേവനപുസ്തകം പരിശോധിക്കുന്ന സമയത്ത് 1-ാം എതിർകക്ഷി കോർപ്പറേഷന്റെ ആഡിറ്റ് വിംഗ് ശമ്പളം നിശ്ചയിച്ചതിലുള്ള ക്രമക്കേട് കണ്ടെത്തുകയും അതനുസരിച്ച് പരാതിക്കാരന്റെ ശമ്പളം പുനർ നിശ്ചയിക്കുകയും, നിയമാനുസൃതം ലഭിക്കേണ്ട തുകയേക്കാൾ കൂടുതൽ 4,23,868 രൂപ അയാൾക്ക് ലഭിച്ചിട്ടുള്ളതും ആയത്, 5-8-2017 തീയതിയിലെ എഗ്സിബിറ്റ് പി.4 ഉത്തരവ് പ്രകാരം തിരിച്ച് പിടിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. പരാതിക്കാരന് നൽകിയ അധികവേതനം അടിസ്ഥാന വസ്തുതകൾ മറച്ചുവച്ചു കൊണ്ടും, തെറ്റിദ്ധാരണയിന്മേലും ആയതിനാൽ പരമോന്നത കോടതി റഫീഖ് മസിഹ (മുകളിലെ) കേസിൽ സൂചിപ്പിച്ചിട്ടുള്ള തത്വം

ഈ കേസിന്റെ യഥാർത്ഥ സാഹചര്യത്തിൽ പ്രായോഗികമല്ല. കൂടാതെ, എഗ്സിബിറ്റ് ആർ1(എ) യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അധിക തുക ലഭിക്കുകയാണെങ്കിൽ മടക്കി നൽകുമെന്ന് ഉള്ള ഉറപ്പ് പാലിക്കാൻ പരാതിക്കാരൻ ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് റഫീഖ് മസിഹ കേസിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം വിരമിച്ച ജീവനക്കാരിൽ നിന്നോ അല്ലെങ്കിൽ വസൂലാക്കൽ ഉത്തരവ് വന്നതിന് ശേഷം ഒരു വർഷത്തിനുള്ളിൽ വിരമിക്കേണ്ട ജീവനക്കാരിൽ നിന്നോ തൊഴിലുടമയ്ക്ക് നിയമപ്രകാരം വസൂലാക്കാൻ അനുവദിച്ചിട്ടില്ലെന്നത് ആദ്യഘട്ടത്തിൽ അധികമായി തുക ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആയത് തിരിച്ച് അടയ്ക്കേണ്ടിവരുമെന്ന് നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല.

14. കേരള സർവ്വീസ് ചട്ടങ്ങളിലെ III-ാം ഭാഗത്തിലെ 3സി ചട്ടം തെറ്റായി ഒരു ഉദ്യോഗസ്ഥന് നൽകിയ അധിക വേതനം തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നു. 3സി ചട്ടം പ്രകാരം, ഈ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും, ഒരു ഉദ്യോഗസ്ഥന് അയാൾ വിരമിക്കുന്നതിന് നാല് വർഷക്കാലയളവിന് മുമ്പ് തെറ്റായി അധികവേതനം നൽകുകയും ആയത് വിരമിച്ച് നാല് വർഷക്കാലയളവിന് ശേഷം മാത്രം കണ്ടുപിടിക്കുകയും ചെയ്താൽ അയാളുടെ പെൻഷനിലും വിരമിക്കലിന് ശേഷം ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളിലും നിന്ന് അയാളുടെ പെൻഷനിൽ നിന്നും അപ്രകാരം തിരിച്ച് പിടിക്കുന്നത് പ്രതിമാസ തവണയിൽ മാത്രം നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, ഓരോ തവണ തുകയും അയാൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ പെൻഷന്റെ 10%-ൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. നിലവിലെ കേസിൽ, പരാതിക്കാരൻ 31-1-2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. എഗ്സിബിറ്റ് ആർ1(എ) യിൽ പരാതിക്കാരൻ നൽകിയ ഉറപ്പിന്റെയും, കേരള സർവീസ് ചട്ടങ്ങളുടെ III-ാം ഭാഗം 3സി ചട്ടത്തിലെ വ്യവസ്ഥകളുടെയും വെളിച്ചത്തിൽ പരാതിക്കാരന് കണ്ടക്ടർ ഗ്രേഡ് I-ൽ നൽകിയ അധിക വേതനം അയാൾ വിരമിച്ചതിന് നാല് വർഷം മുൻപും, വിരമിച്ച ശേഷം നാല് വർഷത്തിനുള്ളിൽ അങ്ങനെയുള്ള അധികവേതനം കണ്ടുപിടിച്ചതിനാൽ എതിർകക്ഷികൾക്ക് നിയമപരമായി വസൂലാക്കാൻ അർഹതയുണ്ട്.

ഫലത്തിൽ, പരാതിക്കാരന് കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ നൽകിയ അധിക വേതനം അയാളുടെ വിരമിക്കലിന് മുമ്പുള്ള നാല് വർഷക്കാലയളവിലേക്ക് കൂടുതൽ ദീർഘിപ്പിച്ച് കൊണ്ടുള്ള I-ാം എതിർകക്ഷിയുടെ എഗ്സിബിറ്റ് പി-4 ഉത്തരവ് അസാധുവാക്കിക്കൊണ്ട് ഈ റിട്ട് ഹർജി തീർപ്പാക്കുന്നു. പരാതിക്കാരൻ വിരമിക്കുന്നതിന് നാല് വർഷങ്ങൾക്കുള്ളിൽ അയാൾക്ക് നോട്ടീസ് നൽകിക്കൊണ്ടും, പരാതിക്കാരന് പറയുവാനുള്ളത് പറയുന്നതിന് ഒരു അവസരം നൽകിയും, കഴിയുന്നത്ര വേഗം, ഏത് വിധത്തിലും, ഈ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ I-ാം എതിർകക്ഷി പരാതിക്കാരന് കണ്ടക്ടർ ഗ്രേഡ് I തസ്തികയിൽ നൽകിയ അധികവേതനം കണക്കാക്കണം. അതിനുശേഷം, മൂന്ന് ആഴ്ചത്തെ അധിക കാലയളവിനുള്ളിൽ എതിർകക്ഷികൾ പരാതിക്കാരന് നൽകേണ്ട അന്തിമ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ്

എസ്.എ.നം. 554/1999 (ജി)

കുഞ്ഞിപ്പിള്ള

*Vs*

ഹരിദാസും മറ്റുള്ളവരും

2018 മേയ് 30-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഇൻഡ്യൻ തെളിവ് ആക്റ്റിലെ 92-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഒരു രജിസ്റ്റർ ചെയ്ത കക്ഷികൾക്ക് എല്ലാ സാഹചര്യങ്ങളിലും വാദിക്കുന്നതിനും തെളിയിക്കുന്നതിനും രജിസ്റ്റർ ചെയ്ത പത്രത്തിലെ വ്യവസ്ഥകൾക്ക് 92(1) വകുപ്പിനാൽ ചുമത്തിയിട്ടുള്ള വിലക്ക് ഇടപാടിന്റെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച പ്രമാണത്തിൻമേൽ അവലംബം ഒരു കക്ഷി തേടുമ്പോൾ മാത്രമേ ബാധകമാകുന്നുള്ളൂ.**

**പ്രമാണത്തിൽ രേഖപ്പെടുത്തിയ ഇടപാട് കക്ഷികൾ തമ്മിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തതും ആ പ്രമാണം ഒരു വ്യാജമാകുന്നിടത്തും അങ്ങനെയുള്ള കക്ഷിയുടെ കേസിൽ ബാധകമാകുന്നതുമല്ല.**

**ആ ആവശ്യത്തിലേക്കായി, എഴുതിയുണ്ടാക്കിയ പ്രമാണം ഒരു ഉടമ്പടിയായി പ്രയോഗിക്കാൻ ഉദ്ദേശിച്ചിട്ടില്ലായെന്നു കാണിക്കുന്നിടത്ത് വാക്കാൽ തെളിവ് സ്വീകാര്യമാകുന്നതും എന്നാൽ പൂർണ്ണമായ മറ്റു ചില ഉടമ്പടിയിൽ പ്രമാണത്തിൽ രേഖപ്പെടുത്താതെ കക്ഷികൾ തമ്മിൽ ഏർപ്പെട്ടിരുന്നതുമാണ്.**

### വിധിന്യായം

**ജസ്റ്റിസ് എ. ഹരിപ്രസാദ്**

1. പ്രഖ്യാപനത്തിനും വസ്തുവിന്റെ കൈവശാവകാശത്തിന്റെ പുനഃസ്ഥാപനത്തിനുമായി പ്രതിയുടെ നിർദ്ദേശത്താൽ ബോധിപ്പിച്ചിട്ടുള്ള ഈ അപ്പീൽ താഴെ പറയുന്ന കാതലായ നിയമപ്രശ്നങ്ങൾ ഉന്നയിക്കുന്നു:

എ. ഇൻഡ്യൻ തെളിവ് ആക്റ്റിലെ 92-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം, രജിസ്റ്റർ ചെയ്ത വിലയാധാരത്തിലെ കക്ഷികളെ രജിസ്റ്റർ ചെയ്ത ആധാരത്തിലെ നിബന്ധനകളെ വിയോജിച്ചുകൊണ്ട് ഉള്ള ഏതെങ്കിലും ഉടമ്പടി, അന്യായം ബോധിപ്പിച്ചുകൊണ്ട് തെളിയിക്കുന്നതിൽ നിന്ന്, എല്ലാ സാഹചര്യങ്ങളിലും ഒഴിച്ചു നിർത്താമോ?

ബി. വാങ്ങിയ ആളിലേക്ക് കൈവശാവകാശം കൈമാറിയിട്ടില്ല എന്ന് തെളിയിക്കപ്പെട്ട ഒരു കേസിൽ, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ടതായി വിവക്ഷിക്കുന്ന മുന്നാധാരം റദ്ദാക്കാൻ വിൽക്കുന്ന ആൾക്ക് അർഹത ഇല്ലാതാകുമോ?

സി. രജിസ്റ്റർ ചെയ്ത റദ്ദാധാരം ചോദ്യം ചെയ്യാതെയും അസ്ഥിരപ്പെടുത്താതെയും പ്രഖ്യാപിത അന്യായ പട്ടിക വസ്തുവിൻ മേലുള്ള തന്റെ ഉടമസ്ഥാവകാശവും കൈവശാവകാശവും നേടുന്നതിൽ നിന്നും വാദിയെ തടയാമോ?

2. അപ്പീൽവാദിയ്ക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും എതിർ കക്ഷിയ്ക്ക് വേണ്ടിയുള്ള മുതിർന്ന വിദ്വാനായ അഭിഭാഷകനേയും കേട്ടു.

3. ചുരുക്കത്തിൽ വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

1986-ൽ എഗ്സിബിറ്റ് ബി30 (എഗ്സിബിറ്റ് എ1) പ്രകാരം പ്രതി/ അപ്പീൽവാദിയിൽ നിന്നും വാദി/എതിർ കക്ഷിക്ക് വസ്തു കൈമാറി കിട്ടി. അന്യായ ത്തിലെ ആരോപണങ്ങൾ പ്രകാരം, അപ്പീൽവാദി വസ്തുവിന്റെ കൈവശാ വകാശം വാദിക്ക് കൈമാറുകയും, എഗ്സിബിറ്റ് ബി30 ഒരു സമ്പൂർണ്ണ വസ്തു കൈമാറ്റമായി തെളിയിക്കുകയും ചെയ്യുന്നു. അപ്പീൽവാദിയും എതിർകക്ഷിയും പരസ്പരം അടുത്ത് അറിയാവുന്നവരാണ് എന്ന വസ്തുത കണക്കിലെടുത്ത് വില്ലേജ് ആഫീസിൽ കരം ഒടുക്കുന്നതിനായി എതിർകക്ഷി അസ്സൽ കൈമാറ്റ ആധാരം അപ്പീൽവാദിയെ ഏൽപ്പിച്ചു. അതിനുശേഷം, അപ്പീൽവാദി പ്രമാണം റദ്ദാക്കുകയും, അന്യായ പട്ടിക വസ്തുവും അപ്പീൽ വാദിയുടെ കൈവശം ശേഷിക്കുന്ന വസ്തുവും തമ്മിൽ വേർതിരിക്കുന്ന അതിർത്തി രേഖ നശിപ്പിക്കുകയും ചെയ്തു. അപ്പീൽവാദി, വാദിയുടെ വസ്തുവിൽ അതിക്രമിച്ചു കടന്നു എന്നാരോപിച്ചുകൊണ്ട് ഈ വ്യവഹാരം ബോധിപ്പിച്ചു.

4. എഗ്സിബിറ്റ് ബി30 (എഗ്സിബിറ്റ് എ1) കളവായി ചമച്ച ഒരു പ്രമാണമാണെന്നും ആയത് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചി ട്ടില്ലാത്തതും വാസ്തവത്തിൽ പ്രാവർത്തിക മാക്കിയിട്ടില്ലാത്തതാണെന്നും തർക്കിച്ചു കൊണ്ട് അപ്പീൽവാദി പത്രിക സമർപ്പിച്ചു. അപ്പീൽവാദിയും എതിർകക്ഷിയും ഉൾപ്പെട്ട 20 പേർ ചാലക്കുടിയിലെ ധനലക്ഷ്മി ഫിനാൻസ് എന്ന സ്ഥാപനത്തിലെ പാർട്ട്ണർമാരാണ്. പിന്നീട് അപ്പീൽവാദി കൊരട്ടിയിലെ ഒരു സഹകരണ ബാങ്കിന്റെ പ്രസിഡന്റായി. സഹകരണ ബാങ്കിന്റെ പ്രസിഡന്റായും ഫേമിലെ ഒരു പങ്കാളിയായും തുടരുന്നതിന് നിയമതടസ്സമുള്ളതിനാൽ അയാൾ പാർട്ട്ണർഷിപ്പിൽ നിന്നും വിരമിക്കാൻ ഉദ്ദേശിച്ചു. അപ്പീൽവാദി പാർട്ട്ണർഷിപ്പ് ഫേമിൽ നിന്നും എടുത്ത ചില തുകയുടെ ഈടിനായി അന്യായ പട്ടിക വസ്തുവിനെ സംബന്ധിച്ച് ഒരു വസ്തു കൈമാറ്റ പ്രമാണം എഴുതി കൊടുക്കണ മെന്ന് എതിർകക്ഷി ശഠിച്ചു. എതിർകക്ഷി ശഠിച്ചതിൻപ്രകാരം, അപ്പീൽവാദി ഒരു ഈട് മാത്രം സൃഷ്ടിക്കുന്ന ഉദ്ദേശത്തോടെ എഗ്സിബിറ്റ് ബി30 എഴുതികൊടുക്കുകയും എതിർകക്ഷിയ്ക്ക് ഉടമസ്ഥാവകാശം കൈമാറുന്നതിന് യാതൊരു ഉദ്ദേശ്യവു മില്ലായിരുന്നു. ബാദ്ധ്യത തീർത്തതിനുശേഷം അപ്പീൽവാദി പ്രമാണം റദ്ദ് ചെയ്തു. വ്യവഹാരത്തിൽ അവകാശവാദം ഉന്നയിച്ച യാതൊരു പരിഹാരങ്ങളും ലഭിക്കുന്നതിന് എതിർകക്ഷിയ്ക്ക് യാതൊരു അവകാശവും ഇല്ല.

5. എതിർകക്ഷിയുടെ ഭാഗത്ത് നിന്നും എഗ്സിബിറ്റ് എ1-ഉം എ2-ഉം അപ്പീൽവാദിയുടെ ഭാഗത്ത് നിന്നും എഗ്സിബിറ്റ് ബി1 മുതൽ ബി30 വരെ രേഖപ്പെടുത്തുകയും ചെയ്തു. സി1-ഉം സി2-ഉം കമ്മീഷണർ ഹാജരാക്കിയ പ്ലാനും റിപ്പോർട്ടുമാണ്.

6. കീഴ്ക്കോടതി രേഖകളിലെ വസ്തുതകൾ പരിഗണിച്ചതിന് ശേഷം, എഗ്സിബിറ്റ് ബി30 ഒരു സമ്പൂർണ്ണ കൈമാറ്റ പ്രമാണമാണെന്നും ആയത് ഒരു കളവായി ചമച്ച പ്രമാണമാണെന്നുള്ള അപ്പീൽവാദിയുടെ തർക്കം ശരിയല്ല എന്നും കണ്ടെത്തി. സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി ഇരിങ്ങാലക്കുട സബ്കോടതി മുമ്പാകെ എ.എസ്സ്. നം. 124/1992 എന്ന നമ്പർ ഫസ്റ്റ് അപ്പീൽ ബോധിപ്പിച്ചു. കേസിലെ തെളിവ് പുനർവിവേചിച്ച ശേഷം വിദ്വാനായ സബ് ജഡ്ജി വിചാരണ കോടതിയുടെ കണ്ടെത്തലുകൾ ശരിവച്ചു കൊണ്ട് അപ്പീൽ തള്ളി.

7. അപ്പീൽവാദിയുടെ വാദങ്ങൾ തെളിവു ആക്റ്റിലെ 92-ാം വകുപ്പിന് എതിരാണ് എന്ന ഫസ്റ്റ് അപ്പീൽ കോടതിയുടെ അനുമാനം നിയമപരമായി നിലനിൽക്കത്തക്കതല്ല എന്ന് അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ ശക്തമായി തർക്കിച്ചു. അയാൾ പറയുന്ന പ്രകാരം, എഗ്സിബിറ്റ് ബി30 ഒരു വിലയാധാരമായി പ്രയോഗിക്കുന്നതിന് ഉദ്ദേശമില്ലായിരുന്നു എന്ന് കാണിക്കാൻ കോടതി രേഖകളിൽ വാക്കാലും രേഖാമൂലമായും പര്യാപ്തമായ തെളിവ് ഉണ്ട്. എഗ്സിബിറ്റ് ബി30-ൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവും അപ്പീൽവാദിയുടെ ശേഷിക്കുന്ന വസ്തുക്കളും തമ്മിൽ വേർതിരിക്കാനായി അതിര് തിരിച്ച രേഖയാതൊന്നും തന്നെയില്ല എന്ന തർക്കം ഉന്നയിക്കാനായി കമ്മീഷൻ റിപ്പോർട്ടിനെ അവലംബിച്ചു. വിദ്വാനായ അഭിഭാഷകൻ പറയുന്നതനുസരിച്ച്, അപ്പീൽവാദിക്ക് ഒരേസമയം പാർട്ട്ണർഷിപ്പ് ഫേമിലെ ഒരു പങ്കാളി എന്ന നിലയിലും ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്ന നിലയിലും പ്രവർത്തിക്കാനുള്ള പ്രയാസം ഉണ്ടായ ഒരു പ്രത്യേക സാഹചര്യത്തിൽ ഫേമിലെ അയാളുടെ ബാദ്ധ്യത സംബന്ധിച്ച് ഈട് നൽകാൻ നിർബന്ധിതനായതിനാൽ എഗ്സിബിറ്റ് 30 എഴുതി ഉണ്ടാക്കേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ നിന്നും ഒഴിവാകാൻ, അപ്പീൽവാദി എഗ്സിബിറ്റ് ബി30 എഴുതി ഉണ്ടാക്കുകയും ബാദ്ധ്യത തീർത്തതിന് ശേഷം അയാൾ എതിർകക്ഷിയോട് വസ്തു തിരികെ നൽകാൻ ആവശ്യപ്പെട്ടു, എന്നാൽ അയാൾ അപ്രകാരം ചെയ്തില്ല. അപ്പീൽവാദി, അയാളുടെ കേസ് സ്ഥാപിക്കുന്നതിനായി റദ്ദാധാരത്തെ അവലംബിച്ചില്ല എന്ന് വിദ്വാനായ അഭിഭാഷകൻ കൂടുതലായി തർക്കിച്ചു. പകരം, ഈ സാഹചര്യങ്ങളിൽ, ഒരു പൂർത്തിയാക്കിയ വില്പന നടന്നിട്ടില്ല എന്ന് കാണിക്കാൻ കഴിയും എന്ന് ഇവിടെ തർക്കിച്ചു.

8. തെളിവ് ആക്റ്റിലെ 92-ാം വകുപ്പിൻ കീഴിലെ വിലക്ക് സംബന്ധിച്ച് ഈ കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ ജോർജ്ജ് Vs അന്നക്കുട്ടി (മനു/കെഇ/1347/2017: 2017 (4) കെ.എൽ.റ്റി 553), എന്ന കേസിലെ തീർപ്പ് അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ അവലംബിച്ചു. ഗംഗാഭായി Vs ഛബുബായി (മനു/എസ്.സി/0385/1981: (1982) 1 എസ്.സി.സി (4) എന്ന കേസിൽ സുപ്രീംകോടതി പ്രഖ്യാപിച്ച നിയമം ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. സുപ്രീംകോടതി ഇപ്രകാരം വിധിച്ചു:

"92 (1) വകുപ്പിനാൽ ചുമത്തിയിട്ടുള്ള വിലക്ക് ഇടപാടിന്റെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച പ്രമാണത്തിൻമേൽ അവലംബം ഒരു കക്ഷി തേടുമ്പോൾ മാത്രമേ ബാധകമാകുന്നുള്ളൂ, പ്രമാണത്തിൽ രേഖപ്പെടുത്തിയ ഇടപാട് കക്ഷികൾ തമ്മിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തതും ആ പ്രമാണം ഒരു വ്യാജവുമാകുന്നിടത്ത്, അങ്ങനെയുള്ള ഒരു കക്ഷിയുടെ കേസിൽ ബാധകമാകുന്നതുമല്ല. പൂർണ്ണമായി അവിടെ ഒരു വിഭിന്ന ഇടപാട് ഉണ്ടായിരുന്നതായി കക്ഷി സ്പഷ്ടമാക്കുമ്പോൾ അങ്ങനെയുള്ള ഒരു ചോദ്യം ഉയരുന്നതും, പ്രമാണത്തിൽ രേഖപ്പെടുത്തിയതെന്തായാലും യാതൊരു പരിണിതഫലവും ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. ആ ആവശ്യത്തിലേക്കായി, എഴുതി ഉണ്ടാക്കിയ പ്രമാണം ഒരു ഉടമ്പടിയായി പ്രയോഗിക്കാൻ ഉദ്ദേശിച്ചിട്ടില്ല എന്ന്

കാണിക്കുന്നിടത്ത് വാക്കാൽ തെളിവ് സ്വീകാര്യമാകുന്നതും, എന്നാൽ, പൂർണ്ണമായ മറ്റ് ചില ഉടമ്പടിയിൽ പ്രമാണത്തിൽ രേഖപ്പെടുത്താതെ കക്ഷികൾ തമ്മിൽ ഏർപ്പെട്ടിരുന്നതുമാണ്. ഇതേ തത്വം, ഈ കോടതിയുടെ ഡിവിഷൻ ബഞ്ച്, ജോർജ്ജിന്റെ കേസിൽ (മുകളിലെ) പിന്തുടർന്നു.

9. എതിർകക്ഷിയ്ക്കുവേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ എഗ്സിബിറ്റ് ബി 30-നെ ഒരു വ്യാജ പ്രമാണമെന്നു അപ്പീൽവാദിയ്ക്ക് പറയുവാൻ കഴിയുകയില്ലെന്ന് തർക്കിച്ചു. അപ്പീൽവാദിയെ ഡി.ഡബ്ല്യു 1 ആയി വിചാരണ വേളയിൽ വിസ്തരിച്ചപ്പോഴുള്ള സത്യസന്ധമായ സമ്മതങ്ങളെ അവലംബിച്ചുകൊണ്ട്, എഗ്സിബിറ്റ് ബി 30 പ്രമാണം എഴുതി ഉണ്ടാക്കുന്നതിന് മുമ്പുതന്നെ, അപ്പീൽവാദിയും എതിർകക്ഷിയും തമ്മിൽ വസ്തു കൈമാറുന്നതിനുവേണ്ടി ഒരു വാക്കാലുള്ള ഉടമ്പടിയുണ്ടായിരുന്നതും അതിനുശേഷം എതിർകക്ഷിയ്ക്ക് അത് വില്പന നടത്തി എന്നും ബോധിപ്പിച്ചുകൊണ്ട് അപ്പീൽവാദി ഒരു കേസ് നൽകിയിട്ടുണ്ടെന്നും വിദ്വാനായ മുതിർന്ന അഭിഭാഷകൻ തർക്കിച്ചു. അപ്പീൽവാദിയ്ക്കു വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ അവലംബിച്ചിട്ടുള്ള എഗ്സിബിറ്റ് ബി 28 ഉടമ്പടി, എഗ്സിബിറ്റ് ബി 30 മുഖാന്തിരം ഒരു സമ്പൂർണ്ണ വില്പനയുടെ ഒരു സൂചന കൂടി കാണിക്കുന്നു. ബാദ്ധ്യത തീർപ്പാക്കിയതിനുശേഷം എഗ്സിബിറ്റ് ബി 30-ൽ ഉൾപ്പെട്ട വസ്തുക്കൾ പുനർകൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഒരു വാക്കാൽ ഉടമ്പടി ഉണ്ടായിരുന്നതായി ഡി.ഡബ്ല്യു 1 (അപ്പീൽവാദി) നിസ്സംശയം മൊഴി നൽകി. ആ ഉടമ്പടി നടപ്പിൽ വരുത്തുന്നതിനുവേണ്ടി യാതൊരു നിയമനടപടിയും അപ്പീൽവാദി എടുത്തിരുന്നില്ല എന്നത് അംഗീകരിക്കപ്പെടേണ്ടതാണ്.

10. ഈ കോടതി മൂസ Vs മൊയ്തീൻ [2000 (1) കെഎൽറ്റി 183]-ൽ ഒരു സമാന സാഹചര്യം പരിഗണിക്കുകയും, അങ്ങനെയുള്ള ഒരു അവകാശവാദം ഉന്നയിക്കുന്ന ഒരു വ്യക്തിയ്ക്കുള്ള പരിഹാരം, തർക്കവിഷയമായ പ്രമാണം എഴുതിയുണ്ടാക്കുന്നതിനു മുമ്പോ അല്ലെങ്കിൽ അതിനുശേഷമോ കക്ഷികൾ തമ്മിലുണ്ടാക്കി എന്ന് പറയപ്പെടുന്ന വാക്കാൽ ഉടമ്പടിയുടെ പ്രത്യേക നടപ്പിലാക്കലിന് വേണ്ടിയുള്ള വ്യവഹാരം ബോധിപ്പിക്കുക എന്നത് മാത്രമാണ്. ഈ കേസിൽ, വാക്കാൽ പ്രമാണം നടപ്പിലാക്കാൻ വേണ്ടി അപ്പീൽവാദി യാതൊരു നടപടിയും എടുത്തിരുന്നില്ല എന്നത് അംഗീകരിക്കപ്പെട്ടതാണ്.

11. ഈ സന്ദർഭത്തിൽ, തെളിവു ആക്റ്റിലെ 92-ാം വകുപ്പിനെ സംബന്ധിക്കുന്ന തർക്കം യാതൊരു പ്രാധാന്യവും അർഹിക്കുന്നില്ല. എഗ്സിബിറ്റ് ബി30 ഒരു വ്യാജ പ്രമാണമാണെന്ന് ഒരു വ്യവഹാരത്തിലോ കുറഞ്ഞ പക്ഷം ഒരു പ്രത്യവകാശവാദത്തിലോ അപ്പീൽവാദിയ്ക്കു സ്ഥാപിക്കുവാൻ കഴിയുമെന്നുള്ള അയാളുടെ തർക്കം ശരിയാണ്. ചില വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന്മേൽ വസ്തു പുനർകൈമാറ്റം ചെയ്യാമെന്നുള്ള ഒരു ഉടമ്പടി ഉണ്ടായിരുന്നതായുള്ള ഒരു തർക്കം അയാൾ അതിനാൽ ഉന്നയിച്ചിരുന്നുവെങ്കിൽ ആ അവസരം അയാൾക്ക് ലഭിക്കുമായിരുന്നു. അത്തരമൊരു ഉടമ്പടി ഒരു സമ്പൂർണ്ണ വില്പനയെ സങ്കൽപിക്കുന്നു, മറ്റ് വിധത്തിൽ, അപ്രകാരമുള്ള ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നതിനു അവർക്ക് യാതൊരു അവസരവുമില്ലായിരുന്നു. അതുകൊണ്ട്, തെളിവ് ആക്റ്റിന്റെ 92-ാം വകുപ്പിൽ ഊന്നൽ നൽകാതെ അപ്പീൽവാദിയുടെ ഡി.ഡബ്ല്യു1 ആയുള്ള പത്രികയും വാക്കാൽ തെളിവും പരസ്പരം പൊരുത്തമില്ലാത്തതാണ്. അതുകൊണ്ട്, അപ്പീൽവാദി, എഗ്സിബിറ്റ് ബി30-നെ ചോദ്യംചെയ്തത് നിലനിൽക്കുന്നതല്ല എന്ന് കീഴ്ക്കോടതികൾ വിധിച്ചത് വസ്തുതാപരമായി ന്യായീകരിക്കത്തക്കതായിരുന്നു. മേൽ സംവാദത്തിന്റെ വെളിച്ചത്തിൽ, ഉന്നയിച്ചിട്ടുള്ള നിയമപരമായ ചോദ്യങ്ങൾ അപ്പീൽവാദിക്കെതിരെ മാത്രമേ തീരുമാനിക്കേണ്ടതുള്ളൂ എന്നു ഞാൻ കാണുന്നു.

ഫലത്തിൽ, അപ്പീൽ തള്ളുന്നു.

നിലവിലുള്ള എല്ലാ ഇടക്കാല അപേക്ഷകളും തള്ളിയതായി നിലകൊള്ളുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ്

സുബ്രഹ്മണ്യൻ

*Vs*

വിജയൻ

അപ്പീൽ വ്യവഹാരം നം. 648/2000

2018 ജൂലൈ 11-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഒരു ഉടമ്പടിയുടെ പ്രത്യേക നിർവഹണത്തിനോ, അയാൾ മുൻകൂർ നൽകിയ തുക മടക്കി കിട്ടുന്നതിനായോ ബോധിപ്പിക്കുന്ന വ്യവഹാരത്തിലെ ഒരു വാദി, അയാളും പ്രതിയുമായി സത്യസന്ധമായ ഒരു കൈമാറ്റ കരാർ നിലവിലുണ്ട് എന്ന് നിശ്ചയമായും സ്ഥാപിക്കേണ്ടതാണ്. വില്പന കരാർ അസാധുവോ ശൂന്യമോ ആകുന്നപക്ഷം വസ്തുവിൽ ഒരു ചാർജ്ജും കൂട്ടി ചേർക്കപ്പെടില്ല എന്നു പറയേണ്ട ആവശ്യമില്ല. ഏതെങ്കിലും ഒരു ഇടപാടിൽ, കരാർ കക്ഷികൾ തമ്മിൽ ഒരു വാങ്ങുന്ന ആൾ-വിൽക്കുന്ന ആൾ ബന്ധം സ്ഥാപിച്ചിട്ടില്ലാത്തതും, ഒരു കടക്കാരൻ-കടം കൊടുത്തയാൾ എന്ന ബന്ധം മാത്രം സ്ഥാപിച്ചിട്ടുള്ളിടത്ത് വസ്തു കൈമാറ്റ ആക്റ്റിന്റെ 55(6)(ബി) വകുപ്പിൻ കീഴിലുള്ള ഒരു ചാർജ്ജ് അവകാശപ്പെടാൻ സാധിക്കില്ല. ഇടപാടിലെ കക്ഷികൾ തമ്മിലുള്ള നിയമപരമായ ബന്ധം വാങ്ങുന്ന ആൾ-വിൽക്കുന്ന ആൾ എന്ന നിലയിലായിരിക്കണം എന്നത് അത്യന്താപേക്ഷിതമാണ്.

### വിധിന്യായം

1. 1882-ലെ വസ്തു കൈമാറ്റ ആക്റ്റിലെ, (ചുരുക്കത്തിൽ വസ്തു കൈമാറ്റ ആക്ട്) 55 (6) (ബി) വകുപ്പ് പ്രകാരം വില്പനക്കാരന്റെ അവകാശത്തിൻമേൽ സ്ഥാവര വസ്തുവിൽ ഒരു ചാർജ്ജ് അവകാശപ്പെടാൻ വേണ്ട അത്യന്താപേക്ഷിത സംഗതികൾ എന്തൊക്കെയാണ് എന്നതാണ് നിർണ്ണയത്തിനായി ഉയർന്നുവരുന്ന കൃത്യമായ നിയമപ്രശ്നം. സ്ഥാവര വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനുവേണ്ടി വാദിയും 1-ാം പ്രതിയും തമ്മിൽ എഴുതിയുണ്ടാക്കിയതാണെന്ന് വിശ്വസിക്കുന്ന എഗ്സിബിറ്റ് എ 1 ഉടമ്പടിയുടെ പ്രത്യേക കൃത്യ നിർവ്വഹണത്തിനുള്ള വ്യവഹാരത്തിലെ 2 മുതൽ 5 വരെ എതിർകക്ഷികൾ, കീഴ്ക്കോടതി പുറപ്പെടുവിച്ച വിധിയ്ക്ക് എതിരെയാണ് അപ്പീൽ ബോധിപ്പിച്ചിരിക്കുന്നത്. അന്യായ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയിൽ ഒരു ചാർജ്ജ് സൃഷ്ടിച്ചുകൊണ്ടുള്ള വിധിയിലെ നിർദ്ദേശത്തിൽ അവർ അസന്തുഷ്ടരാണ്, കാരണം

അവർ, കേസ് ബോധിപ്പിക്കുന്നതിന് മുൻപ് തന്നെ വസ്തു ഒന്നാം പ്രതിയിൽനിന്നും വിലയ്ക്കു വാങ്ങിയതാണ്. അപ്പീൽ നിലവിലിരിക്കെ കേസിലെ 1-ാം പ്രതി മരണപ്പെട്ടു. അയാളുടെ അനന്തരാവകാശികളെ 3 മുതൽ 7 വരെ കൂടുതൽ എതിർകക്ഷികളായി കക്ഷി ചേർത്തു.

2. അപ്പീൽവാദികൾ, 1-ാം എതിർകക്ഷി, കൂടുതൽ 3 മുതൽ 7 വരെ എതിർകക്ഷികൾ എന്നിവരുടെ വിദ്വാന്മാരായ അഭിഭാഷകരെ കേട്ടു. കേസിലെ തീർപ്പിന് ഉതകുന്ന പ്രസക്തമായ വസ്തുതകൾ സംക്ഷിപ്തമായി താഴെപറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

1-ാം എതിർകക്ഷിയും (വാദി) കേസിലെ 1-ാം പ്രതിയും പരിചിതരാണ്. അവർ തമ്മിൽ മുൻപ് ചില പണമിടപാടുകൾ ഉണ്ടായിരുന്നു. തന്റെ ബിസിനസ് ആവശ്യത്തിലേക്ക് 1-ാം പ്രതി വാദിയിൽ നിന്നും ഒരു വായ്പ ആവശ്യപ്പെട്ടിരുന്നു. 1-ാം പ്രതി പട്ടിക വസ്തു മൊത്തം വിലയർത്ഥം 40,000 രൂപയ്ക്ക് വാദിക്ക് വിൽക്കാമെന്ന് സമ്മതിച്ചു. 20-11-1991-ന് വാദി 1-ാം പ്രതിക്ക് 20,000 രൂപ നൽകി. ഒന്നാം പ്രതി 20,000 രൂപയ്ക്ക് പലിശ നൽകാമെന്ന് സമ്മതിക്കുകയും മുതലും പലിശയും കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം 1-ാം പ്രതി പട്ടിക വസ്തു വാദിക്കോ, വാദി നാമനിർദ്ദേശം ചെയ്യുന്ന ആൾക്കോ കൈമാറ്റം ചെയ്യാൻ ബാദ്ധ്യസ്ഥനാകുന്നതുമാണ്. കക്ഷികൾ തമ്മിലുള്ള എല്ലാ വ്യവസ്ഥകളും നിബന്ധനകളും എഗ്സിബിറ്റ് എ1 ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഗ്സിബിറ്റ് എ1 എഴുതി ഒപ്പിടുമ്പോൾ 1-ാം പ്രതി തന്റെ കുടുംബ ഭാഗപത്രത്തിന്റെ ഒരു പകർപ്പും, അടിസ്ഥാന കരം തീരുവ രസീതുകളുടെ പകർപ്പുകളും വാദിയ്ക്ക് കൈമാറി. 1-ാം പ്രതി സമ്മതിച്ച പ്രകാരമുള്ള തുകയായ 20,000 രൂപയും ആയതിന്റെ പലിശയും നൽകുന്നതിൽ പരാജയപ്പെട്ടു. ഇക്കാരണത്താൽ, കരാറിന്റെ പ്രത്യേക നിർവ്വഹണത്തിനായി സിവിൽ വ്യവഹാരം ബോധിപ്പിച്ചു.

3. 1-ാം പ്രതിയിൽ നിന്നും യാതൊരു ഉത്തമവിശ്വാസമില്ലാതെയും എഗ്സിബിറ്റ് എ1 കരാറിനെക്കുറിച്ച് പൂർണ്ണമായ അറിവോടു കൂടിയും 1-ാം പ്രതിയിൽ നിന്നും വസ്തു വാങ്ങി എന്നാരോപിച്ചുകൊണ്ടാണ് പിന്നീട് ചേർക്കപ്പെട്ട 2 മുതൽ 5 വരെ പ്രതികളെ (അപ്പീൽ വ്യവഹാരത്തിലെ അപ്പീൽവാദികൾ) സിവിൽ വ്യവഹാരത്തിൽ കക്ഷിയാക്കിയത്.

4. 1-ാം പ്രതി, അന്യായത്തിലെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് പത്രിക ബോധിപ്പിച്ചു. അയാൾ പറയുന്നതുപ്രകാരം, അയാളും വാദിയും തമ്മിൽ യാതൊരു വസ്തു വില്പന കരാറുമില്ല. ഫലത്തിൽ, അയാൾ എഗ്സിബിറ്റ് എ1 കരാർ നിഷേധിച്ചു. അയാളും വാദിയുമായി യാതൊരു മുൻപരിചയവും ഇല്ല എന്ന് അയാൾ വാദിച്ചു. അയാൾ ഒരു മുരളീധരനിൽ നിന്നും 15,000 രൂപ വായ്പയായി വാങ്ങിയിട്ടുണ്ട്, ആ സമയം, ഒപ്പിട്ടു വാങ്ങിയ പ്രമാണങ്ങൾ 1-ാം പ്രതി അയാൾക്ക് കൈമാറിയിട്ടുള്ളതാണ്. ഒപ്പിട്ട ഒന്നും എഴുതാത്ത മുദ്രണം ചെയ്ത കടലാസുകളും അയാൾ നൽകുകയുണ്ടായി. മുരളീധരനുമായുള്ള രഹസ്യധാരണ പ്രകാരം മുദ്രണം ചെയ്ത കടലാസുകൾ ദുരുപയോഗം ചെയ്തിട്ടുണ്ട്. വ്യവഹാരം തള്ളുവാൻ ബാദ്ധ്യസ്ഥമാകുന്നു.

5. വാദിയും, 1-ാം പ്രതിയും തമ്മിലുള്ള യാതൊരു ഇടപാടും തങ്ങൾക്ക് അറിയില്ല എന്ന വാദത്തോടെ പിന്നീട് ചേർക്കപ്പെട്ട 2 മുതൽ 5 വരെയുള്ള പ്രതികൾ ഒരു പത്രിക ബോധിപ്പിച്ചു. അവർ പറയുന്നതുപ്രകാരം, ഒരു മൂല്യവത്തായ പ്രതിഫലത്തിന് വാങ്ങിയ വസ്തുവിലുള്ള അവരുടെ അവകാശങ്ങളെ പരാജയപ്പെടുത്താൻ വാദിയും 1-ാം പ്രതിയും തമ്മിലുള്ള രഹസ്യ ധാരണയിൽ സൃഷ്ടിച്ചിട്ടുള്ളതാണ് എഗ്സിബിറ്റ് എ1. വാങ്ങിയ ദിവസം മുതൽ വസ്തു അവരുടെ കൈവശത്തിലാണ്. എഗ്സിബിറ്റ് എ1 ഉടമ്പടിയെ കുറിച്ച് 1-ാം പ്രതി, അപ്പീൽ വാദികളെ അറിയിച്ചിരുന്നില്ല. വസ്തുവിനെ സംബന്ധിച്ച് അന്യായ പരിഹാരങ്ങൾ ലഭിക്കുന്നതിന് വാദി അർഹനല്ല.

6. എഗ്സിബിറ്റ് എ1 ഉടമ്പടിയുടെ പ്രത്യേക നിർവ്വഹണം വാദിയ്ക്കു ലഭിക്കാനുള്ള അവകാശത്തെ സംബന്ധിച്ച് വിചാരണ കോടതി ഒരു തർക്കം ഉന്നയിച്ചു. ഈ തർക്കം തീർപ്പാക്കുന്നതിനായി വാദിഭാഗം സാക്ഷി 1-ന്റേയും 2-ന്റേയും അതേപോലെ 1-ഉം 2-ഉം പ്രതിഭാഗം സാക്ഷികളുടേയും തെളിവുകൾ പരിഗണിച്ചു. കീഴ്ക്കോടതി എഗ്സിബിറ്റ് എ1 മുതൽ എ3 വരെയും എഗ്സിബിറ്റ് ബി1-ഉം അവലംബ മാക്കിയിരുന്നു.

7. 1-ാം പ്രതി അയാൾക്ക് വാദിയു മായുള്ള പണമിടപാടിനെ തുടർന്ന് എഴുതിയുണ്ടാക്കിയതാണ് എഗ്സിബിറ്റ് എ1 എന്ന് വിദ്വാനായ വിചാരണ ജഡ്ജി കണ്ടെത്തി. ആയതിനാൽ 1-ാം പ്രതി എഗ്സിബിറ്റ് എ1-ൽ കാണിച്ചിരിക്കുന്ന തുക പലിശ സഹിതം വാദിക്ക് തിരിച്ചു നൽകാൻ ബാദ്ധ്യസ്ഥനാണെന്ന ഒരു കണ്ടെത്തലിൽ കോടതി എത്തിച്ചേർന്നു. കക്ഷികൾ വിൽപ്പനയ്ക്കുള്ള ഒരു ഉടമ്പടി ആയി ഒരിക്കലും ഉദ്ദേശിച്ചല്ല എഗ്സിബിറ്റ് എ1 എഴുതിയുണ്ടാക്കിയതെന്ന് വിചാരണ കോടതി നിയതമായി കണ്ടെത്തി. കണ്ടെത്തൽ പ്രകാരം, അത് തികച്ചും ഒരു വായ്പാ ഇടപാട് ആയിരുന്നു. കരാറിലെ തന്റെ ഭാഗനിർവ്വഹണത്തിന് വാദി സദാ സന്ധനും തയ്യാറുള്ളയാളുമായിരുന്നു എന്ന ആരോപണം അന്യായത്തിൽ ഇല്ല എന്ന കൂടുതൽ വസ്തുതകൾ കണക്കിലെടുത്ത് എഗ്സിബിറ്റ് എ1 പ്രത്യേക നിർവ്വഹണ പ്രാർത്ഥന കീഴ്ക്കോടതി നിരസിച്ചു. അന്യായ പട്ടിക വസ്തുവിൽ ഒരു ചാർജ്ജ് സൃഷ്ടിച്ചു കൊണ്ട് പണം പലിശ സഹിതം മടക്കി നൽകണമെന്നുള്ള വിധിയിൽ സന്തുഷ്ടനായ വാദി യാതൊരു അപ്പീലും സമർപ്പിച്ചില്ല. വ്യവഹാരം ബോധിപ്പി ക്കുന്നതിന് വളരെ മുൻപെ 1-ാം പ്രതിയിൽ നിന്നും വസ്തു വിലയ്ക്ക് വാങ്ങിയ അപ്പീൽവാദികൾ സങ്കടത്തിലായി.

8. ഈ കേസിലെ തർക്കവിഷയം ഒരു പരിമിത പരിധിക്കുള്ളിലുള്ളതാണ്. എഗ്സിബിറ്റ് എ1 ഉടമ്പടി സംബന്ധിച്ചുള്ള തന്റെ പ്രത്യേക നിർവ്വഹണ അവകാശം നിരസിച്ചതിന് എതിരെ വാദി യാതൊരു അപ്പീലും ബോധിപ്പിച്ചിട്ടില്ല. ആയതിനാൽ ഈ കോടതി ആ പരിഹാരം തീരുമാനിക്കേണ്ട കാര്യമില്ല. എഗ്സിബിറ്റ് എ1 ഉടമ്പടി നിലനിൽക്കവേ കരാറിലെ തന്റെ ഭാഗനിർവ്വഹണത്തിൽ വാദി സദാസന്നദ്ധനും തയ്യാറുള്ള ആളുമായിരുന്നു എന്ന ആരോപണം അന്യായത്തിൽ ഇല്ല എന്ന വസ്തുത വിചാരണ കോടതി കണ്ടെത്തിയത് സംബന്ധിച്ച് യാതൊരു തർക്കവുമില്ല. ആയത് 1963-ലെ പ്രത്യേക നിർവ്വഹണ ആക്റ്റിലെ 16(സി) വകുപ്പിലെ നിർബന്ധിത വ്യവസ്ഥ ലംഘിച്ചതാകയാൽ പ്രത്യേക നിർവ്വഹണ പ്രാർത്ഥന തള്ളിയ കീഴ്ക്കോടതി നടപടി ശരിയാണ്.

9. കീഴ്ക്കോടതി വാദിയുടേയും പ്രതികളുടേയും ഭാഗത്തു നിന്നും ഹാജരാക്കിയ തെളിവുകൾ വിവേചിച്ചറിഞ്ഞ ശേഷം, എഗ്സിബിറ്റ് എ1-ലെ വ്യവസ്ഥകൾ വില്പനയ്ക്കുള്ള ഒരു ഉടമ്പടിയായി സൂചിപ്പി ക്കുന്നില്ല, എന്നാൽ ആയത് യഥാർത്ഥത്തിൽ ഒരു വായ്പാ ഇടപാടുമായി ബന്ധപ്പെട്ട അവകാശങ്ങളുടെയും കർത്തവ്യങ്ങളുടെയും സൃഷ്ടിയിൽ പരിണമിച്ചു എന്ന് കീഴ്ക്കോടതി ശരിയായി കണ്ടെത്തി. സമസ്ത തെളിവുകളും പുനർനിരൂപണം ചെയ്തിട്ടും കീഴ്ക്കോ ടതിയുടെ വിചിന്തനത്തോട് വിയോജി ക്കുവാൻ യാതൊരു കാരണവും ഞാൻ കണ്ടെത്തുന്നില്ല.

10. വസ്തു കൈമാറ്റ ആക്റ്റിലെ 55 (6) (ബി) വകുപ്പ് അവലംബിച്ചു കൊണ്ട്, 1-ാം പ്രതി വാദിക്ക് തിരികെ നൽകാനുള്ള തുകയ്ക്ക് അന്യായ പട്ടിക വസ്തുവിൽ ഒരു ചാർജ്ജ് ജനിപ്പിച്ചുകൊണ്ടുള്ള കീഴ്ക്കോ ടതിയുടെ കണ്ടെത്തൽ ശരിയാണോ എന്ന ഒരേ ഒരു ചോദ്യം മാത്രമാണ് ഉത്തരം നൽകാനായി അവശേഷിക്കുന്നത്. പ്രസക്തമായ ഭാഗം താഴെപ്പറയും പ്രകാരമാണ്:

55-വാങ്ങുന്ന ആളുടെയും വിൽക്കുന്ന ആളുടെയും അവകാശങ്ങളും ബാദ്ധ്യതകളും:- വിപരീതമായ കോൺട്രാക്റ്റിന്റെ അഭാവത്തിൽ, യഥാക്രമം സ്ഥാവര വസ്തു വാങ്ങുന്ന ആളും വിൽക്കുന്ന ആളും തൊട്ടു താഴെ വരുന്ന ചട്ടങ്ങളിൽ പറഞ്ഞതോ അവയിൽ വിറ്റ വസ്തുവിന് ബാധകമായതോ ആയ

ബാദ്ധ്യതകൾക്ക് വിധേയരായിരിക്കുന്നതും, അവർക്ക് അങ്ങനെ പറഞ്ഞതോ ബാധകമായതോ ആയ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു:-

x x x x x x x x x

"(6) വാങ്ങുന്ന ആൾക്ക്-

x x x x x x x x x

(ഖ) വസ്തുവിന്റെ ഡെലിവറി സ്വീകരിക്കുവാൻ അയാൾ ശരിയല്ലാത്തവിധം വിസമ്മതിച്ചിട്ടില്ലാത്തപക്ഷം, ഡെലിവറിയുടെ പ്രതീക്ഷയിൻമേൽ വാങ്ങുന്ന ആൾ ശരിയാംവണ്ണം കൊടുത്തിട്ടുള്ള ഏതെങ്കിലും ക്രയസംഖ്യയുടെ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും ഡെലിവറി സ്വീകരിക്കുവാൻ അയാൾ ശരിയാംവണ്ണം വിസമ്മതിക്കുമ്പോൾ നിരതദ്രവ്യത്തിനും (വല്ലതും ഉണ്ടെങ്കിൽ) കോൺട്രാക്റ്റിന്റെ പ്രത്യേക നിർവ്വഹണത്തിന് നിർബന്ധിക്കുന്നതിനോ അല്ലെങ്കിൽ കോൺട്രാക്റ്റ് റദ്ദാക്കാനുള്ള ഒരു വിധി കിട്ടുന്നതിനോ വേണ്ടിയുള്ള ഒരു വ്യവഹാരത്തിൽ അയാൾക്ക് അവാർഡ് ചെയ്യുന്ന കോടതി ചെലവിനും (വല്ലതിനും ഉണ്ടെങ്കിൽ) കൂടിയും, വിൽക്കുന്ന ആൾക്കും, അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ആളുകൾക്കും എതിരായി വസ്തുവിൽ വിൽക്കുന്ന ആൾക്കുള്ള അവകാശത്തിന്റെ വ്യാപ്തിയോളം വസ്തുവിൻമേൽ ചാർജ്ജിനും;

അവകാശം ഉണ്ടായിരിക്കുന്നതാണ്.

11. സ്പഷ്ടമായ ഒരു വായനയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കാവുന്നതാണ്. വിപരീതമായ ഒരു കരാറിന്റെ അഭാവത്തിൽ, വസ്തുവിന്റെ ഡെലിവറി സ്വീകരിക്കുവാൻ വാങ്ങുന്നയാൾ അനുചിതമായവിധം വിസമ്മതിച്ചിട്ടില്ലാത്ത പക്ഷം, വാങ്ങുന്ന ആൾക്ക് വിൽക്കുന്ന ആളുടെ വിഷയമാകുന്നതും, വസ്തുവിൻ മേലുള്ള അവകാശത്തിൽ, ആയത് ഒരു വിൽപ്പന ഉടമ്പടിയുടെ വിഷയമാകുന്നതും ക്രയസംഖ്യയുടെയും ആയതിന്റെ പലിശ യെയും സംബന്ധിച്ച് ആയിടത്തോളം ഒരു ചാർജ്ജ് ഉണ്ടായിരിക്കുന്നതാണ്. ചാർജ്ജ് വിൽക്കുന്ന ആൾക്കും അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ആളുകൾക്കും എതിരായി ലഭ്യമാണ്. (ഡൽഹി ഡവലപ്മെന്റ് അതോറിറ്റി vs സ്കിപ്പർ കൺസ്ട്രക്ഷൻ കമ്പനി പ്രൈ. ലി. മനു/എസ്സ്. സി/0793/1999: എ.ഐ.ആർ 2000 എസ്സ്.സി 573: കാണുക)

12. വാങ്ങുന്ന ആൾക്ക് അനുകൂലമായ ചാർജ്ജ് വസ്തു കൈമാറ്റ ആക്റ്റ് 55(4)(ബി) വകുപ്പ് പ്രകാരം വിൽക്കുന്ന ആൾക്കുള്ള ചാർജ്ജിന് വിരുദ്ധമായതാണ്. ഈ വ്യവസ്ഥയിൽ അന്തർഭവിച്ചിരിക്കുന്ന തത്വം, നീതി, സമത, ഉത്തമമായ ധർമ്മബോധം ഇവയുടെ പഴക്കമേറിയ തത്വമാണ് എന്ന് ധാരാളം തീർപ്പുകളിൽ വിധിച്ചിട്ടുണ്ട്. (വീഡിയോകോൺ പ്രോപ്പർട്ടീസ് ലി. Vs ഡോ. ഭാൽചന്ദ്ര ലബോറട്ടറീസ് മനു/എസ്സ്.സി/1097/2003: (2004 (1) കെ.എൽ.റ്റി. ഓൺലൈൻ 1212 (എസ്സ്.സി): എ.ഐ.ആർ 204 എസ്സ്.സി 1787 കാണുക) വാങ്ങുന്ന ആൾ ക്രയസംഖ്യയോ അതിന്റെ ഏതെങ്കിലും ഭാഗമോ നൽകുന്ന വേളയിൽ തന്നെ ചാർജ്ജ് വാങ്ങുന്ന ആളിന് അനുകൂലമായി ഉത്ഭവിക്കുന്നതും വാങ്ങുന്ന ആൾ വീഴ്ച വരുത്താത്തപക്ഷം അനന്തരം ചാർജ്ജ് നഷ്ടപ്പെടുന്നതുമല്ല.

13. മേൽ വിവരിച്ച വ്യവസ്ഥ പ്രയോഗത്തിൽ വരുത്തുന്നതിനായി, ഒരു ഉടമ്പടിയുടെ പ്രത്യേക നിർവ്വഹണത്തിനോ അയാൾ മുൻകൂർ നൽകിയ തുക മടക്കിക്കിട്ടുന്നതിനായോ ബോധിപ്പിക്കുന്ന വ്യവഹാരത്തിലെ ഒരു വാദി, അയാളും പ്രതിയുമായി സത്യസന്ധമായ ഒരു കൈമാറ്റ കരാർ നിലവിലുണ്ട് എന്ന് നിശ്ചയമായും സ്ഥാപിക്കേണ്ടതാണ്. വില്പന കരാർ അസാധുവോ ശൂന്യമോ ആകുന്നപക്ഷം വസ്തുവിൽ ഒരു ചാർജ്ജും കൂട്ടി ചേർക്കപ്പെടില്ല എന്ന് പറയേണ്ട ആവശ്യമില്ല. സംക്ഷിപ്തമായി പറഞ്ഞാൽ, ഏതെങ്കിലും ഒരു ഇടപാടിൽ, കരാർ കക്ഷികൾ തമ്മിൽ ഒരു വാങ്ങുന്ന ആൾ-വിൽക്കുന്ന ആൾ ബന്ധം സ്ഥാപിച്ചിട്ടില്ലാത്തതും, ഒരു കടക്കാരൻ-കടം കൊടുത്തയാൾ എന്ന

ബന്ധം മാത്രം സ്ഥാപിച്ചിട്ടുള്ളിടത്ത് വസ്തു കൈമാറ്റ ആക്റ്റിന്റെ 55(6)(ബി) വകുപ്പിൻ കീഴിലുള്ള ഒരു ചാർജ്ജ് അവകാശപ്പെടാൻ സാധിക്കില്ല. ഇടപാടിലെ കക്ഷികൾ തമ്മിലുള്ള നിയമപരമായ ബന്ധം വാങ്ങുന്ന ആൾ-വിൽക്കുന്ന ആൾ എന്ന നിലയിലായിരിക്കണം എന്നത് അത്യന്താപേക്ഷിതമാണ്.

14. ഈ കേസിൽ, തെളിവിന്റെ അടിസ്ഥാനത്തിൽ, എഗ്സിബിറ്റ് എ1 ഉടമ്പടി ഒരു വായ്പാ ഇടപാടായി പരിണമിക്കുന്നു. ആയതിനാൽ ഈ കേസിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ കീഴ്ക്കോടതി വസ്തു കൈമാറ്റ ആക്റ്റിന്റെ 55(6)(ബി) വകുപ്പിനെ ആശ്രയിച്ചതിൽ നിയമപരമായി തെറ്റ് വരുത്തിയിട്ടുണ്ട്.

15. 1-ാം പ്രതിയിൽ നിന്നുമുള്ള കൈമാറ്റക്കാരാണ് അപ്പീൽവാദികൾ. അവരുടെ കൈമാറ്റം വ്യവഹാരം ബോധിപ്പിക്കുന്നതിനു മുമ്പാണെന്നത് അംഗീകരിക്കപ്പെട്ടതാണ്. ആയതിനാൽ മരണപ്പെട്ടുപോയ 1-ാം പ്രതിവാദിയിൽ നിന്നും കൈപ്പറ്റിയ മുൻകൂർ ക്രയസംഖ്യ തിരിച്ചു കൊടുക്കാനുള്ള ബാദ്ധ്യതയുടെ ശിക്ഷ അവരിൽ ചുമത്താൻ കഴിയില്ല എന്നത് സ്പഷ്ടമാണ്. ആയതിനാൽ അപ്പീൽവാദികളെ ബാദ്ധ്യസ്ഥരാക്കി കൊണ്ട് കീഴ്ക്കോടതി പുറപ്പെടുവിച്ച വിധി നിയമപരമായി നിലനിൽക്കുന്നതല്ല.

16. പരേതനായ 1-ാം പ്രതിയുടെ നിയമാനുസൃത പ്രതിനിധികളായ 3 മുതൽ 7 വരെയുള്ള പ്രതികളെ ബാദ്ധ്യസ്ഥരാക്കാൻ സിവിൽ നടപടി നിയമസംഹിതയുടെ 50-ാം വകുപ്പിനുള്ളിലെ വ്യവസ്ഥ മൂലം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. വ്യവസ്ഥ ഇപ്രകാരം വായിക്കാം:

നിയമാനുസൃത പ്രതിനിധി.—(1) വിധിക്കാര്യം പൂർണ്ണമായിത്തീരുന്നതിനു മുമ്പ്, വിധിക്കടക്കാരൻ മരിച്ചുപോകുന്നിടത്ത്, വിധിയുടമയ്ക്ക്, വിധി പാസ്സാക്കിയ കോടതിയോട് അത് മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിക്കെതിരായി നടത്താൻ അപേക്ഷിക്കാവുന്നതാണ്.

(2) വിധി, അങ്ങനെയുള്ള നിയമാനുസൃത പ്രതിനിധിക്കെതിരായി നടത്തുന്നിടത്ത്, അയാൾ തന്റെ കൈവശം വന്നിട്ടുള്ളതും മുറപ്രകാരം വ്യയനം ചെയ്തിട്ടില്ലാത്തതുമായ മരിച്ചുപോയ ആളുടെ വസ്തുവിന്റെ വ്യാപ്തിയോളംമാത്രം ബാദ്ധ്യസ്ഥനായിരിക്കുന്നതും, വിധി നടത്തുന്ന കോടതിക്ക് അങ്ങനെയുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനുവേണ്ടി സ്വയമേവ അല്ലെങ്കിൽ വിധിയുടമയുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള നിയമാനുസൃത പ്രതിനിധിയെ യുക്തമെന്ന് തോന്നുന്ന കണക്കുകൾ ഹാജരാക്കാൻ നിർബന്ധിതമാക്കാവുന്നതുമാകുന്നു.

17. മേൽ വ്യവസ്ഥ വ്യക്തമാക്കുന്നത് എന്തെന്നാൽ, പരേതനായ 1-ാം പ്രതിയിൽ നിന്നും, കൂടുതലായി കക്ഷി ചേർത്ത 3 മുതൽ 7 വരെ എതിർകക്ഷികൾക്ക് എന്തെങ്കിലും വസ്തു അനന്തരാവകാശമായി ലഭിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും പ്രസ്തുത വിധി മരണപ്പെട്ട 1-ാം പ്രതിയുടെ വസ്തു അവരുടെ കൈവശം വന്നുചേർന്ന അത്രത്തോളം നടപ്പിലാക്കാവുന്നതാണ്. ചുരുക്കത്തിൽ, അപ്പീൽവാദികൾക്ക് വ്യവഹാരത്തിന് മുൻപ് തന്നെ കൈമാറ്റം ചെയ്യപ്പെട്ട പട്ടികവസ്തുവിൽ വസ്തു കൈമാറ്റ നിയമത്തിന്റെ 55(6)(ബി) വകുപ്പിൻകീഴിലുള്ള നിയമപരമായ ചാർജ്ജ് കീഴ്ക്കോടതി തെറ്റായ രീതിയിൽ പ്രയോഗിച്ചിട്ടുള്ളതാണ്. പരിണിത ഫലമായി, വിചാരണ കോടതി പുറപ്പെടുവിച്ച പണം വസൂൽ ചെയ്ത് കിട്ടുന്നതിനുള്ള വിധി അപ്പീൽവാദികളുടെ കൈവശമുള്ള പട്ടികവസ്തുവിൽ വസ്തു കൈമാറ്റ നിയമത്തിന്റെ 55(6)(ബി) വകുപ്പിന് കീഴിലുള്ള ഒരു ചാർജ്ജ് ജനിപ്പിക്കുന്നില്ല എന്ന പരിധി നിജപ്പെടുത്തി അപ്പീൽ അനുവദിക്കുന്നു. വിധിയുടെ ശേഷിക്കുന്ന ഭാഗം ശരിവയ്ക്കുന്നു. കക്ഷികൾ തങ്ങളുടെ ഭാഗം ചിലവ് വഹിച്ചുക്കൊള്ളണം.

നിലവിലുള്ള എല്ലാ ഇടക്കാല അപേക്ഷകളും തള്ളിയിരിക്കുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സി. കെ. അബ്ദുൾ റഹിം

&

ബഹു. ജസ്റ്റിസ് ടി. വി. അനിൽകുമാർ

ഇ. അബ്ദുൾ ലത്തീഫ്

*Vs*

കായംകുളം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഓഫ് പോലീസും മറ്റുള്ളവരും

റിട്ട് പെറ്റീഷൻ (ക്രിമിനൽ) നം. 65/2019

2019 ഫെബ്രുവരി 20-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ആരോപിത തടങ്കലിലാക്കപ്പെട്ടവൾ പ്രായപൂർത്തിയായ പെൺകുട്ടിയാണ്. തന്റെ ജീവിതത്തെ സംബന്ധിച്ച് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അത് വിവാഹേതര ബന്ധം ആണെങ്കിൽ പോലും, സ്വന്തമായി തിരഞ്ഞെടുക്കുന്നതിന് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. തടങ്കലിലാക്കപ്പെട്ടയാൾ കോടതി മുമ്പാകെ ഹാജരാക്കപ്പെടണമെന്നും അവന്റെ/അവളുടെ സ്വതന്ത്ര തിരഞ്ഞെടുപ്പിനെക്കുറിച്ച് കണ്ടെത്തുന്നതും, കൂടാതെ അയാളെ നിയമ വിരുദ്ധ നിയന്ത്രണത്തിൽ നിന്നും വിടുതൽ ചെയ്തു എന്നും ഉറപ്പു വരുത്തേണ്ടത് കോടതിയുടെ കർത്തവ്യമാണ്.**

### വിധിന്യായം

### ജസ്റ്റീസ് സി. കെ. അബ്ദുൾ റഹിം

1. ഫർസാന (ഇതിനുശേഷം ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവൾ എന്ന് പരാമർശിക്കപ്പെടുന്നു) എന്നു പേരുള്ള കുട്ടിയുടെ പിതാവ് ആരോപിക്കപ്പെട്ട തടങ്കലിലാക്കപ്പെട്ടവളെ ഹാജരാക്കുന്നതിനും 2 മുതൽ 5 വരെ എതിർകക്ഷികളുടെ ആരോപിക്കപ്പെട്ട അന്യായത്തടങ്കലിൽ നിന്നും അവളെ സ്വതന്ത്രയാക്കുന്നതിനും വേണ്ടി ഒരു ഹേബിയസ് കോർപ്പസ് റിട്ട് തേടിയിരിക്കുകയാണ്.

2. 26-1-2019 അതിരാവിലെ ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ പരാതിക്കാരന്റെ വീട്ടിൽ നിന്നും കാണാതെയായി എന്നതാണ് ചുരുക്കത്തിലുള്ള ആരോപണങ്ങൾ. പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ള പരാതിയെ അടിസ്ഥാനമാക്കി ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ കാണാതായതു സംബന്ധിച്ച് കേരളാ പോലീസ് ആക്റ്റിന്റെ 57-ാം വകുപ്പിൻകീഴിൽ ഒന്നാം എതിർകക്ഷി എഗ്സിബിറ്റ് പി1 കേസ് രജിസ്റ്റർ ചെയ്തു. ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ കാണാതായതിനു പിന്നിൽ 2-ാം എതിർകക്ഷിയാണെന്നും അയാൾ ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ തടവിലാക്കിയിരിക്കുകയാണെന്നും പരാതിക്കാരന് അറിയാൻ കഴിഞ്ഞു. അപ്രകാരം മേൽ റിട്ട് ഹർജി ഫയൽ ചെയ്തു.

3. ഈ കോടതിയിൽ നിന്നും നോട്ടീസ് കിട്ടിയപ്പോൾ, രണ്ടാം എതിർകക്ഷി ഹാജരാകുകയും ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ ഹാജരാക്കുകയും ചെയ്തു. 2 മുതൽ 4 വരെ എതിർകക്ഷികളെ ഒരു അഭിഭാഷകൻ പ്രതിനിധാനം ചെയ്തിട്ടുള്ളതാണ്.

4. ഞങ്ങൾ ബന്ധപ്പെട്ടപ്പോൾ, 4-10-2018-ൽ അവൾക്ക് 18 വയസ്സ് പൂർത്തിയായി ട്ടുള്ളതായി ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവൾ പറഞ്ഞു. കഴിഞ്ഞ മൂന്നു വർഷമായി അവൾക്ക് 2-ാം എതിർകക്ഷിയുമായി പരിചയവും അടുപ്പവും ഉണ്ടായിരുന്നതായി അവൾ പറഞ്ഞു. ആരോപണ വിധേയയായ തടങ്കലിലാക്ക പ്പെട്ടവളെ കുടുംബം അവരുടെ ബന്ധം അംഗീകരിക്കാതിരുന്നതിനാൽ, മുമ്പ് ഒരവസരത്തിൽ, 2-1-2019-ന് അവൾ കുടുംബവീട്ടിൽ നിന്നും പോയിരുന്നു. അതിനുശേഷം, എത്തിച്ചേർന്ന ഒരു ധാരണയുടെ അടിസ്ഥാനത്തിൽ, മൂന്നു വർഷങ്ങൾക്കുശേഷം അവരുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനു പരാതിക്കാരൻ സമ്മതിച്ചു. ആയതിനാൽ അവൾ കുടുംബ വീട്ടിലേയ്ക്ക് മടങ്ങിപ്പോയി. എന്നാൽ പരാതിക്കാരനും മറ്റു കുടുംബാംഗങ്ങളും അവരുടെ വാക്ക് മാറുകയും ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവളെ ഉപദ്രവിക്കുവാനും പീഡിപ്പിക്കുവാനും ആരംഭിച്ചു. മറ്റു ചിലരുമായി ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവൾക്ക് വിവാഹാലോചനകൾ ആരംഭിക്കുകയും ചെയ്തു. ആയതിനാൽ ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവൾ 25-1-2019-ന് വീണ്ടും കുടുംബ വീട്ടിൽ നിന്നും പോയി. അവൾ ചങ്ങനാശ്ശേരിയിൽ 2-ാം എതിർകക്ഷിയോടൊപ്പം അയാളുടെ ഒരു ബന്ധുവീട്ടിൽ ഇപ്പോൾ താമസിച്ചു വരുന്നു. ആരോപണ വിധേയയായ തടങ്കലി ലാക്കപ്പെട്ടവൾ പറയുന്നത് പ്രകാരം, 2-ാം എതിർകക്ഷിയ്ക്ക് 21 വയസ്സ് തികഞ്ഞതിനു ശേഷം അവർ തമ്മിൽ വിവാഹം കഴിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവൾ 2 മുതൽ 5 വരെ എതിർകക്ഷികളുടെ അന്യായ തടങ്കലിൽ ആയിരുന്നു എന്നത് ആരോപണ വിധേയയായ തടങ്കലിലാക്കപ്പെട്ടവൾ ശക്തമായി നിഷേധിച്ചു. 2-ാം എതിർകക്ഷിയോടൊപ്പം പോകുന്നതിനും അയാളോടൊപ്പം താമസിക്കുന്നതിനുമുള്ള അവളുടെ തീവ്രമായ ആഗ്രഹം അവൾ പ്രകടിപ്പിച്ചു.

5. 2-ാം എതിർകക്ഷി ഇതുവരെ നിയമ പരമായ വിവാഹപ്രായം കൈവരിച്ചിട്ടില്ല എന്ന വസ്തുത ഞങ്ങൾ കണക്കിലെടു ക്കുന്നു. പക്ഷേ, ആരോപിത തടങ്കലിലാക്ക പ്പെട്ടവൾ പ്രായപൂർത്തിയായ പെൺകുട്ടിയാണ്. തന്റെ ജീവിതത്തെ സംബന്ധിച്ച് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അത് വിവാഹേതര ബന്ധം ആണെങ്കിൽപ്പോലും, സ്വന്തമായി തിരഞ്ഞെ ടുക്കുന്നതിന് അവൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്.

6. ബഹു. സുപ്രീംകോടതി നന്ദകുമാറും മറ്റൊരാളും Vs കേരള സംസ്ഥാനവും മറ്റുള്ളവരും (മനു/എസ്‌സി/0505/2018 എഐആർ 2018 എസ്‌സി 2254) എന്ന വിധിന്യായത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു, തടങ്കലിലാക്കപ്പെട്ടയാൾ കോടതി മുമ്പാകെ ഹാജരാക്കപ്പെടണമെന്നും അവന്റെ/അവളുടെ സ്വതന്ത്ര തെരഞ്ഞെടുപ്പിനെക്കുറിച്ച് കണ്ടെ ത്തുന്നതും, കൂടാതെ അയാളെ നിയമവിരുദ്ധ നിയന്ത്രണത്തിൽ നിന്നും വിടുതൽ ചെയ്തു എന്നും ഉറപ്പുവരുത്തേണ്ടത് കോടതിയുടെ കർത്തവ്യമാണ്. തടങ്കൽ നിയമവിരുദ്ധ മല്ലെങ്കിൽ പ്രശ്നം വ്യത്യസ്തമായ ഒന്നാകും. പ്രഥമമായി ഓർക്കേണ്ടത് എന്താണെന്നാൽ, സ്വാതന്ത്ര്യഗാനം ആത്മാർത്ഥതയോടെ ആലപിക്കേണ്ടതും ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പ് സമുചിതമായി ബഹുമാനി ക്കേണ്ടതും അതിന്റെ ആധാരണീയമായ പദവി ഭരണഘടന ഉറപ്പാക്കുന്ന തരത്തിൽ കൽപ്പിച്ചു കൊടുക്കേണ്ടതുമാണ് എന്നുമാണ് കോടതി അഭിപ്രായപ്പെട്ടിരിക്കുന്നത്. പ്രസ്തുത കേസിൽ, കക്ഷികൾ ഒരു വൈവാഹിക ബന്ധത്തിൽ ഏർപ്പെടാൻ പ്രാപ്തരല്ലെങ്കിലും അവർക്ക് വിവാഹബന്ധ മില്ലാതെ തന്നെ ഒരുമിച്ച് ജീവിക്കാനുള്ള അവകാശമുണ്ട് എന്ന് പരമോന്നത കോടതി നിരീക്ഷിച്ചിട്ടുണ്ട്.

7. നിയമ വ്യവസ്ഥ മേൽ തീർപ്പാക്കിയ പോലെ അവശേഷിക്കുന്നത് പരിഗണിക്കു മ്പോൾ, ആരോപിതയായ തടങ്കലിലാക്ക പ്പെട്ടവളുടെ സ്വാതന്ത്ര്യം നിയന്ത്രിക്കാൻ ഞങ്ങൾ സന്നദ്ധരല്ലാത്തതും ആയത് അവളുടെ സ്വാതന്ത്ര്യത്തിന് പൂർണ്ണമായും വിട്ടിരിക്കുകയുമാണ്. ആരോപിത തടങ്കലിലാ ക്കപ്പെട്ടവൾ തന്റെ ജീവിതം 2-ാം എതിർ കക്ഷിയോടൊപ്പം തുടരാനുള്ള അതിയായ ആഗ്രഹം പ്രകടിപ്പിച്ചതിനാൽ അവളെ 2 മുതൽ 5 വരെ എതിർകക്ഷികൾ അന്യായമായി തടങ്കലിലാക്കി എന്ന് വിധിക്കുന്നതിന് ഞങ്ങൾ യാതൊരു കാരണവും കാണുന്നില്ല.

മേൽ സൂചിപ്പിച്ച സാഹചര്യങ്ങളിൽ, റിട്ട് ഹർജി പരാജയപ്പെടുന്നതും ആയത് ഇതിനാൽ തള്ളുന്നു. ആരോപിത തടങ്കലിലാ ക്കപ്പെട്ടവളെ അവളുടെ ഇച്ഛാനുസരണം 2-ാം എതിർകക്ഷിയോടൊപ്പം പോകുന്നതിന് സ്വതന്ത്രയാക്കുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി. ആർ. രാമചന്ദ്രമേനോൻ**

**&**

**ബഹു. ജസ്റ്റിസ് എൻ. അനിൽകുമാർ**

**റിട്ട് പെറ്റീഷൻ (സി) നമ്പർ 4627/2019**

**മഹേഷ്, കെ. ആർ.**

*Vs*

**തിരുവിതാംകൂർ ദേവസ്വം ബോർഡും മറ്റുള്ളവരും**

**2019 ഫെബ്രുവരി 20-ന് വിധി പുറപ്പെടുവിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ചിറവരമ്പത്തുകാവ് ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട് തൃക്കടവൂർ ശിവരാജു എന്നു പേരുള്ള ആനയെ നൽകുന്നതു സംബന്ധിച്ചതാണ് ഈ കേസിലെ തർക്കവിഷയം. 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിന്റെ 42-ാം വകുപ്പ് പ്രകാരം അടിമയാക്കപ്പെട്ട ആനയുടെ വിൽപ്പനയ്ക്കും കൈമാറ്റത്തിനും കടത്തലിനും ഒരു വിലക്കുള്ളതും കടത്തൽപോലും വൈൽഡ് ലൈഫ് വാർഡന്റെയോ അധികാരപ്പെടുത്തിയിട്ടുള്ള ആഫീസറുടെയോ മുൻകൂർ അനുമതിയോടല്ലാതെ ചെയ്യാൻ സാദ്ധ്യമല്ലാത്തതുമാണ്.**

### വിധിന്യായം

### ജസ്റ്റിസ് പി. ആർ. രാമചന്ദ്രമേനോൻ

1. ഹർജികക്ഷിക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ശ്രീ. സി. ധീരജ്‌രാജനേയും ദേവസ്വംബോർഡിനു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും സംസ്ഥാനത്തെ കക്ഷിയാക്കിയിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ടതനുസരിച്ച് ഈ കോടതിയെ സംബോധന ചെയ്യാനെത്തിയ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. നാഗരാജ് നാരായണനേയും കേട്ടു.

2. ഒരു ക്ഷേത്ര ഉത്സവവുമായി ബന്ധപ്പെട്ട് തൃക്കടവൂർ ശിവരാജു എന്ന പേരുള്ള ആനയെ നൽകുന്നതു സംബന്ധിച്ചാണ് പ്രധാന തർക്കം. അരുവായി വടക്കുമുറി ഉത്സവ സംഘത്തിന്റെ പ്രസിഡന്റാണെന്നു പറയുന്നതും 24-2-2019-ൽ നടക്കാനിരിക്കുന്ന ചിറവരമ്പത്തുകാവ് ക്ഷേത്രോത്സവത്തിൽ പങ്കെടുക്കുകയും ചെയ്യുന്ന ഹർജിക്കാരൻ മേൽ പരാമർശിച്ച ആനയെ നൽകുന്നതിനു വേണ്ടി എതിർകക്ഷി ദേവസ്വം മുമ്പാകെ ഹർജികക്ഷി എഗ്സിബിറ്റ് പി-1 അപേക്ഷ നൽകിയതായി പ്രസ്താവിച്ചു. 24-2-2019-ൽ നടക്കാനിരിക്കുന്ന ക്ഷേത്ര ഉത്സവത്തിൽ പ്രസ്തുത ആനയെ എഴുന്നള്ളിപ്പിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച വേറെയും ചില അപേക്ഷകരുള്ളതായി പറഞ്ഞു. എല്ലാം കൂടി 7 വ്യത്യസ്ത കമ്മിറ്റികളുടെ അപേക്ഷകൾ ദേവസ്വം ബോർഡ് മുമ്പാകെ സമർപ്പിച്ചതായി പറഞ്ഞു. ഒരു പ്രത്യേക ദിവസത്തേയ്ക്ക് ആനയെ ബുക്കു ചെയ്യാൻ താത്പര്യപ്പെടുന്ന വ്യക്തി നിരക്കുവിലയായി പറഞ്ഞ ഉയർന്ന തുകയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് ആനയെ നൽകുന്നു. അതിൻപ്രകാരം 8-2-2019 രാവിലെ 10 മണിയ്ക്ക് ഒരു ലേലം നടത്തുന്നതിന് ദേവസ്വം ബോർഡ് 4-2-2019-ൽ പുറപ്പെടുവിച്ച

എഗ്സിബിറ്റ് പി2 നോട്ടീസ് പ്രകാരം നിശ്ചയിച്ചു. ലേലം നടക്കാതിരിക്കുകയും, അന്വേഷണത്തിൽ, ദേവസ്വം തീരുമാനം മാറ്റിയതായും അവരുടെ ഇഷ്ടാനുസരണം ഒരു വ്യക്തിക്ക് ആനയെ കൊടുക്കുവാനുള്ള നടപടികൾ എടുത്തിരുന്നതായും ആയത് തികച്ചും ഏകപക്ഷീയവും ആയതിനാൽ ഈ റിട്ട് ഹർജി താഴെ പറയുന്ന പ്രാർത്ഥനകളോടെ ഉന്നയിച്ചിട്ടുള്ളതുമാണ്:—

"1. എഗ്സിബിറ്റ് പി 2-ൽ പ്രസിദ്ധപ്പെടുത്തിയതുപോലെ ക്ഷേത്രോത്സവങ്ങൾക്ക് "തൃക്കടവൂർ ശിവരാജു" എന്ന ആനയെ ഉപയോഗിക്കുന്നതിനുവേണ്ടി ലേലം നടത്തുന്നതിനായി ഒന്നാം എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ട് മാൻഡാമസ് റിട്ടോ മറ്റേതെങ്കിലും അനുയോജ്യമായ റിട്ടോ ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

2. ഹർജിക്കാരന് 24-2-2019-ൽ നടത്തേണ്ട പൂരത്തിൽ പങ്കെടുക്കുന്നതിനായി "തൃക്കടവൂർ ശിവരാജു" എന്ന ആനയെ ഉപയോഗിക്കുന്നതിനുവേണ്ടി ലേലം നൽകുന്നതിന് ഒന്നാം എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ട് മാൻഡാമസ് റിട്ടോ മറ്റേതെങ്കിലും അനുയോജ്യമായ റിട്ടോ ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

3. നറുക്കെടുപ്പ് വഴി "തൃക്കടവൂർ ശിവരാജു" എന്ന ആനയെ നൽകുന്നതിന് ഒന്നാം എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ട് മാൻഡാമസ് റിട്ടോ മറ്റേതെങ്കിലും അനുയോജ്യമായ റിട്ടോ ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

4. നീതിയുടെ താൽപര്യാർത്ഥം ഈ കോടതിയ്ക്ക് അനുയോജ്യമെന്ന് തോന്നുന്ന മറ്റു പരിഹാരങ്ങൾ നൽകുക.".

3. ഹർജികക്ഷിയുടെ അപേക്ഷ, നടപടികളിൽ സുതാര്യത കൊണ്ടുവരുന്നതിനു മാത്രമാണെന്ന് ഹർജികക്ഷിക്കുവേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു. ആനയെ 24-2-2019-ന് എഴുന്നള്ളിക്കുന്നതിനായി ഒന്നുകിൽ ലേലത്തിനു വിധേയമാക്കുകയോ നറുക്കെടുപ്പ് വഴി വരുന്ന ആളിന് ആനയെ അനുവദിച്ചു നൽകുകയോ ചെയ്യുക.

4. ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ, നിർദ്ദേശിച്ചതുപ്രകാരം 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിന്റെ 43-ാം വകുപ്പിൻ കീഴിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വത്തിന് ലേലം നടത്താൻ സാധിക്കില്ല എന്ന അർത്ഥത്തിൽ 7-2-2019 തീയതിയിൽ റേഞ്ച് ഫോറസ്റ്റ് ആഫീസർ എസ്സ്.എഫ്.റ്റി.വി. എം-01/2019 എന്ന നമ്പർ കത്ത് നൽകിയിട്ടുള്ളതായി ദേവസ്വം ബോർഡിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിക്കുന്നു. പ്രസ്തുത കത്തിന്റെ ഒരു പകർപ്പ് ഈ കോടതി മുമ്പാകെ ഹാജരാക്കി. പ്രസ്തുത കത്തിന്റെ ഉള്ളടക്കങ്ങളിലേക്കു പോകുമ്പോൾ, വനം വകുപ്പ് അധികാരികൾ ഉന്നയിച്ചിട്ടുള്ള വാദം സ്വീകരിക്കുന്നതിനു ഞങ്ങൾക്കു ബുദ്ധിമുട്ടുള്ളതും ആയതിനാൽ ഒരു അഭിപ്രായ പ്രകടനത്തിന് മുമ്പ് വിദ്വാനായ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെ (വനം) കേൾക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതുന്നു. ഇതനുസരിച്ച്

ഈ കോടതി മുമ്പാകെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. നാഗരാജ് നാരായൺ ഹാജരാകുകയും ഈ തർക്കവുമായി ബന്ധപ്പെട്ട വിവിധ വസ്തുതകൾ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു.

5. ആക്റ്റിലെ 42-ാം വകുപ്പിലെ നിർദ്ദേശത്തിലേക്ക് വിദ്വാനായ സ്പെഷ്യൽ ഗവ. പ്ലീഡർ ഒരു പരാമർശം നടത്തുകയും, മേൽ വകുപ്പ് പ്രകാരം അടിമയാക്കപ്പെട്ട ആനയുടെ വിൽപ്പനയ്ക്കും കൈമാറ്റത്തിനും കടത്തലിനും ഒരു വിലക്ക് ഉള്ളതും കടത്തൽ പോലും വൈൽഡ് ലൈഫ് വാർഡന്റെയോ അധികാരപ്പെടുത്തിയിട്ടുള്ള ആഫീസറുടെയോ മുൻകൂർ അനുമതിയോടല്ലാതെ ചെയ്യാൻ സാധ്യമല്ല എന്നും കൂടി കൂട്ടിച്ചേർത്തു. ആക്റ്റിന്റെ 43-ാം വകുപ്പിലേയ്ക്കും ഒരു പരാമർശം നടത്തി. ഒരു ഉടമസ്ഥാവകാശം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും വിദ്വാനായ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ പരാമർശിക്കുകയുണ്ടായി. ഇത് പരിഗണനയിലുള്ള വിഷയത്തിന്റെ ഭാഗം ആകാത്തതിനാൽ ഈ വസ്തുതകളെ കുറിച്ച് പ്രതിപാദിക്കുന്നതിന് ഞങ്ങൾക്ക് ഉദ്ദേശമില്ലാത്തതും, ചട്ടത്തിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ട് ദേവസ്വമോ ബന്ധപ്പെട്ട മറ്റുള്ളവരോ കടത്തി അയയ്ക്കൽ നടത്തിയിട്ടുണ്ടെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അത് ശ്രദ്ധിക്കാവുന്നതും നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി ഉചിതമായ നടപടി തുടരാവുന്നതുമാണ്.

6. ഇവിടെ ഉൾക്കൊള്ളുന്ന പരിമിതമായ തർക്കത്തിലേയ്ക്ക് വരുമ്പോൾ, ലേലം വഴിയോ നറുക്കെടുപ്പിലൂടെയോ ഉള്ള സുതാര്യമായ നടപടിക്ക് പകരമായി, റേഞ്ച് ഫോറസ്റ്റ് ആഫീസറുടെ 7-2-2019 തീയതിയിലെ കത്ത് ആശ്രയിച്ചുകൊണ്ട് ചിറവരമ്പത്തുകാവ് ഉത്സവത്തിനു അവരുടെ ഇഷ്ടാനുസരണമുള്ള ഒരു വ്യക്തിയ്ക്ക് എഴുന്നള്ളത്തിന് ആനയെ അനുവദിച്ച് നൽകുന്നതിന് ദേവസ്വം ബോർഡ് എടുത്ത തീരുമാനം ശരിയും നിലനിൽക്കുന്നതുമാണോ എന്നതാണ് ചോദ്യം.

7. അഡീഷണൽ 4-ാം എതിർകക്ഷിക്കു വേണ്ടിയുള്ള (20-2-2019 തീയതിയിലെ ഇടക്കാല അപേക്ഷ നമ്പർ 1/2019-ലെ ഉത്തരവ് പ്രകാരം കക്ഷി ചേർക്കപ്പെട്ടു). വിദ്വാനായ അഭിഭാഷകൻ, പ്രസ്തുത കക്ഷിയാണ് ആനയെ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ആദ്യമായി ദേവസ്വത്തെ സമീപിച്ച കക്ഷിയെന്നും അതിനനുസരിച്ചായിരുന്നു അവരുടെ അപേക്ഷ പരിഗണിച്ചതെന്നും അവർക്ക് ആനയെ അനുവദിച്ചതെന്നും ബോധിപ്പിച്ചു. ഇതിനെ തുടർന്ന് അവർ 1,52,700 രൂപ നൽകുകയും ആഘോഷവുമായി ബന്ധപ്പെട്ട് ഉചിതമായ ഏർപ്പാടുകൾ അവർ നടത്തുകയും ചെയ്തു. ഈ വാദത്തിനു ദേവസ്വം ബോർഡ് പിന്തുണ തേടിയിട്ടുള്ളതും; എന്നാൽ തീയതിയെപ്പറ്റിയോ അപേക്ഷ സമർപ്പിച്ച തീയതിയെപ്പറ്റിയോ എങ്ങനെയാണ് അപേക്ഷ സ്വീകരിച്ചതെന്നോ, ആയത് ഇ-മെയിൽ വഴിയോ അതോ പോസ്റ്റൽ സീൽ (അപേക്ഷ സമർപ്പിച്ച തീയതി ഉറപ്പാക്കുന്നത്) ഉൾക്കൊള്ളുന്ന പോസ്റ്റൽ കവർ വഴിയാണോ എന്നതിനുള്ള യാതൊരു

വസ്തുതയും ഈ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. സുതാര്യതയുടെ വീക്ഷണത്തിൽ പരിശോധിക്കുമ്പോൾ ഒരു മുൻ തീയതിയിലെ അപേക്ഷ സമർപ്പിച്ച തിനുള്ള സാദ്ധ്യത തള്ളിക്കളയാൻ കഴിയു ന്നതല്ല. ഏഴ് അപേക്ഷകൾ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ടെന്നും എഗ്സിബിറ്റ് പി-2-ൽ നിന്നും പ്രകടമാകുന്നതുപോലെ പ്രസ്തുത സാഹചര്യത്തിൽ ലേലം 8-2-2019-ൽ നടത്താനിരുന്നതായുമുള്ള വസ്തുത നിലനിൽക്കുന്നു. ദേവസ്വം ബോർഡ്, ഫോറസ്റ്റ് റെയിഞ്ച് ആഫീസർ പുറപ്പെടുവിച്ച കത്ത്, ശരിയാണെന്നോ നിലനിൽക്കാത്തതാണെന്നോ ഉള്ളത് ചോദ്യം ചെയ്തിട്ടില്ലാത്തതും ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള നിരക്ക് സ്വീകരിക്കാൻ അവർ തീരുമാനിച്ചതിനാൽ, (ആനയെ നൽകുന്നതിനുവേണ്ടി) ഇതിനെ ആർക്കാണു നൽകിയതെന്നു തിരിച്ചറിയുന്നതിനു വേണ്ടി ഒരു സുതാര്യമായ ഉദ്യമം വേണമെന്ന വസ്തുത അവശേഷിക്കുന്നു. ദേവസ്വം ബോർഡ് 7 അപേക്ഷകൾ കിട്ടിയിട്ടുള്ളതായി പറയുന്നതിനാൽ, എഗ്സിബിറ്റ് പി 2-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ അപേക്ഷ കർക്കും 'നറുക്കെടുപ്പ് നടത്തുന്നതിലൂടെ' നൽകുന്നത് ഉചിതമാണെന്ന് ഈ കോടതി കണ്ടെത്തുന്നു. ഇത് ഉടൻ ചെയ്യേണ്ടതും, നിയമപരമായ എല്ലാ ഘടകങ്ങൾക്കും വിധേയമായി ഭാഗ്യവാനായ അത്തരം വ്യക്തിക്ക് ആനയെ നൽകാൻ കഴിയേണ്ടതു മാണ്. നിയമാനുസൃതമായ എല്ലാ സർട്ടിഫിക്കറ്റുകളും ആനയ്ക്ക് വേണ്ടതും ദേവസ്വം ഏർപ്പാട് ചെയ്ത പാപ്പാൻ കൂടെയുണ്ടോ എന്നും ഉറപ്പാക്കേണ്ടതാണ്. ഇത് വനം വകുപ്പ് അധികാരികൾ നിഷ്കർഷിക്കുന്ന മറ്റു നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കണം. പൊതുജനത്തിന്റേയും അതേപോലെ ദേവസ്വം ബോർഡിന്റെയും അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി 'ഇൻഷ്വറൻസ് കവറേജ്' പോലെ യുള്ള മറ്റ് അവശ്യഘടകങ്ങൾ ദേവസ്വം ബോർഡ് കണ്ടെത്തേണ്ടതാണ്.

8. നറുക്കെടുപ്പിൽ അഡീഷണൽ 4-ാം എതിർകക്ഷി വിജയിക്കുകയാണെങ്കിൽ യഥാർത്ഥ തുകയായി കാണിച്ചിട്ടുള്ളത് നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് കൂടുതൽ തുക നൽകേണ്ട ആവശ്യമില്ലാത്തതാണ്. നറുക്കെടുപ്പിൽ മറ്റാരെങ്കിലും വിജയിക്കുക യാണെങ്കിൽ അനുവദനീയമായ പരിധിയിൽ അഡീഷണൽ 4-ാം എതിർകക്ഷിക്ക് താമസംവിനാ തുക ദേവസ്വം നൽകേണ്ട തുമാണ്.

9. നറുക്കെടുപ്പ് നടത്തപ്പെടുന്ന തീയതി, സമയം, സ്ഥലം എന്നിവയെക്കുറിച്ച് ദേവസ്വം ബോർഡ് അവർ താത്പര്യ പ്പെടുന്നുണ്ടെങ്കിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി എല്ലാ അപേക്ഷകർക്കും ലിഖിതമോ ഇലക്ട്രോണിക് മാധ്യമം മുഖാന്തിരമോ അറിയിപ്പ് നൽകുന്നതിന് നിർദ്ദേശിച്ചു. 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിന്റെ 40-ാം വകുപ്പിന്റെയോ 43-ാം വകുപ്പിന്റെയോ വ്യാപ്തിയുടെ നിയമ സാധുതയെപ്പറ്റി ഞങ്ങൾ യാതൊന്നും പ്രഖ്യാപിക്കാതിരിക്കുന്നതും ആവശ്യമായി വരുന്നപക്ഷം ഉചിതമായ മറ്റൊരു കേസിൽ പരിഗണിക്കുന്നതുമാണ്.

മുകളിൽ പരാമർശിച്ച പ്രകാരം റിട്ട് ഹർജി തീർപ്പാക്കുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് പി. ജി. അരുൺ

റിട്ട് ഹർജി (സി) നം. 14736/2015

1. ദി റീജിയണൽ മാനേജർ, മെസ്സേഴ്സ് ഇന്റസ്ഇന്റ് ബാങ്ക്, കോർപ്പറേറ്റ് ആഫീസ്-റട്ടേയ്ൽ, നം. 34, ജി.എൻ. ചെട്ടി റോഡ്, റ്റി. നഗർ, ചെന്നൈ

2. ദി വൈസ് പ്രസിഡന്റ്, മെസ്സേഴ്സ് ഇന്റസ്ഇന്റ് ബാങ്ക്, രജിസ്റ്റേർഡ് ആഫീസ്, 2401, എഫ്.ജി.ഇ.എൻ., തിമ്മയ റോഡ് (യീസ്റ്റ് സ്ട്രീറ്റ്), കൺടോൺമെന്റ്, പൂനെ-411 001.

*Vs*

കേരള സംസ്ഥാനവും മറ്റുള്ളവരും

2019 മെയ് 29-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റ്, ഒരു ഉപഭോക്തൃ പരാതി, ഒരു നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കണ മെന്ന് വ്യവസ്ഥ ചെയ്യുന്നു. ഒരു ഉപഭോക്തൃ പരാതി തീർപ്പാക്കുന്നതിന് ആക്റ്റ് ഒരു കാലയളവ് നിഷ്കർഷിക്കുന്നുണ്ടെങ്കിലും മാർഗ്ഗങ്ങളും അടിസ്ഥാനസൗകര്യവും ഇല്ലാത്തതിനാൽ പരാതികൾ തീർപ്പാക്കാൻ സാധിക്കാത്തത് ഗൗരവതരമാണ്. ഈ പശ്ചാത്തലത്തിൽ, നീതിന്യായ വ്യവസ്ഥിതി യിൽ സംഭവിക്കാവുന്ന നിസ്സാരമായ കാലതാമസങ്ങൾക്ക് ഉത്തമവിശ്വാസ ത്തോടെ വ്യവഹാരത്തിൽ ഏർപ്പെട്ടിരി ക്കുന്ന ഒരാളെ ശിക്ഷിക്കുന്നത് നിഷ്ഠൂര മാണ്. ഇത് ഉപഭോക്തൃ ഫോറം ഓർമ്മി ക്കേണ്ടതും അപ്രകാരം നീതിനിർവ്വഹണം നിഷ്ഫലമാകാതെയും ആകണം.**

### വിധിന്യായം

**ജസ്റ്റിസ് പി. ജി. അരുൺ**

ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം (സിഡിആർഎഫ്), ആലപ്പുഴയും, കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും (സിഡിആർസി) യഥാക്രമം പുറപ്പെടുവിച്ച എഗ്സിബിറ്റ് പി7-ഉം പി8-ഉം ഉത്തരവുകളിൽ സങ്കടപ്പെട്ടുകൊണ്ട് മെസ്സേഴ്സ് ഇന്റസ്ഇന്റ് ബാങ്കിന് (ഇതിനുശേഷം 'ബാങ്ക്' എന്ന് വിളിക്കപ്പെടും) വേണ്ടി ഫയൽ ചെയ്തതാണ് ഈ റിട്ട് ഹർജി. റിട്ട് ഹർജിയിലേക്ക് നയിക്കുന്ന വസ്തുതകൾ ചുരുക്കത്തിൽ താഴെപറയും പ്രകാരമാണ്:

8-2-2008-ൽ ബാങ്ക് നടത്തിയ ഒരു ലേലത്തിൽ, 1,02,000 രൂപ കൊടുത്തു കൊണ്ട് ഒരു ദേവസ്യാ ജോൺ എന്നയാളുടെ പേരിൽ രജിസ്റ്റർ ചെയ്ത കെഎൽ-32-5716 എന്ന നമ്പർ രജിസ്ട്രേഷനുള്ള ഒരു ഓട്ടോറിക്ഷ 5-ാം എതിർകക്ഷി വാങ്ങി. ഓട്ടോറിക്ഷ വാങ്ങുന്നതിനായി ബാങ്കിൽ നിന്നും ദേവസ്യാ ജോൺ എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയതിനെ തുടർന്ന് ബാങ്ക് ആ വാഹനം ലേലത്തിന് വച്ചു. 5-ാം എതിർകക്ഷി വാങ്ങിയിട്ടും ഓട്ടോറിക്ഷയുടെ രജിസ്ട്രേഷൻ

5-ാം എതിർകക്ഷിയുടെ പേരിൽ മാറ്റാതെ ദേവസ്യാ ജോണിന്റെ പേരിൽ തന്നെ തുടർന്നു. ആവർത്തിച്ച് അപേക്ഷിച്ചിട്ടും വക്കീൽ നോട്ടീസുകൾക്ക് പോലും യാതൊരു ഫലവുമില്ലാതെയും ബാങ്ക് അധികൃതരിൽ നിന്നും പ്രതികരണം പോലും ഇല്ലാതെ വന്നപ്പോൾ 5-ാം എതിർകക്ഷി പോലീസ് മുമ്പാകെ ഒരു ക്രിമിനൽ പരാതി നൽകുകയും തുടർന്ന് അധികാരിതയുള്ള മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഒരു സ്വകാര്യ പരാതി നൽകുകയും ചെയ്തു. അതിനുശേഷം, 5-ാം എതിർകക്ഷി ആലപ്പുഴ സിഡിആർഎഫ് മുമ്പാകെ താഴെ പറയുന്ന പരിഹാരങ്ങൾ തേടിക്കൊണ്ട് എഗ്സിബിറ്റ് പി4 പരാതി ഫയൽ ചെയ്തു:-

"(എ) 1,02,000 രൂപ, 8-2-2008 മുതൽ, അതായത്, പരാതിക്കാരന് ആ വാഹനം, എതിർകക്ഷികൾ മേൽ പറഞ്ഞ തുക സ്വീകരിച്ചുകൊണ്ട് വിറ്റ തീയതി, 18% പലിശ സഹിതം മടക്കിനൽകുന്നതിനും ആ വാഹനം തിരികെ എടുക്കുന്നതിനും എതിർകക്ഷികളോട് നിർദ്ദേശിക്കുന്നതിന്.

(ബി) മേൽപറഞ്ഞ വാഹനത്തിന്റെ വിൽപ്പനയുടെ വ്യവസ്ഥകളും ഉപാധികളും അനുസരിച്ച് എതിർകക്ഷികൾ നാളിതുവരെ പരാതിക്കാരന് രേഖകൾ അയാളുടെ പേർക്ക് ശരിയായി ഏർപ്പെടുത്തി നൽകാത്തതിനാൽ 5 വർഷങ്ങളോളം ആ വാഹനം ഉപയോഗിക്കാൻ സാധിക്കാതെ വന്നതിലെ വരുമാനനഷ്ടത്തിന് 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) നഷ്ടപരിഹാരമായി നൽകുന്നതിന് എതിർകക്ഷികളോട് നിർദ്ദേശിക്കുന്നതിന്.

(സി) പരാതിക്കാരൻ അനുഭവിച്ച മാനസികവ്യഥയ്ക്ക് നഷ്ടപരിഹാരമായി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) നൽകുന്നതിന് എതിർകക്ഷികളോട് നിർദ്ദേശിക്കുന്നതിന്.

2. പരാതിയിൽ നോട്ടീസ് ലഭിച്ചയുടനെ ബാങ്കിനു വേണ്ടി, കോടതിയിൽ ഹാജരാവൽ ഉണ്ടാവുകയും, അതിനുശേഷം, 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24എ വകുപ്പ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള രണ്ടു വർഷ സമയപരിധി കഴിഞ്ഞതിനു ശേഷമാണ് പരാതി ഫയൽ ചെയ്തതെന്ന കാരണത്താൽ പരാതി തള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് എഗ്സിബിറ്റ് പി5 ഫയൽ ചെയ്തു. ഇടക്കാല അപേക്ഷയിൽ, 8-2-2008-ൽ നടന്ന ലേലത്തിൽ 5-ാം എതിർകക്ഷി വാങ്ങിയ ഓട്ടോറിക്ഷയുടെ കൈമാറ്റം സംബന്ധിച്ച് ന്യൂനത ആരോപിച്ചുകൊണ്ട് 13-3-2013-ൽ മാത്രമാണ് എഗ്സിബിറ്റ് പി4 പരാതി ഫയൽ ചെയ്തതെന്ന് ബോധിപ്പിച്ചു. പ്രസ്തുത വാഹനത്തിന്റെ ഉടമസ്ഥാവകാശം അയാളുടെ പേരിലേക്ക് മാറ്റുന്നതിന് ഹർജികക്ഷികളോട് ആവശ്യപ്പെട്ടുകൊണ്ട് 5-ാം എതിർകക്ഷി 18-2-2010-ൽ ഒരു ലീഗൽ നോട്ടീസ് അയച്ചിരുന്നിട്ടും, ലേലം നടന്ന തീയതിക്കും ലീഗൽ നോട്ടീസ് അയച്ച തീയതിക്കും രണ്ടുവർഷം കഴിഞ്ഞാണ് പരാതി ബോധിപ്പിച്ചത്. വാഹനത്തിന്റെ രജിസ്ട്രേഷൻ അയാളുടെ പേരിലേക്ക് മാറ്റുന്നതിൽ ഹർജികക്ഷികൾ വീഴ്ച വരുത്തിയിരുന്നെങ്കിലും വ്യവഹാരകാരണം തുടർന്നിരുന്നതും പരാതി ഫയൽ ചെയ്ത ആ തീയതിയിൽ പോലും തികച്ചും സജീവമായിരുന്നു എന്നും തർക്കിച്ചുകൊണ്ട് 5-ാം എതിർകക്ഷി എഗ്സിബിറ്റ് പി6 ആക്ഷേപം ബോധിപ്പിച്ചു. ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24എ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മേൽ പരാതി ഫയൽ ചെയ്തിരുന്നുവെന്നും തർക്കിച്ചു. 5-ാം എതിർകക്ഷിയുടെ തർക്കം അനുകൂലിച്ചുകൊണ്ട് വ്യവഹാര കാരണം തുടർന്നതിന്റെ അടിസ്ഥാനത്തിൽ പരാതി കാലഹരണപ്പെട്ടതല്ലെന്നും അതിനാൽ നിലനിൽക്കുന്ന

താണെന്നും എഗ്സിബിറ്റ് പി7 ഉത്തരവിലൂടെ സി.ഡി.ആർ.എഫ്., ആലപ്പുഴ വിധിച്ചു. ബാങ്ക്, ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം സി.ഡി.ആർ.സി. മുമ്പാകെ എഗ്സിബിറ്റ് പി7 ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഒരു റിവിഷൻ ഹർജി ഫയൽ ചെയ്തു. 5-ാം എതിർകക്ഷിയെ സംബന്ധിച്ചിടത്തോളം, വ്യവഹാരകാരണം തുടർന്നുവന്നിരുന്നതും ആയതിനാൽ പരാതി കാലഹരണപ്പെട്ടിട്ടില്ലായെന്നുമുള്ള സി.ഡി.ആർ.എഫിന്റെ കണ്ടെത്തലിനെ അനുകൂലിച്ചുകൊണ്ട് ആ റിവിഷൻ ഹർജി എഗ്സിബിറ്റ് പി8 ഉത്തരവിലൂടെ സംസ്ഥാന കമ്മീഷൻ തള്ളി.

3. ഈ റിട്ട് ഹർജിയിലെ പ്രധാന തർക്കം, ഒരു വ്യവഹാരകാരണം തുടർന്നിരുന്നതും ആ പരാതി കാലഹരണപ്പെട്ടതല്ലായെന്നും ആയതിനാൽ നിലനിൽക്കുന്നതാണെന്നു മുള്ള സി.ഡി.ആർ.എഫിന്റെ കണ്ടെത്തലിനെ സി.ഡി.ആർ.സി. സ്ഥിരീകരിച്ചതിനെതിരെ യാണ്. ഈ തർക്കത്തിനെ പിന്തുണച്ചു കൊണ്ട് ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24 എ വകുപ്പും അതുപോലെ തന്നെ പരാതി ഫയൽ ചെയ്യുന്നതിനു വേണ്ടിയുള്ള വ്യവഹാരകാരണം സംബന്ധിച്ച എഗ്സിബിറ്റ് പി4-ലെ വാദവും അവലംബിച്ചു.

4. തർക്കത്തിന്റെ ഗുണദോഷത്തിന്മേൽ ആഴ്ന്നിറങ്ങുന്നതിനുമുമ്പ്, ഹർജികക്ഷി കൾക്ക് ആക്റ്റിലെ 19-ഉം 21-ഉം വകുപ്പുകൾ പ്രകാരം അപ്പീൽ മുഖാന്തിരം ഫലപ്രദമായ ബദൽ പരിഹാരം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ഈ റിട്ട് ഹർജിയുടെ നിലനിൽപ്പ് സംബന്ധിച്ച ചോദ്യം പരിഹരിക്കേണ്ടതാണ്. നിസ്സംശയം, സംസ്ഥാന കമ്മീഷന്റെ എഗ്സിബിറ്റ് പി8 ഉത്തരവിനെതിരെ ദേശീയ കമ്മീഷൻ (എൻ.സി.ഡി.ആർ.സി.) മുമ്പാകെ ആക്റ്റിലെ 19-ഉം 20-ഉം വകുപ്പുകൾ പ്രകാരം ഒരു അപ്പീലിന് വ്യവസ്ഥയുണ്ട്. ദേശീയ കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുവേണ്ടി വ്യവസ്ഥ ലഭ്യമായിരുന്നിട്ടും സംസ്ഥാന കമ്മീഷന്റെ ഉത്തരവുകൾക്കെതിരെയുള്ള റിട്ട് ഹർജികൾ സ്വീകരിക്കുന്നതിന്റെ നിയമസാധുത പരമോന്നത കോടതി *നിവേദിത ശർമ്മ* Vs *സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസ്സോസ്സിയേഷൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും* [(2011) 14 എസ്.സി.സി.337]-ൽ പരിഗണിച്ചു. *നിവേദിത ശർമ്മയുടെ* കേസിൽ സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസ്സോസ്സിയേഷൻ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, ഡൽഹി പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരെ ഫയൽ ചെയ്ത റിട്ട് ഹർജി ഡൽഹി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്വീകരിച്ചതിൽ പരമോന്നത കോടതി അപാകത കണ്ടെത്തി. സാരവത്തായി, 226-ാം അനുച്ഛേദത്തിൻകീഴിൽ ഹർജികൾ സ്വീകരിക്കുമ്പോൾ ഹൈക്കോടതികളുടെ അധികാരപരിധിയും വിവേചന വിനിയോഗവും *താൻസിംഗ്* Vs *സൂപ്രണ്ട് ഓഫ് ടാക്സസ്* (എ.ഐ.ആർ. 1964 എസ്.സി. 1419) ഉൾപ്പെടെയുള്ള ധാരാളം തീർപ്പുകളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിച്ചിട്ടുണ്ട്, ആയതിൽ താഴെ പറയും പ്രകാരം വിധിച്ചു:

"ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം ഹൈക്കോടതിയുടെ അധികാരിത വിപുലമായ വ്യവസ്ഥകളിൽ ഒളിഞ്ഞു കിടക്കുന്നതും അതിന്റെ വിനിയോഗം, അനുച്ഛേദങ്ങളിൽ പ്രത്യക്ഷമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രാദേശിക നിയന്ത്രണങ്ങൾ ഒഴികെ മറ്റു യാതൊരു നിയന്ത്രണത്തിനും വിധേയമല്ല എന്നത് തീർച്ചയായും ശരിയാണ്. എന്നാൽ, അധികാരിതയുടെ വിനിയോഗം വിവേചനപരമാണ്; അപ്രകാരം ചെയ്യുന്നതു നിയമപരമായതുകൊണ്ട് മാത്രം അത് വിനിയോഗമാകുന്നില്ല. സ്വയം ചുമത്തിയ ചില പരിധിക്കു വിധേയമായി ഇത്

സാധാരണ വിനിയോഗിക്കുന്നതിന് അധികാരിതയുടെ വ്യാപ്തി യഥാർത്ഥത്തിൽ ആവശ്യപ്പെടുന്നു. സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിച്ച ഒരു വ്യവഹാരത്തിലോ മറ്റു രീതിയിലോ ലഭിക്കാവുന്ന ആശ്വാസത്തിനുവേണ്ടി ഒരു ബദൽ പരിഹാരമായി ആ അധികാരിതയിലേക്കുള്ള അവലംബം ഉദ്ദേശിക്കുന്നില്ല. അനുചിതമായി പ്രയോജനകരമല്ലാത്തതും തുല്യവും ഫലപ്രദവുമായ ഒരു പരിഹാരം വ്യവസ്ഥചെയ്യുന്ന ഒരു ബദൽപരിഹാരം ഹർജികക്ഷിക്കുള്ളിടത്ത് 226-ാം അനുച്ഛേദത്തിൻകീഴിലെ ഒരു റിട്ടിനു വേണ്ടിയുള്ള ഒരു ഹർജി സാധാരണ കോടതി സ്വീകരിക്കാറില്ല.".

5. ഈ കോടതി, *ഹജ്ജുമ്മയും മറ്റുള്ളവരും Vs ഭാരത് പ്ലൈവുഡ് ആന്റ് ടിംബർ പ്രോഡക്ട്സ് (പി) ലിമിറ്റഡും മറ്റുള്ളവരും* (1964 കെ.എൽ.ജെ. 154)-ൽ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിലെ നടപടികൾ സാധാരണ പരിഹാരങ്ങൾക്ക് പകരമാകുന്നില്ലെന്ന് വിധിച്ചു. ആ സ്ഥിതി, പരമോന്നത കോടതിയും അതുപോലെതന്നെ ഈ കോടതിയും വിധിച്ചതുപോലെ ഉത്തമമായി നിലനിൽക്കുന്നു. ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 19-ഉം 21-ഉം വകുപ്പുകളിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് 226-ാം അനുച്ഛേദത്തിൻകീഴിലെ ഇടപെടൽ ന്യായീകരിക്കത്തക്ക കാഠിന്യമേറിയ യാതൊരു സാഹചര്യവും ഈ റിട്ട് ഹർജിയിൽ ഇല്ലാത്തതിനാൽ ഈ റിട്ട് ഹർജി നിലനിൽക്കുന്നതല്ലെന്നു ഞാൻ കണ്ടെത്തുന്നു.

6. ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ, 226-ാം അനുച്ഛേദത്തിൻകീഴിലെ അധികാരം വിനിയോഗിക്കുന്നതിൽ ഇടപെടൽ ആവശ്യപ്പെടുന്നതിന് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് അപ്രകാരം വിരുദ്ധമായതാണോ എന്നതാണ് പരിഗണിക്കേണ്ട മറ്റൊരു ചോദ്യം. ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24 എ വകുപ്പിൻകീഴിൽ നിർണ്ണയിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ പരാതി ഫയൽ ചെയ്തിരുന്നു എന്ന സി.ഡി.ആർ.എഫിന്റേയും സി.ഡി.ആർ.സിയുടേയും കണ്ടെത്തലുകളെ ന്യായീകരിക്കുന്ന ഒരു തുടർവ്യവഹാര കാരണം 5-ാം എതിർകക്ഷിക്കുണ്ടായിരുന്നോ എന്നതാണ് ഈ ആവശ്യത്തിലേക്ക് പരിഗണിക്കേണ്ട ഒരേ ഒരു പ്രശ്ന വിഷയം. ഇപ്പോഴും, 5-ാം എതിർകക്ഷി വാങ്ങിയ വാഹനത്തിന്റെ രജിസ്ട്രേഷൻ അയാളുടെ പേരിലേക്ക് മാറ്റുന്നതിനു ഹർജികക്ഷികൾക്ക് കഴിഞ്ഞിട്ടില്ലെന്നതിൽ യാതൊരു തർക്കവുമില്ല. സത്യത്തിൽ, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 51(5)-ാം വകുപ്പിൻകീഴിൽ ഒരു പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടി ബാങ്ക് ഫയൽ ചെയ്ത അപേക്ഷയിൻമേൽ സത്വരതീരുമാനം തേടിക്കൊണ്ട് റിട്ട് ഹർജി (സിവിൽ) നം. 21257/2010 ഫയൽ ചെയ്തുകൊണ്ട് ബാങ്ക് ഈ കോടതിയെ സമീപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുള്ള പേര് ഏതു വ്യക്തിയുടേതാണോ ആ വ്യക്തിയുമായി രജിസ്റ്റേർഡ് ഉടമസ്ഥൻ ഒരു കരാറിൽ ഏർപ്പെടുകയും അയാൾ രജിസ്റ്റേർഡ് ഉടമസ്ഥനിൽനിന്നും വാഹനം കൈവശപ്പെടുത്തുകയും രജിസ്റ്റേർഡ് ഉടമസ്ഥന്റെ വീഴ്ചമൂലവും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് രജിസ്റ്റേർഡ് ഉടമസ്ഥൻ വിസമ്മതിച്ചതിനാലോ നാടുവിടുകയോ ചെയ്ത വ്യക്തിയാൽ മോട്ടോർ വെഹിക്കിൾസ് ആക്റ്റിൻകീഴിൽ ഒരപേക്ഷ ഫയൽ ചെയ്തു. 51(5) വകുപ്പിൻകീഴിലെ ഒരു അപേക്ഷ ലഭിച്ചയുടനെ, അധികാരസ്ഥാനത്തിന്, രജിസ്റ്റേർഡ് ഉടമസ്ഥന് അയാൾ ആഗ്രഹിക്കുന്നതുപോലെ അത്തരത്തിലുള്ള ഒരു നിവേദനം കൊടുക്കുന്നതിന് ഒരവസരം നൽകിയ ശേഷവും അതിന്റെ മുമ്പാകെ ആ

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നിട്ടും, ആ സർട്ടിഫിക്കറ്റ് റദ്ദാക്കുകയും ആരുമായാണോ രജിസ്റ്റേർഡ് ഉടമസ്ഥൻ പ്രസ്തുത ഉടമ്പടിയിൽ ഏർപ്പെട്ടത് ആ വ്യക്തിയുടെ പേരിൽ ഒരു പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്. ബാങ്ക് ഫയൽ ചെയ്ത റിട്ട് ഹർജി (സി) നമ്പർ 21257/2010, ഈ കോടതി എഗ്സിബിറ്റ് പി3 വിധിന്യായപ്രകാരം വിധിന്യായത്തിന്റെ ഒരു പകർപ്പ് ലഭിച്ച തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ കടം വാങ്ങിയ ആളായ ശ്രീ. ദേവസ്യാജോൺ ഉൾപ്പെടെയുള്ള എല്ലാ തത്പരകക്ഷികൾക്കും നോട്ടീസ് നൽകിയതിനും കേട്ടതിനുംശേഷം ഏതു പ്രകാരത്തിലും കഴിയുന്നത്ര വേഗം, ഹർജികക്ഷി ബാങ്ക് സമർപ്പിച്ച അപേക്ഷ നിയമാനുസൃതം പരിഗണിക്കുകയും അതിന്മേൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് തീർപ്പാക്കി. എഗ്സിബിറ്റ് പി3 വിധിന്യായത്തിൽ 5-ാം എതിർകക്ഷി ഓട്ടോറിക്ഷ വാങ്ങിയതുസംബന്ധിച്ച് യാതൊന്നുംതന്നെ പ്രതിപാദിക്കാതിരുന്നത് വിചിത്രമായതാണ്. എഗ്സിബിറ്റ് പി3 വിധിന്യായപ്രകാരം അവർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ പേര് മാറ്റുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ എടുത്തിരുന്നതും അങ്ങനെയുള്ള നടപടികളെക്കുറിച്ച് 5-ാം എതിർകക്ഷിയെ അറിയിച്ചിരുന്നതിനെക്കുറിച്ചും യാതൊരു കേസും ഹർജികക്ഷികൾക്ക് ഉണ്ടായിരുന്നില്ല. അപ്രകാരം, വാഹനത്തിന്റെ രജിസ്ട്രേഷൻ 5-ാം എതിർകക്ഷിയുടെ പേരിൽ മാറ്റിയിരുന്നില്ലെന്നും പരാതി ബോധിപ്പിക്കുന്ന തീയതി വരെ അതു സംബന്ധിച്ച് ഹർജികക്ഷികൾ ആവശ്യമായ നടപടികൾപോലും എടുത്തില്ല എന്ന വസ്തുത അവശേഷിക്കുന്നു. ആയതിനാൽ, 5-ാം എതിർകക്ഷിയുടെ പേരിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാറ്റുന്നതിൽ ബാങ്ക് വരുത്തിയ വീഴ്ച കാരണം അവിടെ വ്യവഹാരകാരണം തുടർന്നിരുന്നു എന്ന സി.ഡി.ആർ.എഫിന്റെ കണ്ടെത്തലിനെ സംസ്ഥാന കമ്മീഷൻ സ്ഥിരീകരിച്ചത് തെറ്റായതോ സ്പഷ്ടമായ നിയമവിരുദ്ധമോ ആണെന്ന് കാണാൻ കഴിയുകയില്ല. ബഹു. സുപ്രീംകോടതിയുടെ താഴെപ്പറയുന്ന തീരുമാനങ്ങൾ മേൽ കണ്ടെത്തലിന് പിന്തുണ നൽകുന്നു. *മീററ്റ് ഡവലപ്മെന്റ് അതോറിറ്റി Vs മുകേഷ് കുമാർ ഗുപ്ത* [ലാസ് (എസ്സ്.സി.) 2012-584]-ൽ അപ്പീൽവാദിയുടെ വ്യവഹാര കാരണം ആശാവഹമല്ലാതെ കാലഹരണപ്പെട്ട കാരണത്താൽ നിരസിച്ചുകൊണ്ട് ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെ അപ്പീൽവാദി ചോദ്യം ചെയ്തു. അതിലെ അപ്പീൽവാദിയുടെ തർക്കം ഉപഭോക്തൃ കമ്മീഷൻ മുമ്പാകെ എതിർകക്ഷി/പരാതിക്കാരന്റെ വ്യവഹാരകാരണം 1992-ൽ ഉത്ഭവിച്ചതും എന്നാൽ പരാതി 2009-ൽ മാത്രമാണ് ബോധിപ്പിക്കപ്പെട്ടതെന്നും ആയിരുന്നു. എതിർകക്ഷിയിൽ നിന്നും വില സ്വീകരിച്ച ശേഷം അയാളുടെ വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം നൽകുന്നതിൽ അപ്പീൽവാദി, സംസ്ഥാനത്തിന്റെ ഒരു നികായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച സംബന്ധിച്ചതാണ് ഇവിടത്തെ തർക്കം. അപ്പീൽ തള്ളിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി താഴെപറയും പ്രകാരം വിധിച്ചു:—

'ഞങ്ങളുടെ വീക്ഷണത്തിൽ എതിർകക്ഷി അയാൾക്ക് സ്ഥലം ലഭിക്കുമെന്ന പ്രതീക്ഷയോടെ 27 വർഷം ക്ഷമയോടെ കാത്തിരുന്നശേഷം ബോധിപ്പിച്ച പരാതി കാലഹരണപ്പെട്ടതാണെന്ന പോലെ ജില്ലാ ഫോറം തള്ളാതിരുന്നത് ശരിയായിരുന്നു, കാരണം, സ്ഥലത്തിന്റെ കൈവശാവകാശം വിട്ടുകൊടുക്കാത്ത

സംഗതിയിൽ പരാതി ബോധിപ്പിക്കുന്നതിന് അയാൾക്കൊരു ആവർത്തിക്കുന്ന കാരണ മുണ്ടാകുന്നു.".

7. *ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് Vs വെൽജാൻ ഹൈഡ്രയർ ലിമിറ്റഡ്* [(2007) 3 എസ്സ്.സി.സി 142]-ൽ ആന്ധ്രാപ്രദേശ് സംസ്ഥാന ഉപഭോക്തൃ പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് ഉറപ്പിച്ചുകൊണ്ടുള്ള ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ഒരു ഉത്തരവിനെതിരെ ബോധിപ്പിച്ച ഒരു അപ്പീൽ ബഹു. സുപ്രീംകോടതി പരിഗണിച്ചു. ചരക്ക് അയയ്ക്കുന്നതിലെ അപ്പീൽവാദിയുടെ വീഴ്ച സേവനത്തിന്റെ അപര്യാപ്തത യാകുമെന്ന് വിധിച്ചുകൊണ്ട് ചരക്ക് ഏറ്റുവാങ്ങുന്ന ആൾ/പരാതിക്കാരൻ കൊടുത്ത ഒരു പരാതി സംസ്ഥാന കമ്മീഷൻ അനുവദിച്ചു. അവിടെയും വ്യവഹാര കാരണം 08-11-1996-ൽ ഉണ്ടായതാണെങ്കിലും പരാതി 05-07-2001-ൽ മാത്രം ഫയൽ ചെയ്തു എന്നാരോപിച്ചുകൊണ്ട് 24എ വകുപ്പ് പ്രകാരം ആ പരാതി കാലഹരണപ്പെട്ട തായിരുന്നു എന്നതാണ് പ്രധാന തർക്കം. ആ തർക്കത്തെ തള്ളിക്കൊണ്ട് പരമോന്നത കോടതി താഴെ പറയുംപ്രകാരം വിധിച്ചു:

"1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24 എ വകുപ്പ്, വ്യവഹാര കാരണം ഉണ്ടായ തീയതി മുതൽ രണ്ട് വർഷങ്ങൾ ക്കുള്ളിൽ ഒരു പരാതി ബോധിപ്പിച്ചിട്ടില്ലാത്ത പക്ഷം ജില്ലാ ഫോറമോ സംസ്ഥാന കമ്മീഷനോ ദേശീയ കമ്മീഷനോ സ്വീകരിക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നു. "വ്യവഹാരകാരണം" എന്ന പദത്തിന് വിശാലമായ അർത്ഥമുള്ളതും വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത അർത്ഥമുള്ളതും, അതായത്, പ്രാദേശിക അധികാരിതയിലോ പരിധിയിലോ അല്ലെങ്കിൽ വ്യവഹരിക്കുന്നതിനുള്ള അവകാശം ആർജ്ജിക്കുന്നതോ ആയ സന്ദർഭങ്ങളിൽ ഉപയോഗിക്കുമ്പോൾ വാദിക്ക് (പരാതി ക്കാരന്) ആവശ്യപ്പെട്ട ആശ്വാസങ്ങൾക്ക് അർഹമാകുന്ന എല്ലാ സാഹചര്യങ്ങളോ തെളിയിക്കപ്പെട്ടതോ സ്വീകരിക്കപ്പെട്ടതോ ആയ വസ്തുതകളോ ഇത് സൂചിപ്പിക്കുന്നു. ചരക്കു കൊണ്ടുപോകുന്നതിനുവേണ്ട ഒരു കരാറുമായി ബന്ധപ്പെട്ട സമയപരിധിയുടെ ഒരു സന്ദർഭത്തിൽ വ്യവഹാരകാരണത്തിന്റെ തീയതി, ചരക്കുകൾ, ഏൽപ്പിച്ച തീയതി, കൺസൈൻമെന്റ് നോട്ട് പുറപ്പെടുവിച്ച തീയതി, വിതരണത്തിന് വ്യവസ്ഥ ചെയ്ത തീയതി, വിതരണത്തീയതി, വിതരണം ചെയ്യുന്നത് നിരസിച്ച തീയതി, ചരക്ക് കണ്ടെത്തേണ്ടതിനാൽ വിതരണത്തിന് കാത്തിരിക്കണമെന്ന വാഹകന്റെ അപേക്ഷ യുടെ അറിയിപ്പ് തീയതി, ചരക്കുകളുടെ നഷ്ടത്തെ അറിയിച്ച തീയതി അല്ലെങ്കിൽ ബാദ്ധ്യത സമ്മതിച്ചുകൊണ്ടുള്ള തീയതിയോ പരാമർശിക്കപ്പെടാം.

12. ഈ കേസിൽ, കൺസൈൻമെന്റ്, അപ്പീൽവാദിയെ 10-5-1996-ൽ ഏൽപ്പി ച്ചിരുന്നു. 08-11-1996-ൽ എതിർകക്ഷി, അപ്പീൽവാദിയോട് കൺസൈൻമെന്റ് റീ-ബുക്ക് ചെയ്യുവാൻ നിർദ്ദേശിച്ചു. 08-08-1998-നും, 13-10-1998-നും, 07-11-1998-നും 08-12-1998-നും എതിർകക്ഷി വിതരണം ആവശ്യപ്പെട്ടു. 15-12-1998-ഉം, 21-06-1999-ഉം 03-07-1999-ഉം തീയതികളിലെ കത്തുകളിലൂടെ അപ്പീൽവാദി, ചരക്കുകൾ കണ്ടെത്തുന്ന പ്രക്രിയയിലാണെന്നും എതിർകക്ഷിയോടു കാത്തിരിക്കാൻ അപേക്ഷിക്കുകയും അവസ്ഥയെക്കുറിച്ച് അറിയിക്കുമെന്ന ഉറപ്പും എതിർകക്ഷിയ്ക്ക് നൽകി. 03-07-1999 തീയതിയിലെ പ്രസ്തുത കത്ത് ലഭിച്ച തീയതി മുതൽ രണ്ട് വർഷങ്ങൾക്കുള്ളിൽ പരാതി ബോധിപ്പി ക്കുകയും അത് സമയത്തിനുമാണ്. വാസ്തവത്തിൽ, കൺസൈൻമെന്റ്

കണ്ടെത്തുന്നതുവരെ എതിർകക്ഷിയോട് കാത്തിരിക്കുന്നതിന് അപ്പീൽവാദിയുടെ അപേക്ഷയുടെ വെളിച്ചത്തിൽ, അപ്പീൽവാദിയിൽ നിന്നും നഷ്ടത്തെക്കുറിച്ച് അറിയിച്ചുകൊണ്ടോ വിതരണം ചെയ്യുന്നതിന് അതിന്റെ പ്രാപ്തിക്കുറവ് പ്രകടിപ്പിച്ചുകൊണ്ടോ, വിതരണം ചെയ്യാൻ വിസമ്മതിച്ചുകൊണ്ടോ ഉള്ള ഒരറിയിപ്പ് ലഭിക്കുന്നതുവരെയോ, എതിർകക്ഷി വിതരണത്തിനു വേണ്ടി ഒരാവശ്യം ഉന്നയിക്കുകയോ ഒരു ന്യായമായ കാലയളവിലേക്ക് കാത്തിരുന്ന ശേഷം കൺസൈൻമെന്റിന്റെ വില കൊടുക്കുകയും അത് പാലിക്കപ്പെടാതെയും വരുന്നതുവരെ ഒരു നടപടിയുടെ സമയപരിധി ആരംഭിക്കാൻ തുടങ്ങുന്നില്ല. അതിനാൽ, പരാതി ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 24 എ വകുപ്പ് പ്രകാരം കാലഹരണപ്പെട്ടതല്ല.''.

8. *നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് Vs ഹിന്ദുസ്ഥാൻ സേഫ്റ്റി ഗ്ലാസ് വർക്സ് ലിമിറ്റഡ്* [(2017) 5 എസ് സി സി 776]-ൽ നിരന്തരമായ മഴമൂലം അസംസ്കൃത സാധനങ്ങൾ, സ്റ്റോക്കുകൾ, ചരക്കുകൾ, ഉപകരണങ്ങൾ മുതലായവ നശിച്ച് കമ്പനിക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിന് ഇൻഷുറർ നിഷേധിച്ചതിൽ സങ്കടപ്പെട്ടുകൊണ്ട് ഇൻഷുർ ചെയ്യപ്പെട്ട കമ്പനി ദേശീയ കമ്മീഷനെ സമീപിച്ചു. പിന്നെയും, ഇൻഷുർ ചെയ്യപ്പെട്ടയാൾക്ക് നഷ്ടപരിഹാരവും ചെലവും അനുവദിച്ചുകൊണ്ടുള്ള ദേശീയ കമ്മീഷന്റെ ഉത്തരവിനെ കാലതാമസം വന്ന കാരണത്താൽ പ്രതിരോധിച്ചപ്പോൾ പരമോന്നത കോടതി താഴെപറയും പ്രകാരം വിധിച്ചു:—

''18. ഞങ്ങളുടെ അഭിപ്രായത്തിൽ, ഇതു സംബന്ധിച്ച ഒരു തർക്കത്തിൽ ഉപഭോക്താവിന്റെ അവകാശങ്ങളിൽ, പ്രധാനമായും കോടതികൾ തികച്ചും പ്രായോഗികമായ ഒരു കാഴ്ചപ്പാട് എടുക്കേണ്ടത് ആവശ്യമാകുന്നു, എന്തുകൊണ്ടെന്നാൽ ചരക്കുസേവനങ്ങൾ സപ്ലൈ ചെയ്യുന്നവർ താരതമ്യേന അസൗകര്യമുണ്ടാക്കുന്നത് ഉപഭോക്താക്കൾക്കാണ്. ഈ അസൗകര്യം തരണംചെയ്യുന്നതിനാണ്, 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റ് എന്ന നിയമനിർമ്മാണം ഫലപ്രദമായി പാർലമെന്റ് അവതരിപ്പിച്ചത്. ഉപഭോക്താവിന്റെ അവകാശത്തിന്റെ പരിഹാരത്തിന് ഒരു കാലതാമസം വരുത്തുന്നതിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈയർ തന്നെ ഹേതുവാകുന്നിടത്ത് ഒരു ഉപഭോക്താവിന് അസൗകര്യമാകും വിധം കാലഹരണ ആക്റ്റിലെ വ്യവസ്ഥ കണിശമായി വ്യാഖ്യാനിക്കാൻ കഴിയില്ല. അത് അങ്ങനെയിരിക്കെ, ഇത് സംബന്ധിച്ച്, ദേശീയ കമ്മീഷൻ നാഷണൽ ഇൻഷുറൻസിന്റെ തർക്കം നിരസിച്ചത് വളരെ ശരിയായിരുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിന് ഞങ്ങൾക്ക് യാതൊരു ശങ്കയുമില്ല.''.

9. നിലവിലെ കേസിനെ സംബന്ധിച്ചിടത്തോളം, 08-02-2008-ൽ ബാങ്ക് നടത്തിയ ഒരു ലേലത്തിൽ 5-ാം എതിർകക്ഷി ഓട്ടോറിക്ഷ വാങ്ങി എന്നതിൽ യാതൊരു തർക്കവുമില്ല. ബാങ്ക്, ലേലത്തിൽ, വാഹനത്തിന്റെ രജിസ്ട്രേഷൻ കൈമാറ്റം ചെയ്യുന്നതിന് ഈ കോടതിയെ സമീപിക്കുകയും എഗ്സിബിറ്റ് പി3 വിധിന്യായം നേടുകയും ചെയ്തു. ഇതിനിടയിൽ, 5-ാം എതിർകക്ഷി, വാഹനം അയാളുടെ പേരിലേക്ക് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് എഗ്സിബിറ്റ് പി9-ഉം പി10-ഉം ലീഗൽ നോട്ടീസുകൾ ബാങ്കിന് അയച്ചു. ബാങ്കോ അതിന്റെ ഉദ്യോഗസ്ഥരോ നോട്ടീസുകൾക്ക് മറുപടി നൽകുകയോ 5-ാം എതിർകക്ഷിയുടെ ആവശ്യം നടപ്പിലാക്കുന്നതിന് ശ്രമിക്കുകയോ ചെയ്തില്ല. മേൽ വസ്തുതയുടെ പശ്ചാത്തലത്തിലാണ്, 5-ാം എതിർകക്ഷിയുടെ

വ്യവഹാരകാരണം സജീവമായി നിലനിൽക്കുന്നതും അപ്രകാരം പരാതി കാലഹരണപ്പെട്ടതല്ല എന്ന ഒരു കണ്ടെത്തൽ സി.ഡി.ആർ.എഫ്.-ഉം സി.ഡി.ആർ.സി.-യും രേഖപ്പെടുത്തിയത്.

10. സമീപകാലത്ത്, *വിഭാബക്ഷി ഗോഖലെയും മറ്റൊരാളും Vs മെസേഴ്സ് ഗ്രുഹാഷിൽപ് കൺസ്ട്രക്ഷൻസും മറ്റുള്ളവരും* (സിവിൽ അപ്പീൽ നം. 4767/2019)-ൽ, കാലതാമസത്തിന്റെ കാരണത്താൽ അപ്പീലുകൾ/പരാതികൾ തള്ളിക്കൊണ്ട് എൻസിഡിആർസി പുറപ്പെടുവിച്ച ഉത്തരവുകളുടെ സാധൂകരണം പരിഗണിക്കുന്നതിന് ബഹു. പരമോന്നത കോടതിക്ക് അവസരമുണ്ടായി. പരമോന്നത കോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചു:—

"1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റ്, ഒരു ഉപഭോക്തൃ പരാതി, ഒരു നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു എന്ന കാരണത്താൽ എൻസിഡിആർസി നിസ്സാരമായ കാലതാമസങ്ങൾപോലും മാപ്പാക്കുന്നില്ല എന്ന് ഞങ്ങൾ ആവർത്തിച്ച് നിരീക്ഷിക്കുന്നു. ഒരു ഉപഭോക്തൃ പരാതി തീർപ്പാക്കുന്നതിന് ആക്റ്റ് ഒരു കാലയളവ് നിഷ്കർഷിക്കുന്നുണ്ടെങ്കിലും, മാർഗ്ഗങ്ങളും അടിസ്ഥാന സൗകര്യവും ഇല്ലാത്തതിനാൽ പരാതികൾ തീർപ്പാക്കാൻ സാധിക്കാത്തത് ഗൗരവതരമായി പ്രതിഫലിക്കുന്നു. ഈ പശ്ചാത്തലത്തിൽ, നീതിന്യായ വ്യവസ്ഥിതിയിൽ സംഭവിക്കാവുന്ന നിസ്സാരമായ കാലതാമസങ്ങൾക്ക് ഉത്തമ വിശ്വാസത്തോടെ വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളെ ശിക്ഷിക്കുന്നത് നിഷ്ഠൂരമാണ്. ഇത് ഉപഭോക്തൃ ഫോറം ഓർമ്മിക്കേണ്ടതും അപ്രകാരം നീതിനിർവ്വഹണം നിഷ്ഫലമാകാതെയും ആകണം.".

മേൽപ്രസ്താവിച്ച കാരണങ്ങളാൽ, ഈ റിട്ട് ഹർജി യാതൊരു യോഗ്യതയുമുള്ളതായി ഞാൻ കണ്ടെത്തുന്നില്ല, തത്ഫലമായി ഈ റിട്ട് ഹർജി തള്ളുന്നു.

*——————*







നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**www.keralalawsect.org**

നിയമധ്വനി

NIYAMADWANI

TITLE CODE KERMAL-15918

വാല്യം 5

RNI REG. No. KERMAL/2017/74542

[illegible] 2019

April 2019

DATE OF PUBLICATION

07-04-2019

ഇഷ്യൂ 1





Printed by M. G. Sheela, the Superintendent of Government Presses, Thiruvananthapuram
Published by B.G. Harindranath, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Editor: B, G. Harindranath